# അനുസരണം?

ജി. സി. ടീലാർ

235-4
EE

# അന്ധവിശ്വാസമോ?

DHARMARAM COLLEGE LIBRARY BANGALORE-29

ST. ANTONY'S MONASTERY, ALWAYE-KERALA.

ജി. സി ടീലാർ

ACHARYA PALACKAL JEEVASS KENDRAM LIBRARY

12268

Printed at the
St. Joseph's Press Mannanam, 1961.

M/2354
TEE

# അന്ധവിശ്വാസമോ?

ജി. സി. ടീലാർ

ഒന്നാം പതിപ്പ്

കോപ്പി 1000

1961 ഡിസംബർ.

# അന്ധവിശ്വാസമോ?

ST. ANT... MONASTERY ... KERALA

ഘോരമാരിയും കൊടുങ്കാററുംകൂടി ഒന്നിച്ചാണു വന്നതു്. ഉച്ചകഴിഞ്ഞു് നാലുമണിയായിരുന്നു സമയം. സ്കൂൾ വിട്ടിറങ്ങിയ കുട്ടികൾ മിക്കവരും നനഞ്ഞു ഭവനങ്ങളിലേക്കോടുകയായിരുന്നു. ഫാദർ ഫിലിപ്പിനു് ആ കുട്ടികളോടു വളരെ സഹതാപം തോന്നിയെങ്കിലും തൻെറ സ്ഥിതി അവരുടേതിൽനിന്നും മെച്ചമല്ലെന്നു അദ്ദേഹം ഗ്രഹിച്ചു. മഴയോടു മല്ലിട്ടുനില്ക്കുവാൻവേണ്ടി വിടുത്തിപ്പിടിച്ചിരുന്ന ശീലക്കുടയെ കൊടുങ്കാററു് മറിച്ചു നിറുത്തി അദ്ദേഹത്തിൻെറ നീണ്ട ഉടുപ്പിലേക്കു് വെള്ളം തേകിക്കൊണ്ടിരുന്നു.

"നമുക്കിവിടൊന്നു കേറിയിരിക്കാം; മഴ ശല്യപ്പെടുത്തുന്നല്ലോ." ഒരു രണ്ടുനിലമാളിക ചൂണ്ടിക്കാണിച്ചുകൊണ്ടു് ഫാദർ ഫിലിപ്പു് വർഗീസിനോടു പറഞ്ഞതാണു്. ഒരു ബാഗിൽ കുറേ സാമാനങ്ങളുമായി അയാൾ അദ്ദേഹത്തിൻെറ കൂട്ടത്തിലുണ്ടായിരുന്നു. ഒരാൾക്കു് അന്ത്യകൂദാശകൾ നൽകിയിട്ടു് തിരിച്ചുവരികയായിരുന്നു അവർ. അതു വളരെ ഉചിതമെന്നു വർഗീസിനും തോന്നി. ചന്ദ്രനും നക്ഷത്രങ്ങളുമായി തുറന്നുനിന്നിരുന്ന അയാളുടെ കുടയോടാണു് മഴയും കാററും കൂടുതൽ നിഷ്ക്കരുണമായി പ്രവർത്തിച്ചതു്. ഇരുവരുംകൂടി ആ വീട്ടിലേക്കു കയറി.

## ജോയിയുടെ സംസ്കാരം

അവിടെ പലേടത്തും വൈദ്യുത ദീപങ്ങൾ പ്രകാശിച്ചുനിന്നിരുന്നു. ഒരു ദിനപ്പത്രം വായിച്ചുകൊണ്ടു കിടക്കുകയായിരുന്നു ജോയി. അച്ചനെ കണ്ടയുടനെ പത്ര

ത്തോടുകൂടി ജോയി ചാരുകസേരയിൽ നിന്നും പിട ഞ്ഞെഴുന്നേററു് സ്തുതിചൊല്ലി. "അമ്മച്ചീ" എന്നൊന്നു വിളിക്കയും ചെയ്തു. ഒരു ചാരുകസേര ചൂണ്ടിക്കാണി ച്ചിട്ടും അച്ചൻ ഇരുന്നില്ല. "എല്ലാം നന്നായിരിക്കുന്നു" എന്നാണദ്ദേഹം ഒഴിവു പറഞ്ഞതു്. മകൻ വിളിച്ചതെ ന്തിനാണെന്നറിയുവാൻ അച്ചാമ്മ വാതിൽക്കലേക്കു വന്നു. മഴകൊണ്ടു കുതിർന്നിരിക്കുന്ന ഫാദർ ഫിലിപ്പിനെയാണു കതകു തുറന്നപ്പോഴേ കണ്ടതു്. കൈകൂപ്പി സ്തുതി പറ ഞ്ഞിട്ടു് അച്ചാമ്മ കുശലം അന്വേഷിക്കുവാൻ തുടങ്ങി.

മഴ ശമിച്ചുവെന്നുമാത്രമല്ല, സൂര്യൻ തന്റെ നീണ്ട രശ്മികൊണ്ടു് പച്ചക്കുട്ടമികളിൽ തങ്കച്ചായം പൂശുവാ നും തുടങ്ങിയിരുന്നു. സന്തോഷഭരിതനായി ഫാദർ ഫിലി പ്പു് പുറത്തേക്കൊന്നു നോക്കുവാൻ ഒരു ജനൽ തുറന്നു വച്ചു. പുറകുപുറകായി ഉന്തിക്കയറിവരുന്ന തിരമാലകൾ മണൽത്തിട്ടയിൽ തട്ടിച്ചിതറുന്നതും, കുപ്പിയും പാത്രവു മായി ചില ആളുകൾ കൂട്ടംകൂട്ടമായി ആ ബംഗ്ലാവി ന്റെ കവാടത്തിങ്കലേക്കു വരുന്നതുമാണു് അദ്ദേഹം കണ്ടതു്. അമ്മച്ചിയുടെ വിളി കേട്ടമാത്രയിൽ ആലീസു് നീണ്ട ഒരു ബുക്കുമായി പടിവാതിൽക്കൽ എത്തിക്കഴി ഞ്ഞു. അവളുടെ ജോലിയാണു് അമേരിക്കൻ പാൽ പ്പൊടി ആ സാധുക്കൾക്കു വിതരണം ചെയ്യുക. രജി സ്റ്ററിൽ അതാതുപേരിനടയാളംകൊടുത്തു് പാലായിട്ടു വേണം അതു കൊടുക്കുവാൻ. ആലീസ് തന്റെ കൃത്യ ത്തിൽ വ്യാപൃതയായിരുന്നു.

## ശശിയുടെ രോഗം

മദ്ധ്യവയസ്കയായ ഒരു സ്ത്രീ കരയുന്ന തന്റെ കുഞ്ഞിനേയും എടുത്തുകൊണ്ടാണു വന്നിരുന്നതു്. സുമതി മറെറാരു വാതിൽക്കൽ വന്നുനിന്നു് "കൊച്ചമ്മാ, കൊ ച്ചമ്മാ" എന്നു വിളിച്ചു. അച്ചാമ്മ ചെന്നപ്പോൾ അവൾ പറയുകയാണു്: "അച്ചനിവിടെ വന്നിട്ടൊണ്ടെന്നു

കേട്ടോണ്ടാ കിടാത്തി ഈ കൊച്ചിക്കായേ കൊണ്ടുവന്നതു്. ഈ ശരീക്ക ചള്ളിൻെറ സോക്കേടാ. അച്ചനെക്കൊണ്ടിവൻെറ തലയ്ക്കൊന്നു പിടിപ്പിക്കണം'' സാധുക്കളോടു വളരെ കരുണയും അനുകമ്പയും കാണിക്കുന്ന ആളാണു് അച്ചാമ്മ. അവനെ എടുത്തുകൊണ്ടു് അച്ചാമ്മ ഫാദർ ഫിലിപ്പിൻെറ അടുക്കലേക്കു ചെന്നു. അവൻെറ തലയിൽ കൈവച്ചു് അവനെ അദ്ദേഹം ആശീർവ്വദിക്കയും ചെയ്തു. ആ രംഗം നോക്കിക്കൊണ്ടുനിന്നിരുന്ന ജോയി അച്ചൻെറ അടുക്കലേക്കു നീങ്ങിനിന്നിട്ടു ചോദിക്കയാണു്: "അച്ചാ, ചള്ളിൻെറ സൂഖക്കേടു്, പിശാചിൻെറ ഉപദ്രവം എന്നൊക്കെ ആളുകൾ പറയാറുണ്ടു്. ഇതൊക്കെ അജ്ഞതകൊണ്ടുള്ള അന്ധവിശ്വാസമല്ലേ എന്നാണെൻെറ സംശയം. പിശാചു് എന്നൊരു സത്വംതന്നെ ഉള്ളതാണോ? അച്ചൻ എന്തു പറയുന്നു?"

ജോയി ഒരവിശ്വാസിയല്ല, ചിന്തകനാണു്. തൃപ്തികരമായ തെളിവുകൾകൂടാതെ യാതൊന്നും അയാൾ വിശ്വസിക്കാറില്ല. അടുത്തൊരു വീട്ടുണ്ടു്. പാൽ കറന്നുകൊണ്ടിരിക്കുന്ന സമയത്തു് പശുവൊന്നു തൊഴിച്ചാൽ മതി അപ്പോൾ ആ വീട്ടുകാർ അതു പിശാചിൻെറ ഉപദ്രവമാണെന്നു കരുതിക്കളയും. കുട്ടികൾക്കും ദൃഢത വന്നാലും രോഗങ്ങൾ പിടിപെടുന്നതുതന്നെ പിശാചിൻെറ കുസൃതികൾകൊണ്ടാണെന്നാണവരുടെ വിശ്വാസം. ഇങ്ങനെ ഏതനർത്ഥങ്ങൾക്കും അദൃശ്യനായ ദുഷ്ടാത്മാവിയാണു കാരണക്കാരനെന്നു വിചാരിക്കുന്ന ആളുകളുമായുള്ള സമ്പർക്കംകൊണ്ടാണു് ജോയിക്കു് പിചാശിൻെറ ആസ്തിക്യത്തിൽതന്നേയും അവിശ്വാസമുണ്ടായതു്.

സ്വന്തം കുററങ്ങൾ ഏററുപറയുവാൻ മനസ്സുള്ളവർ ചുരുക്കമാണല്ലൊ. സകല തിന്മകൾക്കും മററുള്ളവരുടെമേൽ പഴിചാരുവാനുള്ള ഒരു പ്രവണതയാണു് സാധാരണജനങ്ങൾക്കുള്ളതു്. പഴിചാരത്തക്കതായ ഒരു വ്യക്തിയെ കണ്ടുകിട്ടിയില്ലെങ്കിൽ അതു ചാത്തൻെറമേൽ അവർ ആരോപിക്കും. ശാസ്ത്രീയമായ ജ്ഞാനമില്ലാത്തതു

കൊണ്ടും ചിലർ നിരപരാധിയായ ചാത്തനെ പ്രതിക്കൂട്ടിൽ കയററാറുണ്ട്. ഒരു വിജനസ്ഥലത്തു് ഒരാൾ തനിച്ചു താമസിക്കയായിരുന്നു. വേനൽക്കാലത്തു് മരം കൊണ്ടുള്ള ഉരുപ്പടികൾ വിരിയാറുണ്ടല്ലൊ. ഗൃഹത്തിന്റെ മേൽക്കൂടിലും മററും അപ്പോൾ ചില സ്വരങ്ങളുമുണ്ടാകും. ആ തത്വം ആ വീട്ടിൽ താമസിച്ചിരുന്ന മനുഷ്യനു് അറിഞ്ഞുകൂടായിരുന്നു. പിശാചുക്കൾ കയറി ഇരുന്നിങ്ങനെ സ്വരമുണ്ടാക്കുന്നുവെന്നാണു് ആ മാന്യൻ വിചാരിച്ചതു്. എങ്കിലും അയാൾ ധീരനായിരുന്നു. രാത്രിയിൽ ഒരു വെട്ടുകത്തി കട്ടിലിനുകീഴെ വച്ചുകൊണ്ടായിരുന്നു അയാളുടെ കിടപ്പു്. ഇങ്ങനെ ഊണിലും ഉറക്കത്തിലും പിശാചിനെ സ്വപ്നംകണ്ടുകഴിയുന്ന കൂട്ടർ ഉണ്ടെന്നു സമ്മതിച്ചേതീരു. എന്നാലും പിശാചെന്നൊരു സത്വമേ ഇല്ലെന്നു പറയാമോ?

ഉടുപ്പു് അല്പം ഉണങ്ങിക്കിട്ടി. പുഞ്ചിരിപൊഴിച്ചുകൊണ്ടു് ഫാദർ ഫിലിപ്പു്. ഒരു കസേരയിലിരുന്നു. അച്ചൻ അവിടെ അല്പം താമസിക്കുവാൻ സമ്മതം കാണിക്കുന്നുവെന്നു കണ്ടപ്പോൾ ജോയിക്കു സന്തോഷമായി. സെലിനും ത്രേസ്യാമ്മയും അകത്തേക്കുവന്നു. പാൽവിളമ്പു് വളരെവേഗം നടത്തി ആലീസ്. അതിനുശേഷം അവളുംവന്നു കൂട്ടത്തിലിരുന്നു. ഒരു കഥ കേൾക്കുവാൻ പോകുന്ന ഉത്സാഹമാണു് എല്ലാവർക്കും. അച്ചൻ പറഞ്ഞു: "പിശാചെന്നൊരു സത്വം ഉണ്ടോ എന്നാണല്ലൊ ജോയിയുടെ ഒരു സംശയം. ആദ്യം അതേപ്പററിയാകട്ടെ. പിശാചിനെ ഞാൻ കണ്ടിട്ടില്ല. കണ്ടിട്ടുണ്ടെന്നു ഭാവിക്കുന്നവരോടു ചില ചോദ്യങ്ങൾ ചോദിച്ചാൽ അവർ കറങ്ങിപ്പോകയും ചെയ്യും.

"എന്നാലും കണ്ടിട്ടില്ലാത്തതൊന്നും താൻ വിശ്വസിക്കയില്ലെന്നൊരാൾക്കു പറയാമോ? നമ്മളാരുംതന്നെ വിദ്യുച്ഛക്തി കണ്ടിട്ടില്ല. എങ്കിലും അത്തരമൊരു സാധനമേ ഇല്ലെന്നു പറയുവാൻമാത്രം പരിഷ്കാരമുള്ളവർ നമ്മുടെ കൂട്ടത്തിൽ കാണുകയില്ലല്ലോ. വിദ്യുച്ഛ

ക്തിയുടെ ആസ്തിക്യം നാം മനസ്സിലാക്കുന്നത് അതിൻെറ പ്രവത്തനങ്ങളിൽക്കൂടിയാണ്. സ്വിച്ചിട്ടുമ്പോൾ പങ്ക കറങ്ങുന്നു, ബൾബ് തെളിയുന്നു, സ്റ്റൗവ് ചൂടുപിടിക്കുന്നു, യന്ത്രങ്ങൾ നടക്കുന്നു. "ഓഹോ! കറൻറുണ്ട്" എന്നാണു നാം അപ്പോൾ പറയുന്നത്. ഇതുപോലെതന്നെ സാത്താൻെറ ആസ്തിക്യവും നമുക്കു തെളിയിക്കാം. അത്ഭുതങ്ങൾ ദൈവാസ്തിക്യത്തിനു് ഒരു തെളിവായി നാം സ്വീകരിക്കാറുണ്ടല്ലോ. അതുപോലെ ചില അസാധാരണസംഭവങ്ങൾ പിശാചിൻെറ ആസ്തിക്യത്തിനു തെളിവുകളായി നമുക്കു സ്വീകരിക്കാം."

ചാത്തനേറ്

അസാധാരണ സംഭവങ്ങൾ ലോകത്തിൽ ഉണ്ടാകുന്നുണ്ടെന്നു ജോയി സമ്മതിച്ചു. പക്ഷെ അവയിൽ ഏതാണു പിശാചിൻെറ പ്രവത്തനങ്ങൾ എന്നു തിരിച്ചറിയുന്നതെങ്ങനെ? "ഒരിക്കൽ ഒരു വീടിനു് രാത്രിയിൽ ചില ശല്യങ്ങൾ ഉണ്ടാകുവാൻ തുടങ്ങി. എല്ലാവരും ഉറക്കംപിടിക്കുമ്പോൾ മേൽക്കൂടിൻെറ മുകളിലേക്കു ആരോ കല്ലു വലിച്ചെറിയുന്നു എന്നാണവക്കു തോന്നിയതു്. അവർ ഒരു മന്ത്രവാദിയോടു കായ്യം പറഞ്ഞു. താൻ ഒരു രാത്രി ആ വീടിനു കാവലിരിക്കാമെന്നും അന്നത്തേക്കു് ആ ഭവനത്തിൽ നിന്നും എല്ലാവരും മാറണമെന്നുമാണ് അയാൾ നിർദ്ദേശിച്ചതു്. മന്ത്രവാദി പറഞ്ഞതുപോലെ എന്തും ചെയ്യുവാൻ വീട്ടുകാർ സന്നദ്ധരായിരുന്നു. അവർ വീട്ടിൽ നിന്നും മാറി. ആ രാത്രി മന്ത്രവാദി ഒരു തോക്കുമായി ആ വീടിൻെറ മുകളിലേക്കു ചാഞ്ഞുനിന്നിരുന്ന, ഒരു ചൂണ്ടപ്പനയുടെ ചുവട്ടിൽ സ്ഥലംപിടിച്ചു. വീട്ടിൽ അനക്കമൊന്നുമില്ലാഞ്ഞതിനാൽ അവിടത്തെ ചാത്താൻ നേരത്തേതന്നെ ചൂണ്ടപ്പനയുടെ മുകളിൽ സ്ഥലംപിടിച്ചു. പഴുത്തുപാകമായി നിന്നിരുന്ന ഒരു കുല പനങ്കായുടെ മുകളിലായിരുന്നു

PALACKAL ... KENDRA LIBRARY 12268



ആ ചാത്താൻെറ ജോലി. മന്ത്രവാദി ലൈററടിച്ചു ഒററവെടി. ഒരു മുഴുത്ത മരപ്പട്ടി ചത്തു താഴേക്കുവീണു. അതിനേയും എടുത്തുകൊണ്ടു് മന്ത്രവാദി സ്ഥലംവിടുകയും ചെയ്തു. ചാത്താൻെറ ഉപദ്രവം അങ്ങനെ അവസാനിക്കയാണുണ്ടായതു്. മന്ത്രവാദിക്കു നൂറു രൂപായും കിട്ടി. ആ പാവപ്പെട്ട വീട്ടുകാരുടെ അജ്ഞതയെ ചൂഷണം ചെയ്യുവാൻ മന്ത്രവാദിയുടെ തന്ത്രങ്ങൾക്കു കഴിഞ്ഞു എന്നതു് ഒരു വാസ്തവമാണു്. പിശാചുക്കൾമൂലം ഒരു കൂട്ടം ആളുകൾക്കു് ആദായകരമായ ഒരു തൊഴിൽ ഉണ്ടാകുന്നു എന്നതിൽ കവിഞ്ഞു് മറെറന്തെങ്കിലും ഉണ്ടോ എന്നാണെൻെറ സംശയം."

## ചാത്തൻെറ ഉപദ്രവങ്ങൾ

രസകരമായിരുന്നു ആ കഥ. ഇത്തരം സംഭവങ്ങൾ നാട്ടിൽ ധാരാളം നടക്കുന്നുണ്ടു്. എങ്കിലും അച്ചൻ ചോദിച്ചു: "കള്ളനാണയങ്ങൾ ധാരാളം പ്രചാരത്തിലുണ്ടെന്നു വച്ചു് നല്ല നാണയങ്ങളൊന്നുമില്ലെന്നു പറയാമോ? എൻെറ ഒരനുഭവംതന്നെ ഞാൻ പറയാം. ഒരു വീട്ടിൽ ചാത്തൻെറ ഉപദ്രവമുണ്ടെന്നു ഞാൻ കേട്ടു. ജോയിയെപ്പോലെ ഇതിലൊക്കെയും അല്പ വിശ്വാസിയായിരുന്നു ഞാൻ. മറെറാരു വൈദികസ്നേഹിതനുംകൂടി എന്നെ അനുഗമിച്ചിരുന്നു. ഉച്ചകഴിഞ്ഞു നാലുമണിയായിക്കാണും ഞങ്ങൾ ആ വീടിൻെറ മുററത്തെത്തിയപ്പോൾ. അവിടെ ഒരനക്കവുമുണ്ടായിരുന്നില്ല. കാൽമണിക്കൂർ താമസിച്ചാൽ മതി പരിപാടി ആരംഭിക്കാൻ എന്നു കുടുംബനാഥൻ ഞങ്ങളെ അറിയിച്ചു.

"ഏകദേശം കാൽമണിക്കൂർ കഴിഞ്ഞപ്പോൾ ഞങ്ങൾ കണ്ടു ഒരു കാഴ്ച. വേനൽക്കാലത്തു റബർത്തോട്ടത്തിൽ മാത്രമേ അതുപോലെ തുടരെത്തുടരെയുള്ള ശബ്ദം ഞാൻ കേട്ടിട്ടുള്ളു. റബർക്കാ പൊട്ടുന്നതുപോലെ അവിടെ ഒരു ബഹളം തുടങ്ങി. ആദ്യം മാവിൽ നിന്നും

ഒരുണക്കക്കൊമ്പു നിലംപതിച്ചു. അതിനുപുറകേ ഓല ക്കുടയിൽ തിരുകിവച്ചിരുന്ന ഒരു തവി തിണ്ണയിലേക്കു ചാടി. അതിനു പുറകേ ഒരു കടകോൽ. അതിനു പുറകേ ഒരു ചൂരൽവടി. പുറകേ ഒരു തകരവിളക്ക്. പിന്നെ കുറേ മണൽ. പിന്നെ ഒരു തീക്കൊള്ളി. അങ്ങ നെ പലതും.

"ആ വീട്ടിൽത്തന്നെയുള്ള ഒരംഗം ഏതോ രോഗം മൂലം ഇങ്ങനെ ചെയ്യുന്നതാണെന്ന് ശാസ്ത്രത്തിൻെറ മറപിടിച്ചുകൊണ്ടു ചിലർ പറയാറുള്ളതു ഞാൻ അപ്പോൾ ഓർമ്മിച്ചു. ആ വീട്ടിലുള്ള എല്ലാ അംഗങ്ങളും മുററത്തേ ക്കിറങ്ങിനില്ക്കാൻ ഞാൻ നിർദ്ദേശംകൊടുത്തു. അവരെ ല്ലാം മുററത്തുവന്നു നില്പുമുണ്ടായി. എന്നാൽ അപ്പോഴും അകത്തെ പരിപാടിക്ക് ഒരു വിഘ്നവും വന്നില്ല. ആ ബഹളം ഒന്നുകൂടി ശക്തിപ്പെടുകയേ ചെയ്തുള്ളു. ഇതിൽനിന്നും ഞാനൊരനുമാനത്തിലെത്തി: അദൃശ്യ മായ ഒരു ശക്തി അവിടെ പ്രവർത്തിക്കുന്നുണ്ടെന്നും, അ തിനു ചാത്തനെന്ന പേരു നൽകുന്നതിൽ തെററി ല്ലെന്നും."

## വേദപുസ്തകവും പിശാചും

ഫാദർ ഫിലിപ്പിൻെറ അനുമാനത്തെ എതിർക്കു വാൻ ജോയി ധൈര്യപ്പെട്ടില്ല. എന്നാലും പിശാചുക്കൾ എന്നൊരു ഗണം ഉണ്ടെന്നെങ്ങനെ സമ്മതിക്കും? അ യാൾ ചോദിച്ചു: "പഴയനിയമത്തിൽ സൃഷ്ടിയുടെ ഗ്രന്ഥം ഞാൻ വായിച്ചിട്ടുണ്ട്. അവിടെ ഒരിടത്തു ദൈവം പിശാചുക്കളെ സൃഷ്ടിച്ചതായി പറയുന്നില്ലം പിന്നെ അവർ എങ്ങനെ ഉണ്ടായി?"

പഴയനിയമം തുറന്നുനോക്കിയാൽ ആദ്യമായി കാണുന്നതു് "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." എന്ന വാക്യമാണ്. തുടർന്നു വായിച്ചാലും വാനാരൂപികളുടെ സൃഷ്ടിയെപ്പററി അതിലൊന്നും കാണു

ന്നില്ല. ജോയിക്കു മറുപടി കൊടുക്കേണ്ടതെങ്ങനെ എന്നദ്ദേഹം ചിന്തിച്ചു. എവിടെയോ പിടികിട്ടിയെന്ന മട്ടിൽ അദ്ദേഹം പുഞ്ചിരിപൊഴിച്ചിട്ടു തുടങ്ങി: സൃഷ്ടിയുടെ പുസ്തകം 3-ാം അദ്ധ്യായത്തിൽതന്നെ നാം പിശാചിനെ കാണുന്നുണ്ട്. സർപ്പത്തിൻെറ വേഷത്തിൽ സാത്താൻ പറുദീസായിൽ പ്രവേശിച്ചു എന്നും ആദത്തേയും ഹവ്വായേയും തെററിൽ അവൻ അകപ്പെടുത്തി എന്നും നാം വായിക്കുന്നു. മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ പിശാചുക്കളുണ്ടായിരുന്നു എന്നതിനു് അതൊരു തെളിവാണല്ലൊ. ദൈവം മാലാഖാമാരെ സൃഷ്ടിച്ചുവെന്നും അവരിൽ തെററിപ്പോയ ഒരു ഗണമാണ് പിശാചുക്കളായിത്തീൎന്നതെന്നുമാണ് ക്രിസ്തീയ വിശ്വാസം. നാലാമത്തെ ലാതറൻ സൂനഹദോസ് ഇപ്രകാരം പ്രഖ്യാപനം ചെയ്തിരിക്കുന്നു: "സാത്താനേയും നരകപിശാചുക്കളേയും പ്രകൃത്യാതന്നെ നല്ലവരായിട്ടാണു ദൈവം സൃഷ്ടിച്ചതു്. എന്നാൽ അവരുടെ സ്വന്തകുററത്താൽ അവർ ചീത്തയായി, പിശാചുക്കളുമായി."

"മാലാഖാമാരുടെ സൃഷ്ടിയെക്കുറിച്ചോ ലൂസിഫറിൻേറയും കൂട്ടരുടേയും അധഃപതനത്തെക്കുറിച്ചോ ഉള്ള രേഖകളൊന്നും നാം കാണുന്നില്ലെങ്കിലും അതേക്കുറിച്ചുള്ള പാരമ്പൎയ്യവിശ്വാസം ഇസ്രായേൽ ജനത്തിനിടയിൽ ദൃഢമായുണ്ടായിരുന്നു. സാത്താൻെറ വീഴ്ചയെപ്പററി നാം കാണുന്ന രേഖ വി. യോഹന്നാൻെറ വെളിപാട് 20-ാം അദ്ധ്യായത്തിലാണ്. അതിൽ ഇങ്ങനെ കാണുന്നു: "അനന്തരം പാതാളത്തിൻെറ താക്കോലും ഒരു വലിയ ചങ്ങലയും കൈയിലുള്ള ഒരു മാലാഖാ സ്വൎഗ്ഗത്തിൽ നിന്നിറങ്ങുന്നതു ഞാൻ കണ്ടു. ഭൂലോകത്തെ മുഴുവൻ വഴിതെററിച്ച ഏഷണിക്കാരനും സാത്താനുമായിരുന്ന ആദ്യത്തെ പാമ്പായ സർപ്പത്തെ പിടിച്ചു് അവൻ ആയിരം സംവത്സരത്തേക്കു ബന്ധിച്ചു." വി. പത്രോസ് തൻെറ രണ്ടാം ലേഖനം 2-ാം അദ്ധ്യായത്തിൽ ഇതേ ആശയം പ്രകടിപ്പിച്ചിട്ടുണ്ട്: "പാപംചെയ്ത മാലാഖാമാ

രോട്ട് ദൈവം ദയചെയ്തില്ല. മറിച്ച് അവരെ അന്ധകാരശൃംഖലകൾകൊണ്ട് ബന്ധിക്കപ്പെട്ടവരായി പാതാളങ്ങളിൽ തള്ളിയിട്ടുകയും ശിക്ഷാവിധിക്കായി സൂക്ഷിക്കപ്പെട്ടവാൻ അവരെ ഏല്പിച്ചുകൊടുക്കുകയും ചെയ്തു." യൂദാസ് തദേവൂസ് ശ്ലീഹാ ഒരൊററ ലേഖനമേ എഴുതിയിട്ടുള്ളു. അതിനൊരദ്ധ്യായവുമുണ്ട്. അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നു: "തങ്ങളുടെ ആധിപത്യം കാത്തുകൊള്ളാതെ, തങ്ങളുടെ വാസസ്ഥലം ഉപേക്ഷിച്ച ദൂതന്മാരെ വലിയ ദിവസത്തിലെ ശിക്ഷാവിധിക്കായി എന്നേക്കുമുള്ള ബന്ധനങ്ങളിൽ അന്ധകാരത്തിൽ സൂക്ഷിച്ചു." ഇതിൽനിന്നെല്ലാം തെളിയുന്നതു് ദൈവം വാനരൂപികളെ സൃഷ്ടിച്ചുവെന്നും അവരിൽ ഒരു കൂട്ടർ പാപംമൂലം ശിക്ഷിക്കപ്പെട്ടതിനാൽ അവർ പിശാചുക്കളായി എന്നും അല്ലേ?"

വേദപുസ്തകവാക്യങ്ങളെ എങ്ങനെ അവിശ്വസിക്കും? എന്നാലും ജോയിക്ക് ഒരു ചോദ്യം ചോദിക്കണമെന്നു തോന്നി. "വേദപുസ്തകത്തിൽ സൃഷ്ടിയെപ്പററി പ്രതിപാദിക്കുന്നുണ്ടെങ്കിലും മാലാഖാമാരുടെ കാര്യമൊന്നും പറഞ്ഞു കാണാത്തതെന്തുകൊണ്ട്?" ഇത്തരം അനേകം ചോദ്യങ്ങൾ കേട്ടിട്ടുള്ള ആളാണു് ഫാദർ ഫിലിപ്പ്. ഒരിക്കൽ ഒരു കുട്ടി അദ്ദേഹത്തോടു ചോദിച്ചു. "അച്ചാ, മനുഷ്യക്ക് ദൈവം ചിറകു സൃഷ്ടിക്കാഞ്ഞതെന്തുകൊണ്ട്? മാലാഖാമാരെപ്പോലെ ചിറകുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു?" അതിനെന്തു മറുപടി പറയും? "ദൈവത്തിനു് അങ്ങനെ വേണമെന്നു തോന്നിയില്ല" എന്നായിരുന്നു അദ്ദേഹം പറഞ്ഞതു്. ജോയിയുടെ ചോദ്യത്തിന് അത്തരം ഒരു മറുപടിയല്ലെ കൊടുക്കേണ്ടതെന്നു അദ്ദേഹം വിചാരിക്കാതിരുന്നില്ല. എങ്കിലും അദ്ദേഹം പുറത്തുപറഞ്ഞതിങ്ങനെയാണു്: "മോശ ദൃശ്യവസ്തുക്കളുടെ സൃഷ്ടിയെപ്പററിയേ എഴുതിയിട്ടുള്ളു. അദൃശ്യലോകത്തിൻെറ ആരംഭത്തെപ്പററി അദ്ദേഹം ഒന്നും പറയുന്നില്ല. അതു് ആവശ്യമാണെന്നു് അന്നദ്ദേഹത്തിനു

തോന്നിയില്ലായിരിക്കും. എന്നാലും വേദപുസ്തകത്തിൽ കാണാത്തതൊന്നും വിശ്വസിക്കയില്ലെന്ന പ്രോട്ടസ്റ്റൻറു കാർ പറയുന്നതുപോലെ ബുദ്ധിയുള്ളവരാരും വാദിക്കുക യില്ലല്ലോ."

അച്ചാമ്മയ്ക്കു ദേഷ്യംവന്നു, മകൻെറ ഈവക ചോദ്യങ്ങൾ കേട്ടപ്പോൾ. പിശാചുണ്ടോയെന്നു സംശയിക്കുന്നതു് ഒരു വിഡ്ഢിത്തമായി അവൾക്കു തോന്നി. അവിടെനിന്നും നാലഞ്ചുമൈൽ ദൂരെയുള്ള ഒരു വീട്ട് അച്ചാമ്മയ്ക്കറിയാം. അവിടെ വിവാഹിതയായ ഒരു യുവതിയുണ്ട്. അവളുടെ പേരു റോസമ്മ. ആഴ്ചതോറും കുമ്പസാരിക്കയും ദിവസവും കുർബാന കൈക്കൊള്ളുകയും ചെയ്യുന്ന ഒരു പെൺകുട്ടിയായിരുന്നു അവൾ. വിവാഹം കഴിഞ്ഞതോടുകൂടി അവളുടെ ഭക്താഭ്യാസങ്ങൾക്കു മുടക്കംവന്നു. ആണ്ടുകുമ്പസാരംപോലും കഴിക്കുവാൻ മടിയുള്ളകൂട്ടത്തിലായിരുന്നു വരൻ. അവരാച്ചൻെറ പ്രകൃതം റോസമ്മയ്ക്കു ദുസ്സഹമായ വേദന ഉളവാക്കി.

## റോസമ്മയുടെ ചരിത്രം

ഇനി മറെറാരു ചരിത്രം. അതാണു് അച്ചാമ്മ പറഞ്ഞതു്. "ആ റോസമ്മപ്പെണ്ണു് എത്ര നല്ല കുഞ്ഞായിരുന്നു ചെറുപ്പത്തിൽ. എന്നാലിപ്പഴ് എല്ലാ വെള്ളിയാഴ്ചയും ആട്ടവും കൂത്തുംതന്നെ. തുള്ളൽ തുടങ്ങിയാൽ പിന്നെ നാലഞ്ചുപേർ പിടിച്ചെങ്കിലേ അമരൂ. സുറിയാനിയും തമിഴും ഇംഗ്ലീഷും അപ്പോൾ നന്നായിട്ടു പറയും. കുറെ ഇംഗ്ലീഷ് അവൾ പഠിച്ചിട്ടുണ്ട്. എന്നാലും ഒരു പ്രൊഫസർ പ്രസംഗിക്കുന്നതുപോലെ അവൾ ഇംഗ്ലീഷ് പറയുന്നതൊരത്ഭുതമല്ലേ? തമിഴും സുറിയാനിയും അവൾ പഠിച്ചിട്ടേയില്ല. എങ്കിലും അതുരണ്ടും അവൾക്കു വശമാണ് വെള്ളിയാഴ്ച. ആ ദിവസം കഴിഞ്ഞാൽ എല്ലാം ശാന്തമായി. അവൾ പഴയ റോസമ്മതന്നെ. ഓരോ

വെള്ളിയാഴ്ചയും മൂന്നു പിശാചുക്കൾ അവൾക്കു കൂട്ടുണ്ടെന്നാണു മനുഷ്യരു പറയുന്നതു്. ഇംഗ്ലീഷ് പിശാചു്, തമിഴ് പിശാചു്, സുറിയാനിപ്പിശാചു്. ഇങ്ങനെ ബാധയും കൂട്ടവുമൊക്കെ ഉള്ളപ്പോൾ പിശാചില്ലെന്നു പറയുവാൻ ബുദ്ധിയുള്ളവർക്കു കഴിയുമോ?"

## മേരിയും ജിമ്മിയും

താൻ പഠിച്ചിട്ടില്ലാത്ത ഒരു ഭാഷയിൽ ഒരാൾ സംസാരിക്കുന്നതോ പ്രസംഗിക്കുന്നതോ കേട്ടാൽ അതു പിശാചുബാധയുടെ അവിതർക്കിതമായ ഒരടയാളമായി ഒരുകാലത്തു പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ ഈ ഇരുപതാം നൂററാണ്ടിൽത്തന്നെ നടന്ന ഒരു സംഭവം ആ അഭിപ്രായത്തെ ദുർബലപ്പെടുത്തിയിട്ടുണ്ടു്. ഫാദർ ഫിലിപ്പു് അല്പം ചിന്താമഗ്നനായി ഇരുന്നിട്ടു് പറഞ്ഞുതുടങ്ങി: "അടുത്തകാലത്തു് പാരീസിലെ ഒരാശുപത്രിയിൽ നടന്ന ഒരു സംഭവത്തെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. പാരീസിലെ ഒരു ഇരുമ്പുപണിക്കാരനായിരുന്ന ജിം ഭാര്യയോടുകൂടി ജീവിച്ചിരുന്നു. സമ്പാദ്യം കുറവായിരുന്നതിനാൽ നിത്യവൃത്തിക്കുവേണ്ടി മേരിയും കൂലിപ്പണിക്കു പൊയ്ക്കൊണ്ടാണിരുന്നതു്. അവർക്കു സന്താനങ്ങളൊന്നുമുണ്ടായിരുന്നില്ല. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ജിം സൈന്യസേവനം ചെയ്യുകയും കൊല്ലപ്പെടുകയും ചെയ്തു. മേരിയെ പിന്നെ പൊതുരംഗത്തു് ഒരിക്കലും കണ്ടിട്ടില്ല. അങ്ങനെ ജിമ്മിൻേറയും മേരിയുടേയും ചരിത്രം അവസാനിച്ചതുപോലെതോന്നി.

ഫ്രാൻസിലെ 13–ാം ലൂയിസ് രാജാവു് ലാ സാൾപെടിർ (La Salpetriere) എന്ന പേരിൽ ഒരാശുപത്രി റിച്ചിലിയുവിൻെറ കാലത്തു പണികഴിപ്പിക്കയുണ്ടായി. അതു പിൽക്കാലത്തു് അനാഥരായ വൃദ്ധകളുടെ ഒരു സങ്കേതമായിത്തീർന്നു. പാരീസിലെ വിൻസെൻറു് ഡി പോൾ സംഘക്കാർ മിക്കപ്പോഴും സാൾപെടിറിലേക്കു

കൊണ്ടുവരാറുണ്ട് അനാഥരായി അലഞ്ഞുനടക്കുന്ന സ്ത്രീകളെ. അവരുടെ ചരിത്രത്തെപ്പററി ആരും അന്വേഷിക്കാറുമില്ല.

"പനിപിടിച്ച് മേരി ഒരു ദിവസം വഴിയരുകിൽ കിടന്നുപോയി. സംഘക്കാർ അവളെ എടുത്തുകൊണ്ടുപോയി ആശുപത്രിയിലാക്കുകയും ചെയ്തു. രണ്ടുമൂന്നു ദിവസങ്ങൾ അങ്ങനെ കടന്നുപോയി. മേരിയുടെ പനിക്ക് കുറവൊന്നുമുണ്ടായില്ല. ആരും അത്ര പരിഗണിച്ചുമില്ല. ഒരു ദിവസം വെളുപ്പിനു് ഡോക്ടർ അലക്സിസ് ഉണന്നു. മേരിയുടെ മുറിയിൽ നിന്നും ഒരു ഗാനമാണ് അദ്ദേഹം കേട്ടതു്. ഗ്രീക്കു ഭാഷാപണ്ഡിതൻകൂടിയായിരുന്ന അലക്സിസിനെ അതു പുളകം കൊള്ളിച്ചു. ഹോമറിൻെറ "ഇലിയഡി"ൽ നിന്നുമുള്ള കവിതകൾ! അക്ഷരസ്ഫുടതയോടും സ്വരമാധുരിയോടുംകൂടി വരുന്നു ഹെല്ലനും, ട്രോയിയും, ട്രോജൻ കുതിരയും! നിരക്ഷരകുക്ഷി എന്നു വിചാരിച്ചിരുന്ന മേരി ഒരു ഗ്രീക്കു പണ്ഡിതയോ?

"അദ്ദേഹം ആ രോഗിണിയുടെ അടുക്കലെത്തി. അപ്പോഴും 104 ഡിഗ്രി പനി അവൾക്ക്. വിളിച്ചിട്ട് ബോധമുള്ളമട്ടേ ഇല്ല. അദ്ദേഹം കൂടുതൽ അത്ഭുതപ്പെട്ടു. അവിടെ അപ്പോഴുണ്ടായിരുന്ന മററു ഡോക്ടറന്മാരേയും അദ്ദേഹം വിളിച്ചുകൂട്ടി. മേരിയായിരുന്നു അവരുടെ അന്നത്തെ ഏററം വലിയ പ്രശ്നം. പോലീസിൻെറ സഹായത്തോടുകൂടി മേരിയുടെ ഭൂതകാലചരിത്രം ചികഞ്ഞെടുക്കണമെന്നുള്ള നിഗമനത്തിലാണവരെത്തിയതു്.

"ഇതാണ് മേരിയുടെ ഭൂതകാലചരിത്രം ഒരു ദരിദ്രകുടുംബത്തിൽ അവൾ ജനിച്ചു. ഒരു സ്ക്കൂളിലും അവൾക്കു പഠിക്കുവാൻ കഴിഞ്ഞില്ല. രണ്ടുകൊല്ലം ഇടവകയിലെ ഒരു വേദപാഠക്കളരിയിൽ മാത്രം പഠിച്ചിട്ടുണ്ട്. ഇരുപത്തൊന്നാമത്തെ വയസ്സിൽ ഒരു ഇരുമ്പുപണിക്കാരനെ അവൾ വിവാഹം ചെയ്തു. സന്താനങ്ങളൊന്നുമുണ്ടായില്ല. ജിം മഹായുദ്ധത്തിൽ മൃതിയടഞ്ഞു.

ഇരുപതുകൊല്ലംമുമ്പ് ഒരു ഹോസ്റ്റലിൻെറ തൂപ്പുജോലി അവൾക്കു കിട്ടി. എന്നും വൈകുന്നേരം അവിടെ അവൾ തൂപ്പുജോലി നിർവ്വഹിച്ചുകൊണ്ടിരുന്നു.

"ആ ഹോസ്റ്റലിൻെറ മുകളിലത്തെ ഒരു മുറിയിൽ ഒരു ഗ്രീക്കു പ്രൊഫസ്സറും താമസിക്കുന്നുണ്ടായിരുന്നു. അദ്ദേഹം എല്ലാ ദിവസവും പതിവായി ഹോമറിൻെറ കാവ്യം വളരെ ഉച്ചത്തിൽ വായിക്കാറുമുണ്ടായിരുന്നു. എന്നാൽ അതു വായിച്ചിരുന്ന സമയത്തിലാണ് ഗവേഷകന്മാർ പ്രത്യേകത കണ്ടതു്. മേരി മുട്ടുമടക്കി ആ മുറികളും വരാന്തകളും അടിച്ചുതുത്തുകൊണ്ടിരിക്കുന്ന സമയത്തായിരുന്നു അദ്ദേഹത്തിൻെറ പാരായണം. മേരിയുടെ തുറന്നിരുന്ന ചെവികൾക്കുള്ളിൽ ആ കാവ്യഭാഗങ്ങൾ പ്രവേശിച്ചിരുന്നുവെന്നതു തീർച്ചയാണ്. അതിലെ ഒരക്ഷരംപോലും അവൾക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല എന്നതും തീർച്ചയാണ്. എങ്കിലും ഇരുപതുകൊല്ലംകഴിഞ്ഞു് അതിലെ ഒരക്ഷരത്തിനും വീഴ്ചകൂടാതെ അവൾക്കു ആ കാവ്യം ആവർത്തിക്കുവാൻ കഴിഞ്ഞു. ഇതൊരത്ഭുതമല്ലേ? പനിയുടെ ആധിക്യംകൊണ്ടു് മേരിയുടെ സുബോധം മങ്ങുകയും അവളുടെ ഉപബോധമനസ്സ് തെളിയുകയും ചെയ്തു എന്നാണു ആധുനിക ശാസ്ത്രത്തിൻെറ വ്യാഖ്യാനം."

അല്പം ഫ്റഞ്ച് പഠിച്ചിട്ടുള്ളയാളാണെങ്കിലും ഉപബോധമനസ്സ് എന്നു പറയുന്നതെന്താണെന്നു സെലിനു മനസ്സിലായില്ല. എന്നാൽ ഒരു ചോദ്യം വരുന്നതിനുമുമ്പേ ഫാദർ ഫിലിപ്പ് പറഞ്ഞു: "നിങ്ങളുടെ മുഖഭാവം കണ്ടിട്ട് ആധുനിക ശാസ്ത്രത്തിൻെറ വ്യാഖ്യാനം എങ്ങനെയെന്നു ഗ്രഹിക്കാത്തതുപോലെ തോന്നുന്നു. ഇംഗ്ലീഷിൽ Subconscious എന്നു പറയുന്നതാണ് ഉപബോധമനസ്സ്. ഒരു ഗ്രാമഫോൺപ്ലേററ്പോലാണ് അതിൻെറ പ്രവൃത്തനം. ആ പ്ലേററിൽ എന്തെല്ലാം പതിയുന്നുവെന്ന് ആ പ്ലേററിനറിഞ്ഞുകൂടല്ലോ. എന്നാലും ഗ്രാമഫോൺപെട്ടിയിൽ നിന്നു് അതൊരു

സൂചികക്കീഴെ കറങ്ങുമ്പോൾ അതിൽനിന്നു പാട്ടുകളും പ്രസംഗങ്ങളും നാം കേൾക്കുന്നു. അതിൽനിന്നും പാട്ടും പ്രസംഗവും കേൾക്കുന്നുണ്ടെന്നുള്ള വിവരവും ആ പ്ലേററ് ഗ്രഹിക്കുന്നില്ല. നമ്മുടെ മനസ്സിലും ഇങ്ങനെ ഒരു പ്ലേററുണ്ട്; അതാണു് ഉപബോധമനസ്സ്. അതിൽ നമ്മുടെ അറിവുകൂടാതെ പലതും പതിയും. ചില ഘട്ടങ്ങളിൽ അതു പുറത്തുവരികയും ചെയ്യും. കടുത്ത പനിയായിരുന്നു മേരിക്കു് ആ ഘട്ടം."

കേട്ടിരുന്നവരിലെല്ലാം വലിയ വിസ്മയം ഉളവാക്കി, മേരിയുടെ ചരിത്രം. ഏററം അസ്വസ്ഥയായതു് അച്ചാമ്മയായിരുന്നു. അച്ചൻെറ വാദഗതിക്കൊരു താങ്ങുകൊടുക്കുവാനാണു് റോസമ്മയുടെ കഥ ആ ശ്രീമതി അവതരിപ്പിച്ചതു്. എന്നാൽ അച്ചൻ കൊണ്ടുവന്ന ചരിത്രം അതു തകർത്തുകളയുന്നതുപോലെ തോന്നി. ജോയി ആന്തരികമായി വളരെ സന്തോഷിച്ചു. പിശാചുണ്ടെങ്കിൽത്തന്നേയും അതൊരു മനുഷ്യനേയും ബാധിക്കുവാൻ പോകയില്ലെന്നായിരുന്നു സ്വന്തം യുക്തിയിൽ നിന്നും അയാൾക്കു ലഭിച്ച ഫോൺസന്ദേശം. ജോയി പറഞ്ഞു: "ആ മേരിയുടെ ചരിത്രം എനിക്കു വളരെ ഇഷ്ടപ്പെട്ടിരിക്കുകയാണു്. പിശാചിനുണ്ടെന്നു് അമ്മച്ചി സങ്കല്പിച്ചിരിക്കുന്ന ഒരു ജോലി, പാവപ്പെട്ട പെണ്ണുങ്ങളെ ആവസിച്ചു് അവരെ ശല്യപ്പെടുത്തുകമാത്രമാണെന്നു തോന്നിപ്പോകും, അമ്മച്ചിയുടെ കഥകൾ കേട്ടാൽ. വേദപുസ്തകത്തിൽ സാക്ഷ്യങ്ങളുള്ളതുകൊണ്ടു് പിശാചുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ ഒരു പിശാചു് മനുഷ്യശരീരത്തിൽ പ്രവേശിക്കുമെന്നും അവിടെ കുടിപാർക്കുമെന്നും പറയുന്നതസംബന്ധമല്ലേ?"

## പിശാചുബാധ

ഉൽക്കണ്ഠാകുലരായി എല്ലാവരും അച്ചനെ നോക്കി. പിശാചുബാധ എന്നൊന്നില്ലെന്നുതന്നെ അദ്ദേഹവും

പറഞ്ഞേക്കുമോ എന്നായിരുന്നു അച്ചാമ്മയുടെ ഭയം. ജോയിയുടെ നേരേനോക്കി ഒന്നു പുഞ്ചിരിച്ചിട്ട് ഫാദർ ഫിലിപ്പ് തുടങ്ങി: "നാം 'ഹിസ്റ്റീരിയാ' എന്ന സുഖക്കേടുള്ള പല സ്ത്രീകളിലും പിശാചിനെ കുടിയിരുത്താറുണ്ടെന്നുള്ളതു് ഒരു വാസ്തവമാണു്. ഫാദർ ജോസഫ് ഡി ടോൻകെഡെക്ക് എസ്. ജെ. (Fr. Joseph de Tonquedec S. J.) ഇന്നു ജീവിച്ചിരിക്കുന്നതിൽ ഏററം വലിയ പണ്ഡിതനാണു്, സാത്താനെ സംബന്ധിച്ച ശാസ്ത്രങ്ങളിൽ. അദ്ദേഹം പറയുന്നു: "20 കൊല്ലമായി ഞാൻ പഠനം നടത്തിക്കൊണ്ടിരിക്കയാണു്. എന്നാൽ ഇതുവരേയും യഥാർത്ഥത്തിലുള്ള ഒരു പിശാചുബാധ കാണുവാൻ കഴിഞ്ഞിട്ടില്ല" അതാണു വാസ്തവം. ചിലർ കൊട്ടിഘോഷിക്കുന്നതെല്ലാം അവരവരുടെ സങ്കല്പത്തിലുള്ള പിശാചുബാധയാണു്. എന്നിരുന്നാലും പിശാചുബാധയേ ഇല്ലെന്നു പറയുന്നതു തെററുതന്നെ. ആ വിശ്വാസം യഹൂദന്മാർക്കുണ്ടായിരുന്നുവെന്നതിനു് വി. മത്തായിയുടെ സുവിശേഷം 12-ാം അദ്ധ്യായത്തിൽ 27-ാം വാക്യം ഒരു തെളിവാണു്. പിശാചുബാധിച്ച ഊമനും കുരുടനുമായ ഒരു മനുഷ്യനെ ജനങ്ങൾ കർത്താവിൻെറ അടുക്കൽ കൊണ്ടുവന്നു. അവിടുന്നു അവനെ സുഖപ്പെടുത്തി. അപ്പോൾ ഫ്രീശേന്മാർ പറഞ്ഞു: ഇവൻ പിശാചുക്കളുടെ തലവനായ ബീൽസബ്ബിനെക്കൊണ്ടാണു് പിശാചുക്കളെ പുറത്താക്കുന്നതെന്നു്. അപ്പോൾ കർത്താവിൻെറ മറുപടി: "ഞാൻ ബീൽസബ്ബിനെക്കൊണ്ടു് പിശാചുക്കളെ പുറത്താക്കുന്നെങ്കിൽ നിങ്ങളുടെ മക്കൾ ആരെക്കൊണ്ടു് അവയെ പുറത്താക്കുന്നു?" അദ്ദേഹം തുടന്നു: ബാധിച്ച പിശാചിനെ ഒഴിക്കുവാൻ യഹൂദന്മാർക്കു ചില കർമ്മങ്ങളുണ്ടായിരുന്നുവെന്നും ദൈവമായ കർത്താവു് അതിനെ അംഗീകരിച്ചുവെന്നുമാണല്ലോ ഈ വാക്യത്തിൽ നിന്നും തെളിയുന്നതു്.

## വേദപുസ്തകവും പിശാചുബാധയും

ഇനി വേദപുസ്തകത്തിൽ വിവരിച്ചിട്ടുള്ള ചില പിശാചുബാധകളെപ്പററി പറയാം. വി. ലൂക്കായുടെ സുവിശേഷം 4–ാം അദ്ധ്യായത്തിൽ നാം ഇങ്ങനെ വായിക്കുന്നു. "അശുദ്ധ പിശാചിൻെറ ആത്മാവുള്ള ഒരു മനുഷ്യൻ സംഘത്തിലുണ്ടായിരുന്നു അവൻ ഉച്ചസ്വരത്തിൽ നിലവിളിച്ചു പറഞ്ഞു: നസ്രായനായ ഈശോയേ, എന്നെ വിട്ടയക്കേണമേ. ഞങ്ങൾക്കും നിനക്കും എന്തു്? നീ ഞങ്ങളെ നശിപ്പിക്കുവാൻ വന്നിരിക്കുന്നുവോ? നീ ആരാകുന്നുവെന്നു് എനിക്കറിയാം. ദൈവത്തിൻെറ പരിശുദ്ധൻതന്നെ" ഈശോ അവനെ ശകാരിച്ചു: "നിൻെറ വായു് അടയ്ക്കുക, അവനെ വിട്ടു പുറപ്പെടുക" എന്നരുളിച്ചെയ്തു. പിശാചു് അവനെ നടുവിൽ തള്ളിയിട്ടു്, അവനു കേടൊന്നും വരുത്താതെ അവനെ വിട്ടുപോയി.

### വി. ലൂക്കാ 8-ാം അദ്ധ്യായം

"അവിടെനിന്നും മൂന്നദ്ധ്യായങ്ങൾ തള്ളി പുറകോട്ടു മാററുന്നപക്ഷം വി. ലൂക്കായുടെ 8–ാം അദ്ധ്യായത്തിലാണു് നാം ചെന്നു നിൽക്കുന്നതു്. അതിൽ ഇങ്ങനെ ഒരു ചരിത്രം കാണുന്നു:– അവൻ കരയ്ക്കിറങ്ങിയപ്പോൾ ദീർഘകാലമായി പിശാചുബാധിതനായിരുന്ന ഒരു മനുഷ്യൻ പട്ടണത്തിൽനിന്നു അവൻെറ നേരേ വന്നു. അവൻ വസ്ത്രം ധരിച്ചിരുന്നില്ല; പ്രേതാലയങ്ങളിൽ അല്ലാതെ വീട്ടിൽ പാർത്തിരുന്നുമില്ല. അവൻ ഈശോയെ കണ്ടപ്പോൾ അട്ടഹസിച്ചുകൊണ്ടു് അവൻെറ മുമ്പാകെ വീണു: "അത്യുന്നത ദൈവത്തിൻെറ പുത്രനായ ഈശോയെ ഞങ്ങൾക്കും നിനക്കും എന്തു്? എന്നെ പീഡിപ്പിക്കരുതെന്നു നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു എന്നു് ഉയർന്നസ്വരത്തിൽ പറഞ്ഞു. എന്തെ

ന്നാൽ ആ മനുഷ്യനിൽനിന്നും പുറപ്പെട്ടുപോകുവാൻ ഈശോ അശുദ്ധാത്മാവിനോട്ട കല്പിച്ചിട്ടുണ്ടായിരുന്നു. അവൻ അതിനടിമയായിത്തീന്നിട്ട വളരെക്കാലമായിരുന്നു. അവൻ ചങ്ങലകൾകൊണ്ട ബന്ധിക്കപ്പെടുകയും കാൽ വിലങ്ങുകളിൽ സൂക്ഷിക്കപ്പെടുകയും ചെയ്തിരുന്നു. എങ്കിലും അവൻ തൻെറ ബന്ധനങ്ങൾ തകക്കുകയും പിശാചിനാൽ മരുഭൂമിയിലേക്ക കൂട്ടിക്കൊണ്ടുപോകപ്പെടുകയും ചെയ്തിരുന്നു. ഈശോ അവനോട്ട്: നിൻെറ പേരെന്ത് എന്നു ചോദിച്ചു. വളരെ പിശാചുക്കൾ അവനിൽ പ്രവേശിച്ചിരുന്നതുകൊണ്ട് ലീജിയൻ എന്നവൻ പറഞ്ഞു. പാതാളത്തിലേക്ക പോകുവാൻ തങ്ങളോട്ട് കല്പിക്കരുതെന്ന് അവ അവനോടപേക്ഷിച്ചു. അവിടെ മലയിൽ മേഞ്ഞുനിന്നിരുന്ന വളരെ പന്നികളുടെ ഒരുക്കൂട്ടം ഉണ്ടായിരുന്നു. പന്നികളിൽ പ്രവേശിക്കുവാൻ തങ്ങൾക്ക അനുവാദം കൊടുക്കണമെന്ന് അവ അവനോടപേക്ഷിച്ചു. അവൻ അവക്കങ്ങനെ അനുവാദവും കൊടുത്തു. പിശാചുക്കൾ ആ മനുഷ്യനിൽനിന്നും പുറപ്പെട്ട് പന്നികളിൽ പ്രവേശിച്ചു. ആ കൂട്ടം മുഴുവൻ പാറയുടെ മുകളിലേക്ക നേരേ പാഞ്ഞു കടലിൽ വീഴുകയും ശ്വാസം മുട്ടിച്ചാകുകയും ചെയ്തു.

## വി. മക്കോസ് 7-ാം അദ്ധ്യായം

"ഇനി വി. മക്കോസിൻെറ സുവിശേഷം 7-ാം അദ്ധ്യായത്തിലേക്ക നമുക്ക കടക്കാം. പിശാചു ബാധിച്ച ഒരു പെൺകുട്ടിയുടെ കഥയാണവിടെ. മകൾക്ക് അശുദ്ധാത്മാവു ബാധിച്ച ഒരു സ്ത്രീ ഉടനെ അവനെപ്പററി കേട്ട വന്ന് അവൻെറ കാല്ക്കൽ വീണു. ഈ സ്ത്രീ സുറിയായുടെ ഫെനീക്കേയിൽ നിന്നുള്ള ഒരു പുറജാതിക്കാരിയായിരുന്നു. തൻെറ മകളിൽനിന്നു പിശാചിനെ പുറത്താക്കണമെന്ന് അവനോട്ട് അവൾ പ്രാത്ഥിച്ചു. ഈശോ അവളോട്ട്: മക്കൾ ആദ്യം തൃപ്തരാകട്ടെ,

മക്കളുടെ അപ്പമെടുത്തു് നായ്ക്കൾക്കിട്ടുകൊടുക്കുന്നതു നന്നല്ലല്ലോ എന്നരുളിച്ചെയ്തു. അവൾ ഉത്തരമായി അവനോട്: "അതേ, എന്റെ കർത്താവേ, നായ്ക്കളും മേശകളുടെ താഴെ നിന്നു് മക്കളുടെ അപ്പത്തിന്റെ കഷണങ്ങൾ തിന്നുന്നുണ്ടല്ലോ" എന്നു പറഞ്ഞു. ഈശോ അവളോടു്: "നീ പൊയ്ക്കൊൾക, ഈ വാക്കുനിമിത്തം പിശാചു നിന്റെ മകളെ വിട്ടുപോയിരിക്കുന്നു" എന്നരുളിച്ചെയ്തു. അവൾ വീട്ടിലേക്കു പോയി. തന്റെ മകൾ കട്ടിലിൽ കിടക്കുന്നതും, പിശാചു് അവളെ വിട്ടുപോയിരിക്കുന്നതും കണ്ടു.

## വി. മർക്കോസ് 9-ാം അദ്ധ്യായം

"ഏഴിൽ നിന്നും ഒൻപതാം അദ്ധ്യായത്തിലേക്കു നീങ്ങുക. സംഭവബഹുലമായ ഒരു രംഗം നമുക്കവിടെ കാണാം. വി. മർക്കോസ് ഇപ്രകാരം എഴുതിയിരിക്കുന്നു:—ജനക്കൂട്ടത്തിൽ ഒരുത്തൻ ഉത്തരമായി പറഞ്ഞു: "ഗുരോ ഊമനായ ആത്മാവുള്ള എന്റെ മകനെ നിന്റെ അടുക്കലേക്കു ഞാൻ കൊണ്ടുവന്നിരിക്കുന്നു. അതു് അവനെ എവിടെവച്ചു പിടികൂടിയാലും തള്ളിയിടുന്നു. അവൻ നുരപുറപ്പെടുത്തുകയും, പല്ലുകടിക്കയും, വാടിത്തളർന്നു പോകയും ചെയ്യുന്നു. അതിനെ പുറപ്പെടുത്തുവാൻ നിന്റെ ശിഷ്യരോടു ഞാൻ പറഞ്ഞു: എന്നാൽ അവർക്കു കഴിഞ്ഞില്ല. ഈശോ ഉത്തരമായി അവരോടു്: ഹാ! വിശ്വാസമില്ലാത്ത തലമുറയേ! ഞാൻ എത്രകാലം നിങ്ങളോടുകൂടിയുണ്ടായിരിക്കും! ഞാൻ എത്രത്തോളം നിങ്ങളോടു ക്ഷമിക്കും! അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നരുളിച്ചെയ്തു. അവന്റെ അടുക്കൽ അവനെ അവർ കൊണ്ടുവന്നു. അവനെ കണ്ടയുടനെ ആത്മാവു് അവനെ തള്ളിയിട്ടു. അവൻ നിലത്തു വീണുരുണ്ടു് നുര പുറപ്പെടുത്തുകയും ചെയ്തു. ഈശോ അവന്റെ അപ്പനോടു്: ഇങ്ങനെ ആയിട്ടു് ഇപ്പോൾ എത്രകാലമായി

എന്നു ചോദിച്ചു. അവൻ മറുപടി പറഞ്ഞു: ചെറുക്കൻെറ ചെറുപ്പം മുതൽതന്നെ. അവനെ നശിപ്പിക്കുവാനായി പല പ്രാവശ്യം തീയിലും വെള്ളത്തിലും അതു തള്ളിയിട്ടിട്ടുണ്ട്. എന്നാൽ നിനക്കു കഴിയുന്നവിധത്തിൽ എന്നെ സഹായിക്കണമേ, എന്നിൽ കനിയണമേ. ഈശോ അവനോട്: നിനക്കു വിശ്വസിക്കുവാൻ കഴിയുമെങ്കിൽ, വിശ്വസിക്കുന്നവന് എല്ലാം സാധിക്കും എന്നരുളിച്ചെയ്തു. ബാലൻെറ അപ്പൻ ഉടനെ നിലവിളിച്ചു: ഞാൻ വിശ്വസിക്കുന്നു; എൻെറ വിശ്വാസക്കുറവിനെ സഹായിക്കണമേ.

"ഈശോ ജനങ്ങൾ തൻെറ അടുക്കൽ ഓടിക്കൂടുന്നതുകണ്ട് ആ അശുദ്ധാത്മാവിനെ ശകാരിച്ച് അതിനോട്: സംസാരിക്കാത്ത ബധിരനായ ആത്മാവേ, അവനെ വിട്ടുപോകുക; ഇനി അവനിൽ നീ പ്രവേശിക്കരുത് എന്നു നിന്നോടു ഞാൻ കല്പിക്കുന്നു എന്നരുളിച്ചെയ്തു. ആ പിശാചു വളരെ നിലവിളിച്ചു അവനെ പീഡിപ്പിച്ചിട്ട് വിട്ടുപോയി. അവൻ മരിച്ചുപോയി എന്നു പലരും പറയുവാൻ തക്കവണ്ണം അവൻ മരിച്ചവനെപ്പോലായി. ഈശോ കൈക്കുപിടിച്ച് അവനെ എഴുന്നേല്പിച്ചു. ഈശോ വീട്ടിൽ പ്രവേശിച്ചപ്പോൾ, ശിഷ്യർ തനിയേ അവനോട്: ഞങ്ങൾക്ക് അതിനെ പുറത്താക്കുവാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്നു ചോദിച്ചു. അവൻ അവരോട്: ഉപവാസവും പ്രാർത്ഥനയുംകൊണ്ടല്ലാതെ മററൊന്നുകൊണ്ടും പുറപ്പെടുവാൻ ഈ വർഗ്ഗം കൂട്ടാക്കുകയില്ല എന്നരുളിച്ചെയ്തു.

## നടപടി 19-ാം അദ്ധ്യായം

"കർത്താവ് തൻെറ കാലത്തു് പിശാചുബാധിച്ചവരെ സുഖപ്പെടുത്തിയിട്ടുണ്ടെന്നുള്ളതിനു തെളിവുകളാണല്ലോ ഞാൻ ഇതുവരേയും നൽകിയതു്. ഇനി ശ്ലീഹന്മാർ ഇക്കാര്യത്തിൽ എന്തുചെയ്തിട്ടുണ്ടെന്നുകൂടി പറയാം.

ശ്ലീഹന്മാരുടെ നടപടിപ്പുസ്തകം 19-ാം അദ്ധ്യായത്തിൽ വളരെ രസകരമായ ഒരു സംഭവം വിവരിച്ചിട്ടുണ്ട്. ശ്ലീഹന്മാരുടെ കാലത്തും ചില യഹൂദന്മാർ പിശാചുബാധ ഒഴിച്ചുകൊണ്ട് ചുററി നടക്കാറുണ്ടായിരുന്നു. ശ്ലീഹന്മാർ ഈശോയുടെ നാമത്തിൽ വളരെ വേഗം പിശാചുക്കളെ ഒഴിക്കുന്നതുകണ്ട് അവരും ആ പേരുപയോഗിക്കുവാൻ തുടങ്ങി. എന്നാൽ അവർ ആ പേരിനു് ഒരു വിശേഷണം ചേർത്തു. "പൗലോസ് പ്രസംഗിക്കുന്ന ഈശോയുടെ നാമത്തിൽ നിങ്ങളോടു ശപഥപൂർവ്വം ഞങ്ങൾ ആജ്ഞാപിക്കുന്നു" എന്നായിരുന്നു അവർ പറഞ്ഞതു്. പക്ഷേ അവർക്കു് ഉപവാസവും പ്രാർത്ഥനയും ഇല്ലായിരുന്നു.

"അക്കാലത്തു് സ്കേവാ എന്നു പേരുള്ള ഒരു പ്രധാന പുരോഹിതനുണ്ടായിരുന്നു. അയാൾക്കു് ഏഴു മക്കളും. ഏഴും പിശാചിനെ ഒഴിക്കുന്ന വിദ്യയാണ ഭ്യസിച്ചിരുന്നതു്. അവർ ഒരിക്കൽ ഒരു വീട്ടിൽ പോയി, പിശാചിനെ ഒഴിക്കുവാൻ. "പൗലോസ് പ്രസംഗിക്കുന്ന ഈശോയുടെ നാമത്തിൽ നിങ്ങളോടു ശപഥപൂർവ്വം ഞങ്ങൾ ആജ്ഞാപിക്കുന്നു ഈ മനുഷ്യനെ വിട്ടു പോക" എന്നു്. അവർ പറഞ്ഞുനിറുത്തുന്നതിനുമുമ്പേ പിശാചു് അവരോടു് വാഗ്വാദമായി: "ഈശോയെ ഞാൻ അറിയുന്നു; പൗലോസിനേയും ഞാനറിയുന്നു. എന്നാൽ നിങ്ങളാരാകുന്നു?" മറുപടിയൊന്നും പറയുവാനില്ലായിരുന്നു അവർക്കു്. അതിനാൽ ദുരാത്മാവുണ്ടായിരുന്ന ആ മനുഷ്യൻ അവരുടെമേൽ ചാടിവീണു് അവരെ മറിച്ചിട്ടു കീഴടക്കി. അവർ നഗ്നന്മാരും മുറിവേററവരുമായി ആ വീട്ടിൽ നിന്നു് ഓടിപ്പോകയും ചെയ്തു."

ആ കഥ കേട്ടു് എല്ലാവരും കൂട്ടകൂടെ ചിരിച്ചു. പിശാചിനും നല്ല യുക്തിയുണ്ടെന്നാണു തെയ്യാമ്മ അഭിപ്രായപ്പെട്ടതു്. "ഇത്തരം രസകരമായ സംഭവങ്ങൾ പുതിയ നിയമത്തിൽ ഉണ്ടെന്നു ഞങ്ങൾ അറിഞ്ഞിരുന്നേയില്ല" സെലിൻ പറഞ്ഞു. വേദപുസ്തകപാരായണത്തിൽ കത്തോലിക്കർ എത്ര വിമുഖരാണെന്നാണല്ലോ

അതു തെളിയിക്കുന്നതു്. നോവലുകളും നീണ്ട കഥകളും വായിക്കുവാനാണു് ഇന്നു മിക്കവക്കും താല്പര്യം. അവരുടെ വിലയേറിയ സമയം അങ്ങനെ നഷ്ടപ്പെട്ടുപോകുന്നതുകൊണ്ടു് അവക്കൊട്ടു ഖേദവുമില്ല. വേദപുകത്തിലേക്കു് അവരുടെ ശ്രദ്ധയെ ഒരിക്കൽകൂടി പിടിച്ചുകൊണ്ടുവരണമെന്നു ഫാദർ ഫിലിപ്പു് നിശ്ചയിച്ചു.

## നടപടി 16—ാം അദ്ധ്യായം

"വേദപുസ്തകത്തിൽ നിന്നും രസകരമായ ഒരു സംഭവംകൂടി ഞാൻ നിങ്ങളോടു പറയാം. നടപടി പുസ്തകം 16—ാം അദ്ധ്യായത്തിലാണതു്. ഒരു പെൺകുട്ടിയിൽ നിന്നും വി. പൗലോസ് ഒരു ഭൂതത്തെ ഓടിച്ചതിനാൽ പീലിപ്പോസ്നഗരത്തിൽവച്ചു് അദ്ദേഹം അടിക്കപ്പെടുകയും കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും ചെയ്ത ചരിത്രം."

ഒരു നന്മചെയ്ത വി. പൗലോസിനു് അടിയും കാരാഗൃഹവും ലഭിച്ചു എന്നു കേട്ടപ്പോൾ അവക്കമർഷം തോന്നി. എങ്കിലും അച്ചാമ്മ പറഞ്ഞു: "നമ്മുടെ കത്താവിനും ഇതുതന്നെയല്ലേ ലഭിച്ചതു്? അവിടുന്നു നന്മമാത്രം പ്രവത്തിച്ചു. ഒടുവിൽ കിട്ടിയതു കുരിശുമരണം. അവിടുത്തെ ശിഷ്യന്മാക്കു് അതിൽ കൂടുതലൊന്നും പ്രതീക്ഷിക്കാനില്ലല്ലൊ."

"അതു ശരി." അച്ചൻ പിന്താങ്ങി: "ഞാൻ പറയാൻ പോകുന്ന കഥയും ആ തത്വത്തെ ബലപ്പെടുത്തുകതന്നെ ചെയ്യുന്നു. പീലിപ്പോസ്പട്ടണത്തിൽ വി. പൗലോസിനു സഹായികളായി വി. ലൂക്കായും വി. ബിലാസും ഉണ്ടായിരുന്നു. ആ പട്ടണത്തിനു വെളിയിൽ നദീതീരത്തു് പുറജാതിക്കാരുടെ ഒരു ജപസ്ഥാനമുണ്ടെന്നു് അവർ നേരത്തേ മനസ്സിലാക്കി. അവിടെ പ്രാത്ഥിക്കുവാൻ വരുന്നവരോടു ഈശോയെ പ്രസംഗിക്കണമെന്നുതന്നെ അവർ തീരുമാനിച്ചു. പലപ്പോഴും അവർ

അവിടെ പ്രസംഗങ്ങൾ നടത്തി. ലോദിയാ എന്നൊരു സ്ത്രീയാണ് ആദ്യമായി അവിടെനിന്നും മാനസാന്തരപ്പെട്ടതു്. മററു പല മാനസാന്തരങ്ങളും അവർ അവിടെ പ്രതീക്ഷിച്ചു. അതിനാൽ അവരുടെ ഒരു പ്രവൎത്തന കേന്ദ്രമായിത്തീൎന്നു ആ ജപസ്ഥാനം.

"ഇവർ ജപസ്ഥാനത്തേക്കു പോകുമ്പോഴെല്ലാം ഒരു ബാലിക എവിടെനിന്നോ വന്നു് അവരെ അനുഗമിക്കയും ജനങ്ങളോടു് ഇപ്രകാരം പ്രഖ്യാപനം ചെയ്കയും ചെയ്തുകൊണ്ടിരുന്നു: "ഈ മനുഷ്യർ ഉന്നതനായ ദൈവത്തിന്റെ ദാസന്മാരാകുന്നു; അവർ രക്ഷയുടെ വഴി നിങ്ങളെ അറിയിക്കുന്നു." ആ ബാലികയെപ്പററി കൂടുതൽ അറിയുവാൻ അവൎക്കു ജിജ്ഞാസയുണ്ടായി. അവൎക്കു കിട്ടിയ ചരിത്രം ഇതാണു്:– വെളിച്ചപ്പാടിന്റെ ഭൂതം ആവസിച്ചിട്ടുള്ള ഒരു ബാലികയാണവൾ. അവൾക്കു കുറേ യജമാനന്മാരുണ്ടു്. അവൎക്കുവേണ്ടി തുള്ളി അവൾ ചില വെളിച്ചപ്പാട്ടുവേലകൾ നടത്തണം. ഓരോ തുള്ളലിനും ആ യജമാനന്മാൎക്കു് നല്ല സംഖ്യ അഭയാൎത്ഥികളിൽ നിന്നും കിട്ടും. അങ്ങനെ അവർ കുബേരന്മാരായി. പട്ടിണികൂടാതെ ആ ബാലിക കഴിയുന്നു എന്നുമാത്രം.

"അവരുടേയും ആ പിശാചിന്റേയും അടിമത്തത്തിൽ നിന്നും ആ ബാലികയെ മോചിപ്പിക്കണമെന്നു കരുതി വി. പൗലോസ് ഒരു ദിവസം അവളുടെ നേരെ തിരിഞ്ഞുപറഞ്ഞു: "നീ അവളിൽ നിന്നും പുറത്തുപോകുക എന്നു് ഈശോമിശിഹായുടെ നാമത്തിൽ നിന്നോടു ഞാൻ കല്പിക്കുന്നു." ആ ക്ഷണം വെളിച്ചപ്പാടിന്റെ ഭൂതം അവളിൽ നിന്നും പുറപ്പെട്ടുപോയി. അവളുടെ തുള്ളലും വെളിച്ചപ്പാട്ടുവേലകളും അവസാനിക്കയും ചെയ്തു.

"തങ്ങളുടെ വമ്പിച്ച ആദായം എന്നേയ്ക്കുമായി നഷ്ടപ്പെട്ടല്ലോ എന്ന കുണ്ഠിതമായിരുന്നു യജമാനന്മാൎക്കു്. അവരുടെ കോപാഗ്നി ജ്വലിച്ചെരിഞ്ഞതു് വി. പൗലോ

സിൻേറയും കൂട്ടരുടേയും നേരെയായിരുന്നു. അവരെ പിടിച്ചുകെട്ടി തെരുവുനിളെ വലിച്ചിഴച്ച് പട്ടണപ്രമാണികളുടേയും അധിപതികളുടേയും മുമ്പിൽ ഭൃതവ്യവസായികൾ ഹാജരാക്കി. "ഈ മനുഷ്യർ നമ്മുടെ പട്ടണത്തെ കലക്കുന്നു, എന്തെന്നാൽ ഇവർ യഹൂദന്മാരാകുന്നു. നാം റോമാക്കാരാകയാൽ നമുക്കു സ്വീകരിക്കുവാനും അനുസരിക്കുവാനും അനുവദിക്കപ്പെട്ടിട്ടില്ലാത്ത നടപ്പുകൾ അവർ നമ്മോടു പ്രസംഗിക്കുന്നു" ഇതായിരുന്നു വി. പൗലോസിൻേറയും കൂട്ടരുടേയുംമേൽ അവർ ചുമത്തിയ കുററം. അധിപതികൾ അവരുടെ വസ്ത്രങ്ങൾ പറിച്ചുകീറുകയും അവരെ അടിച്ചതിനുശേഷം കാരാഗൃഹത്തിൽ സൂക്ഷിച്ചുകൊള്ളുവാൻ കല്പന കൊടുക്കുകയും ചെയ്തു. ഇനി കാരാഗൃഹത്തിൽ അവർ അടയ്ക്കപ്പെട്ടപ്പോഴുണ്ടായ ഭൂകമ്പവും കാവൽക്കാരൻെറ മാനസാന്തരവും നിങ്ങൾ വേദപുസ്തകത്തിൽനിന്നുതന്നെ വായിക്കുക. ഞാൻ ഇവിടെ നിറുത്തുന്നു.

"പിശാചുണ്ടെന്നും, മനുഷ്യനെ അതു ബാധിക്കുമെന്നും ഉള്ളതിനു് വേദപുസ്തകത്തിൽനിന്നുമുള്ള തെളിവുകൾ ഞാൻ നിരത്തിവച്ചു. ചിന്തിക്കുവാൻ കഴിവുള്ള ഒരു മനുഷ്യനാണല്ലൊ ജോയി. ഇപ്പോൾ ജോയിയുടെ അഭിപ്രായമെന്തെന്നു പറയൂ."

പിശാചുബാധയെ സംബന്ധിച്ച വേദപുസ്തക കഥകൾ കേട്ടപ്പോൾ അച്ചാമ്മയാണു് ഏററം സന്തോഷിച്ചതു്. താൻ അഭിപ്രായപ്പെട്ടതുപോലെ റോസമ്മയ്ക്കു പിശാചുബാധയാണെന്നുള്ളതിൽ അച്ചാമ്മയ്ക്കൊരു സംശയവുമില്ല. തുള്ളുക, വായിൽക്കൂടെ നുരയും പതയും വരിക, മറിഞ്ഞുവീഴുക, അറിഞ്ഞുകൂടാത്ത ഭാഷ സംസാരിക്കുക മുതലായ പലതും വേദപുസ്തകത്തിലെ പിശാചുബാധകൾക്കുണ്ടു്. റോസമ്മയ്ക്കും ആ ലക്ഷണങ്ങൾതന്നെ കാണുന്നു. ഇങ്ങനെയെല്ലാമായിരുന്നു അച്ചാമ്മയുടെ വി

ചാരം. ജോയിയുടെ അഭിപ്രായങ്ങൾക്കു മാററം വല്ലതും ഉണ്ടായോ എന്നായിരുന്നു എല്ലാവക്കും ഉൽക്കണ്ഠ.

ജോയി ഒരു ദീഘശ്വാസം വലിച്ചുതള്ളിയിട്ടു പറഞ്ഞു: "വേദപുസ്തകത്തെ ഞാൻ ഒരിക്കലും എതിർക്കയില്ല. പിശാചുണ്ടെന്നും, നമ്മുടെ കത്താവിൻെറ കാലത്തു് അതു മനുഷ്യരെ ബാധിച്ചിരുന്നുവെന്നും ഞാൻ സമ്മതിക്കുന്നു. എന്നാൽ നമ്മുടെ ഇക്കാലങ്ങളിൽ പിശാചു വല്ലവരേയും ബാധിച്ചതായ ചരിത്രമുണ്ടോ?"

അച്ചാമ്മയ്ക്കു രിശംവന്നു. പിശാചുബാധയുടെ അനേകം കഥകൾ തൻെറ പരിചയത്തിൽതന്നെയുള്ളപ്പോൾ മകൻെറ ചോദ്യം നിരത്ഥകമല്ലേ എന്നായിരുന്നു അവരുടെ ചിന്താഗതി. എങ്കിലും അച്ചൻ പറഞ്ഞു: "ആധുനികകാലത്തും പിശാചുബാധയെപ്പററി നാം ധാരാളം കേൾക്കാറുണ്ടു്. എന്നാൽ അതെല്ലാം യഥാത്ഥമാണോ? പിശാചിൻെറ പങ്കു് എന്തുമാത്രമുണ്ടു്? അതെല്ലാമൊന്നു ചികഞ്ഞു കണ്ടുപിടിക്കുവാൻ വളരെ ബുദ്ധിമുട്ടണം.

## വി. ജോൺ വിയാനി

"വി. ജോൺ വിയാനി എന്ന വൈദികനെപ്പററി കേട്ടിട്ടുണ്ടോ? 1859 ആഗസ്റ്റ് 4-ാനു- ചരമമടഞ്ഞ ഒരു മഹാ വിശുദ്ധനാണു് അദ്ദേഹം. സാത്താനുമായി പ്രത്യക്ഷസമരം ഇത്ര വിജയകരമായി നടത്തിയ മറെറാരു വിശുദ്ധനെ കാണാൻ പ്രയാസം. ഒളിഞ്ഞും തെളിഞ്ഞുമുള്ള സാത്താൻെറ സമരതന്ത്രങ്ങൾ ഇത്രമാത്രം അറിഞ്ഞിട്ടുള്ള മറെറാരു വിശുദ്ധനുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹം ഒരു പിശാചിനെ ഒഴിച്ചുവെന്നു പറഞ്ഞാൽ അതു വെറും സങ്കല്പത്തിലുള്ള പിശാചായിരുന്നുവെന്നു പറയുവാൻ ധൈര്യപ്പെടുന്നവർ ഇല്ലെന്നു തന്നെ പറയാം. അദ്ദേഹത്തിൻെറ കാലത്തു് അവിഞ്ഞോണിലെ ഒരു അദ്ധ്യാപിക പിശാചുബാധയുടെ ലക്ഷണങ്ങൾ കാണിച്ചു. വീട്ടുകാർ അവളെ വൈദിക

മേലദ്ധ്യക്ഷൻെറ പക്കലേയ്ക്കു കൊണ്ടുപോയി. എന്നാൽ അദ്ദേഹം അവരെ ആർസിലേക്കു പറഞ്ഞയച്ചു. ആർസി ലെ വികാരിയായിരുന്നു അന്ന് വി. ജോൺ വിയാനി.

"ദേവാലയത്തിൽവച്ചാണ് വി. ജോൺ പിശാചുബാധിതയെ കണ്ടതു്. "ഇവിടെ വളരെയധികം ആളുകൾ." അതായിരുന്നു അവളുടെ ആദ്യത്തെ വാചകം. അച്ചൻ പള്ളിയിൽ നിന്നും ആളുകളെയെല്ലാം പിരിച്ചയച്ചു. എന്നിട്ടു ചോദ്യം: "നിനക്കും പുറത്തു പോകണമോ?"

പോകണമെന്നായിരുന്നു പിശാചിൻെറ മറുപടി.

"എന്തുകൊണ്ടു്?"

"എനിക്കിഷ്ടമില്ലാത്ത ഒരാൾ ഇവിടെ നില്ക്കുന്നു."

"അപ്പോൾ നിനക്കിഷ്ടമില്ല എന്നെ, അല്ലേ?"

"ഇഷ്ടമില്ല."

"വിയാന്നിയച്ചൻ അവളുടെമേൽ ആശീർവ്വദിച്ച ക്ഷണത്തിൽ ഭൂതം അവളെ വിട്ടുപിരിഞ്ഞുപോയി. ആനന്ദബാഷ്പം തൂകിക്കൊണ്ടാണ് ആ അദ്ധ്യാപിക പള്ളിയിൽ നിന്നും പുറത്തുവന്നതു്. മറ്റൊന്നു്, ഒരു കുടുംബനായികയുടേതായിരുന്നു. ഭർത്താവാണ് അവളെ കൂട്ടിക്കൊണ്ടു് വിയാന്നിയച്ചൻെറ അടുക്കൽ വന്നതു്. ആ സ്ത്രീ പിച്ചും പേയും പറയുകയും "അയ്യോ" എന്നു നിലവിളിക്കയും ചെയ്യുമായിരുന്നു. അവളെ ദേവാലയത്തിലെ പ്രധാന പീഠത്തുങ്കൽ കൊണ്ടുപോയി നിറുത്തിയിട്ടു് വി. ഫിലോമിനായുടെ തിരുശ്ശേഷിപ്പു് അവളുടെ ശിരസ്സിൽവച്ചു. ഉടനെ അവൾ ബോധരഹിതയായി; മരിച്ചവളെപ്പോലെ കിടന്നു. കുറേ കഴിഞ്ഞപ്പോൾ ഒന്നും സംഭവിക്കാത്തതുപോലെ അവൾ എഴുന്നേററു് വിശുദ്ധജലം തൊട്ടു് കുരിശുവരച്ചു മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചു ഭൂതം അവളെ വിട്ടുപിരിഞ്ഞു എന്നതിൻെറ ലക്ഷണം."

ഇത്തരം പല സംഭവങ്ങൾ നമ്മുടെ ദേശത്തും നടക്കുന്നുണ്ടു്. എന്നാൽ ഫിലിപ്പച്ചൻ അതിനെക്കുറിച്ചൊന്നും പറയാതെ 19-ാം നൂററാണ്ടിൽ നടന്ന സംഭവങ്ങൾമാത്രം എടുത്തുപറഞ്ഞതെന്തുകൊണ്ടെന്ന ഒരു

ചോദ്യമായിരുന്ന അച്ചാമ്മയ്ക്കുണ്ടായിരുന്നതു്. അതിനു് അദ്ദേഹം ഇപ്രകാരം മറുപടി നൽകി. "ഇക്കാലത്തെ പിശാചുബാധയെ ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ ബാധ ഏതു്, രോഗമേതു് എന്നു തിട്ടപ്പെടുത്തുവാൻ നമുക്കു വിഷമം നേരിടുന്നു. ദിവ്യരക്ഷകനു് ആ വിഷമം ഉണ്ടായിരുന്നില്ല എന്നു തീർച്ചയാണല്ലൊ. തെററിദ്ധരിച്ചു് ഇല്ലാത്ത ഭൂതത്തോടു് പുറത്തുപോകുവാൻ നമ്മുടെ കർത്താവു് ആജ്ഞാപിച്ചിട്ടില്ല. വി. വിയാന്നിയച്ചനും പിശാചിനെ തിരിച്ചറിയുവാൻ ഒരു പ്രത്യേകവരം ദൈവം നൽകിയിട്ടുണ്ടായിരുന്നു. അതുകൊണ്ടാണു് അദ്ദേഹത്തിനനുഭവപ്പെട്ട രണ്ടെണ്ണംമാത്രം ഞാൻ എടുത്തുപറഞ്ഞതു്. അതുകൊണ്ടു് വി. വിയാന്നിയുടെ കാലത്തു് രണ്ടു പിശാചുബാധകളേ ഉണ്ടായുള്ളുവെന്നു് അനുമാനിച്ചുകൂടാ."

ജോയിയിൽ ഒരു പരിവർത്തനമുണ്ടായതുപോലെ കാണപ്പെട്ടു. എന്നാലും അയാൾ ഒരു ചോദ്യം: "ഹിസ്റ്റീരിയായാണോ പിശാചുബാധയാണോ എന്നു തിരിച്ചറിയുവാൻ എന്താണു മാർഗ്ഗം?" ആ ചോദ്യത്തിൽ അച്ചാമ്മയും സന്തോഷിച്ചു. റോസമ്മയുടേതു് ഹിസ്റ്റീരിയായാണോ പിശാചുബാധയാണോ എന്നു തീർച്ചപ്പെടുത്തുവാൻ അവർ വെമ്പൽകൊള്ളുകയായിരുന്നു.

"പിശാചുബാധയാണോ എന്നറിയുവാൻ പല പരീക്ഷണങ്ങൾ നടത്തേണ്ടിവരും. പ്രധാനമായ മൂന്നു ലക്ഷണങ്ങൾ ഞാൻ പറയട്ടെ. 1) തനിക്കു് അറിഞ്ഞുകൂടാത്ത ഭാഷയിൽ ബാധയുള്ളയാൾക്കു സംസാരിക്കുവാൻ കഴിഞ്ഞേക്കാം. സംസാരിക്കുക എന്നു പറഞ്ഞാൽ സുറിയാനിയിലും തമിഴിലും ഇംഗ്ലീഷിലും തത്തയെപ്പോലെ ചില വാചകങ്ങൾ പറയുന്നതല്ല. സുറിയാനിയിൽ ചോദിച്ചാൽ സുറിയാനിയിൽ മറുപടി പറയണം. റോസമ്മ സുറിയാനിയിൽ "കന്തിശാ ആലാഹാ" എന്നോ മറേറാ പാടുന്നുണ്ടായിരിക്കാം. അതു് ഉപബോധമനസ്സുകൊണ്ടു സാധിക്കുമെന്നു് ഞാൻ പറഞ്ഞ മേരിയുടെ കഥ തെളി

യിക്കുന്നുണ്ടല്ലോ. 2) മററാക്കും അറിഞ്ഞുകൂടാത്ത രഹസ്യങ്ങൾ, ദൂരത്തിൽ നടക്കുന്ന സംഭവങ്ങൾ ഇവയെല്ലാം ആ വ്യക്തി വിളിച്ചുപറഞ്ഞേക്കും. 3) തൻെറ പ്രകൃതിയെ കവിഞ്ഞ കഴിവുകൾ ചിലപ്പോൾ ആ വ്യക്തി പ്രകടിപ്പിച്ചേക്കാം. ഏതായാലും പഴയതുപോലെ പിശാചുക്കൾ ഇപ്പോൾ ബാധിക്കാറില്ലെന്നാണു തോന്നുന്നതു്. മനുഷ്യൻെറ ആശയങ്ങൾ പുരോഗമിച്ചതിനോടൊപ്പം അവരുടെ സമരതന്ത്രങ്ങൾക്കും വ്യത്യാസം സംഭവിച്ചിരിക്കാം." ഇതായിരുന്നു അച്ചൻെറ മറുപടി.

## ആലീസിൻെറ കോഴി

ചുരുക്കം ചില അവസരങ്ങളിൽ പിശാചു മനുഷ്യശരീരത്തിൽ പ്രവേശിച്ചു് അനത്ഥങ്ങൾ സൃഷ്ടിക്കുമെന്നു സമ്മതിക്കുവാൻമാത്രം ജോയിക്കു മാനസാന്തരമുണ്ടായി. ആലീസ് മററൊരുകാര്യം ഓത്തിരിക്കയായിരുന്നു അപ്പോൾ. കോഴിക്കൃഷിയിൽ വളരെ വിദഗ്ദ്ധയാണവൾ. വൈകുന്നേരം കുറേ നെല്ലുമായി അവൾ മുററത്തേക്കിറങ്ങും. പത്തുനൂറു കോഴികളാണു് അവളുടെ ചുററും അപ്പോൾ കൂട്ടുക. താറാവും പേത്തയും ഗിനിയും കൾക്കാവും അക്കൂട്ടത്തിലുണ്ടാകും. വീട്ടിലെ ആവശ്യങ്ങൾ കഴിഞ്ഞു് ദിവസവും എട്ടുപത്തു രൂപായുടെ മുട്ട അവൾ വില്ക്കാറുണ്ടു്.

ഒരു ദിവസം കൂടു തുറന്നു നോക്കിയപ്പോൾ കണ്ടതു് അതിൽ നാലു കോഴി ചത്തുകിടക്കുന്നതാണു്. കോഴി ചത്തതിൻെറ കാരണം കണ്ടുപിടിച്ചേ ആലീസു് അടങ്ങൂ. ഓരോരുത്തരും ഓരോ കാരണമാണു പറഞ്ഞതു്. വസന്തയുടെ ആരംഭമാണെന്നായിരുന്നു തെയ്യാമ്മയുടെ അഭിപ്രായം. വല്ല പാമ്പും കടിച്ചതായിരിക്കുമെന്നു് അച്ചാമ്മ പറഞ്ഞു. ഇതൊന്നുമായിരുന്നില്ല കുശിനിക്കാരൻ അന്തോനിയുടെ ചിന്താഗതി. അയാൾ പറഞ്ഞു, വിരോധികൾ ആരാണ്ടു് ഏതാണ്ടു ചെയ്യിച്ചതാണെന്നു്.

യഥാർത്ഥ്യമതായിരിക്കണമെന്ന് ആലീസ് വിശ്വസിച്ചു. ഒരു കോഴിയെ വാങ്ങുവാൻവേണ്ടി ഒരു മനുഷ്യൻ അവിടെ വന്നിരുന്നതു് അവൾ ഓർക്കുന്നുണ്ട്. കോഴിയെ ആലീസ് കൊടുത്തില്ല. മുട്ട വിൽക്കുന്നതാണു കോഴിയെ വിൽക്കുന്നതിനേക്കാൾ ആദായകരമെന്നവൾക്കു തോന്നി. പിറ്റേദിവസം ചത്തതോ നാലു പിടക്കോഴികൾ!

പാറിയ അവസരം. ഒരാഴ്ച കഴിഞ്ഞേത്തുള്ള ആ സംഭവം നടന്നിട്ട്. ആലീസ് ചോദിച്ചു: "അച്ചാ, എനിക്കൊരു സംശയം. പിശാചുക്കൾ മൃഗങ്ങളെ കൊല്ലുകയും മനുഷ്യരെ ഉപദ്രവിക്കയും ചെയ്യുമോ?" എവിടെ ഉന്നംവച്ചാണു് ആ ചോദ്യം ആലീസ് തൊടുത്തുവിട്ടതെന്നു മററുള്ളവർക്കു മനസ്സിലായി. അവരുടെ ഊറിയ പുഞ്ചിരി അതു വെളിപ്പെടുത്തുകയും ചെയ്തു. എന്നാൽ അതൊന്നും ഫാദർ ഫിലിപ്പിനു മനസ്സിലായില്ല, ഗുരുതരമായ ഒരു പ്രശ്നമെന്ന മട്ടിൽ അദ്ദേഹം അതു സ്വാഗതം ചെയ്തു.

## പിശാചിൻെറ അധികാരം

"പിശാചുക്കൾക്കു മൃഗങ്ങളെ കൊല്ലുവാനും മനുഷ്യരെ ഉപദ്രവിക്കുവാനുമുള്ള ശക്തിയുണ്ടോ എന്നാണു ചോദ്യമെങ്കിൽ ഉണ്ടെന്നുതന്നെ ഞാൻ പറയും. എന്നാൽ അധികാരത്തെപ്പററിയാണെങ്കിൽ ഇല്ലെന്നും പറയും. അതിനു ഞാൻ ഒരു വിശദീകരണംകൂടി നൽകിക്കൊള്ളട്ടെ. പിശാചുക്കൾക്കു മനുഷ്യരെക്കാൾ ബുദ്ധിശക്തിയും പ്രവർത്തനശക്തിയും ഉണ്ടെന്നുള്ളതിനു സംശയമില്ല. അവർ അധഃപ്പതിച്ച വാനാരൂപികളാണല്ലൊ. എങ്കിലും അവർക്കു തന്നിഷ്ടംപോലെ പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യമില്ല. ദൈവം അനുവദിക്കുന്നിടത്തോളം സ്വാതന്ത്ര്യമേ അവർക്കുണ്ടായിരിക്കൂ. അതുകൊണ്ടാണു് അവർ തൊടലേൽ പൂട്ടിയിട്ടിരിക്കുന്ന പട്ടികളാണെന്നു വി. അഗസ്റ്റീനോസ് പറഞ്ഞിരിക്കുന്നതു്. മനുഷ്യർക്കു അവരെ ഭയപ്പെടേണ്ട യാതൊരു കാര്യവുമില്ല."

ആലീസും തെയ്യാമ്മയും പരസ്പരം നോക്കി. വസന്തമൂലമാണു കോഴികൾ ചത്തതെന്നു താൻ പറഞ്ഞതെത്ര വാസ്തവമെന്നായിരുന്നു തെയ്യാമ്മയുടെ നോട്ടത്തിലെ അർത്ഥം. അച്ചൻെറ വാദരീതി സ്വീകരിക്കുന്നില്ല എന്ന അർത്ഥത്തിലായിരുന്നു ആലീസിൻെറ നോട്ടം. സംതൃപ്തിയുടെ മുഖഭാവമായിരുന്നില്ല അച്ചാമ്മയ്ക്കും. ചോദ്യം കൊണ്ട് അതു വിശദമായി. "അപ്പോൾ പഴയനിയമത്തിലെ കൊച്ചുതോബിയാസിൻെറ ചരിത്രമെങ്ങനെയാണച്ചാ?" ആ ചോദ്യം കേട്ടപ്പോൾ തോബിയാസിൻെറ ചരിത്രമെന്താണെന്നറിയുവാൻ ജോയിക്കും ജിജ്ഞാസയായി.

## തോബിയാസിൻെറ ചരിത്രം

ഫാദർ ഫിലിപ്പ് ആ ചരിത്രത്തിലേക്കു കടന്നു. "തോബിയാസിൻെറ ചരിത്രം എന്നു കേട്ടപ്പോൾ നിങ്ങൾക്കെല്ലാവർക്കും ഒരു ഉണർവുണ്ടായതുപോലെ തോന്നുന്നു. അതിൽ പിശാചു് ഒരു ഭാഗം അഭിനയിക്കുന്നതുകൊണ്ടാണ് സഹോദരി അതു ചൂണ്ടി ചോദിച്ചതു്. സംഗതമായ ഭാഗങ്ങൾ ഞാൻ നിങ്ങളുടെ മുമ്പിൽ നിരത്തിവയ്ക്കാം.

"തോബിയാസുമാർ രണ്ടുണ്ടു്. വലിയ തോബിയാസും ചെറിയതോബിയാസും. പിതാവും പുത്രനുമായിരുന്നു അവർ. സാമ്പത്തികാധഃപ്പതനംകൊണ്ടു് തോബിയാസിൻെറ കുടുംബം കഷ്ടതയിലായി. അപ്പോൾ അയാൾ ഓർത്തു ഒരു കടക്കാരൻെറ കാര്യം. മകനെ വിളിച്ചു് അയാൾ പറഞ്ഞു: "എൻെറ മകനേ, എൻെറ കാലം ഇതാ അവസാനിക്കാറായി. ഈ കുടുംബത്തിൻെറ കഷ്ടതയൊന്നു നീങ്ങിക്കാണുവാൻ ഞാൻ ആഗ്രഹിച്ചു. പക്ഷെ ദൈവഹിതം മറിച്ചാണു വന്നതു്. എങ്കിലും ഞാൻ മരിക്കുന്നതിനുമുമ്പു നിന്നെ ഞാൻ ഒരു കാര്യം ഭരമേല്പിക്കുന്നു. ഞാൻ ഒരിക്കൽ പത്തു വെള്ളിത്താലേ

ന്തുകൾ ഗബെല്യൂസ് എന്നൊരാൾക്കു കടമായി കൊടു ത്തിട്ടുണ്ടു്. ഇപ്പോൾ അതൊരു നല്ല തുകയായിത്തീൎന്നി ട്ടുണ്ടായിരിക്കും. ഗബെല്യൂസിൻെറ കൈപ്പടയിൽ എഴുതി ത്തന്നിട്ടുള്ള ഒരു നോട്ടു് ഇപ്പോഴും എൻെറ കൈവശ മിരിക്കുന്നു. നീ അതുംകൊണ്ടുപോയി അയാളോടു പണം ചോദിക്കുക, ഉടൻ അയാൾ പണം തരും. അയാൾ സത്യസന്ധനാണ്.

"ഗബെല്യൂസ് ആരാണെന്നോ അയാളുടെ താമ സസ്ഥലം എവിടെയെന്നോ കൊച്ചുതോബിയാസിനറിഞ്ഞു കൂടായിരുന്നു. മിഡിയന്മാരുടെ പട്ടണമായ റാഗെസ് എന്ന സ്ഥലത്താണ് ഗബേല്യൂസിൻെറ വസതിയെന്നു പറഞ്ഞിട്ടും കൊച്ചുതോബിയാസിനു അയാളെ അന്വേ ഷിച്ചു തനിയേ പുറപ്പെടുന്നതിനുള്ള ധൈൎയ്യമുണ്ടായി ല്ല. അങ്ങനെ ക്ലേശിച്ചിരുന്ന ആ യുവാവിനു് റഫാ യേൽ മാലാഖായെത്തന്നെ ഒരു കൂട്ടുകാരനായി ലഭിച്ചു. അവർ ഇരുവരും കൂടി മിഡിയാദേശത്തേക്കു പുറപ്പെടു കയും ചെയ്തു.

"ആദ്യത്തെ രാത്രി അവർ ടൈഗ്രീസ്സുനദിയുടെ തീരത്താണു കഴിച്ചുകൂട്ടിയതു്. വെളുപ്പിനേ തോബിയാ സ് കുളിക്കുവാൻ നദിയിലിറങ്ങിയപ്പോൾ ഒരു വലിയ മത്സ്യം അയാളെ വിഴുങ്ങുവാനെന്നമട്ടിൽ വായ്പൊ ളിച്ചു ഓടിവന്നു. അതു കണ്ടു തോബിയാസ് പേടിച്ചു നി ലവിളിച്ചുപോയി. റഫായേൽ പറഞ്ഞു: "ഭയപ്പെടേണ്ടാ; അതിൻെറ ചെകിളയിൽ പിടിച്ചു് കരയിലേക്കെറി യുക." തോബിയാസിനു ധൈൎയ്യമായി. അയാൾ മീനി നെപ്പിടിച്ചു് കരയ്ക്കെറിഞ്ഞു. അതിൻെറ ചങ്കും കരളും കൈപ്പയും വേർതിരിച്ചെടുത്തു് ഉണക്കി സൂക്ഷിച്ചാൽ അതൊരു കൈകണ്ട ഔഷധമായി ഉപയോഗിക്കുവാൻ കൊള്ളുന്നതാണെന്നും മാലാഖ അയാളെ അറിയിക്കയു ണ്ടായി. പെട്ടെന്നു് ഒരു വൈദ്യനുംകൂടി ആയിത്തീരു വാൻ സാധിക്കുമല്ലോ എന്നോൎത്തപ്പോൾ തോബിയാസി ൻെറ സന്തോഷം വൎദ്ധിച്ചു. അതിനെ കൊന്നു് അതി

ൻെറ ചങ്കം കരളും കൈപ്പയ്യം കണ്ടിച്ചെടുത്തു് ഉണക്കി അയാൾ.

"അവരുടെ യാത്ര തുടൎന്നു. വൈദ്യം അല്പം പഠിച്ചുകളയാമെന്നുതന്നെ തോന്നി തോബിയാസിനു്. അയാൾ ചോദിച്ചു: ഏതെല്ലാം രോഗങ്ങൾക്കു് എങ്ങനെയെല്ലാമാണു് അതുപയോഗിക്കേണ്ടതെന്നു്. അതിൽ രണ്ടെണ്ണത്തെക്കുറിച്ചു് ഉടനെ അദ്ദേഹം പറഞ്ഞുകൊടുത്തു. ചങ്കിൻെറ ഒരു ഭാഗം കണ്ടിച്ചു് തീക്കനലിൻെറ മുകളിൽ വച്ചാൽ അതിൻെറ പുക അടിക്കുന്ന സ്ഥലത്തുനിന്നും പിശാചുക്കൾ ഓടിയകന്നുകൊള്ളും. അവിടെയുള്ള യാതൊരു പുരുഷനേയോ സ്ത്രീയേയോ ബാധിക്കുവാൻ പിന്നെ പിശാചു് ആ സ്ഥലത്തേക്കു പോരികയില്ല. മൂടലുള്ള കണ്ണിൽ ആ കൈപ്പ പുരട്ടിയാൽ അതു തെളിയും."

"തൻെറ കൈവശം വന്നുചേൎന്നിരിക്കുന്നതു ദിവ്യൗഷധങ്ങളാണെന്നുതന്നെ തോബിയാസിനു ബോദ്ധ്യമായി. അവർ വഴിക്കു പല കാൎയ്യങ്ങളെക്കുറിച്ചും സംസാരിച്ചു. പിറേറദിവസം രാത്രിയിൽ അവർ മിഡിയാദേശത്തുതന്നെ ചെന്നെത്തി. എങ്കിലും ഗബെല്ലൂസിൻെറ വാസസ്ഥലത്തേക്കു പോകുവാൻ ഇനിയും വളരെദൂരം നടക്കണം. അതിനാൽ തോബിയാസിൻെറ ഒരു ചാൎച്ചക്കാരനായിരുന്ന റഗ്വേലിൻെറ ഭവനത്തിൽ അന്നു താമസിക്കണമെന്നു കൂട്ടുകാരൻ അഭിപ്രായപ്പെട്ടു. തോബിയാസു് അതിനു സമ്മതിച്ചുകഴിഞ്ഞപ്പോൾ റഫായേൽ പറയുകയാണു്: "റഗ്വേലിനു് സാറാ എന്നു പേരുള്ള ഒരു മകൾ മാത്രമേയുള്ളു. അവളെ നീ വിവാഹം ചെയ്യണം. റഗ്വേലിനോടു നീ ഒന്നു ചോദിച്ചാൽ മതി, അയാൾ ഉടനെ സമ്മതിക്കും."

"മാതാപിതാക്കന്മാരിൽനിന്നകന്നു് വളരെ ദൂരെയുള്ള ഒരു സ്ഥലത്തുവച്ചു് ഒരു വഴികാട്ടിയിൽനിന്നും വിവാഹത്തെപ്പററി കേട്ടപ്പോൾ തോബിയാസു് ഭയപ്പെട്ടുപോയി. സാറായെപ്പററി വിചിത്രമായ ചില വിവ

രങ്ങൾ അയാൾ കേട്ടിട്ടുമുണ്ടായിരുന്നു. അതുകൊണ്ട് അയാൾ പറയുകയാണ്: "ഈ സാറായെപ്പററി എനിക്കറിയാം ചില സംഗതികൾ. അവളെ ഏഴു പുരുഷന്മാർ ഇതിനുമുമ്പു വിവാഹം ചെയ്തു. അവരെല്ലാവരും ഒന്നൊഴിയാതെ മരിക്കയാണു ചെയ്തതു്. ഒരു പിശാചു് അവരെ കൊന്നു എന്നാണു കേൾവി. എനിക്കും അങ്ങനെ തന്നെ സംഭവിച്ചേക്കാം. മാതാപിതാക്കന്മാരുടെ ഏകപുത്രനായ ഞാൻ അങ്ങനെ മരിക്കുന്നപക്ഷം അവരുടെ സ്ഥിതി എത്ര പരിതാപകരമായിരിക്കും!"

റഫായേലിന്റെ മറുപടി ഇങ്ങനെയായിരുന്നു: "നീ വളരെ തെററിദ്ധരിച്ചിരിക്കുന്നു. ആരുടെമേലാണു് പിശാചു് തന്റെ അധികാരം പ്രവർത്തിക്കുന്നതെന്നു ഞാൻ പറഞ്ഞുതരാം. ചിലർ വിവാഹം ചെയ്യുന്നു. എന്നാൽ ദൈവത്തെ അവരുടെ മനസ്സിൽനിന്നും അവരുടെ ജീവിതത്തിൽനിന്നും അവർ ഒഴിച്ചുനിറുത്തുകയാണു്. ബുദ്ധിയില്ലാത്ത കുതിരയും കഴുതയുംപോലെ ജഡികാഭിലാഷങ്ങളുടെ പൂർത്തീകരണംമാത്രം അവർ വിവാഹത്തിൽ കാണുന്നു. അവരുടെ മേലാണു് പിശാചിനാധിപത്യമുള്ളതു്. എന്നാൽ നീ അങ്ങനെ ആയിരിക്കയില്ലല്ലൊ. വിവാഹം കഴിഞ്ഞു് നീ ഭാര്യയോടുകൂടി മണവറയിൽ പ്രവേശിക്കുക. മൂന്നു ദിവസത്തേക്കു സ്ത്രീയെ സ്പർശിക്കാതെ, അവളോടൊന്നിച്ചു് നീ പ്രാർത്ഥനയിലായിരിക്കണം. മൂന്നാം ദിവസം തീ കത്തിച്ചു് മീൻകരൾ അതിലിട്ടു പുകയ്ക്കുക. പിശാചു് അവന്റെ വഴിക്കു പൊയ്ക്കൊള്ളും."

"തന്റെ വഴികാട്ടി ഒരത്ഭുതമനുഷ്യനാണെന്നുതന്നെ തോബിയാസ് വിചാരിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളിലെല്ലാം വളരെ വിവേകവും ദീർഘദൃഷ്ടിയും കാണുന്നുണ്ടു്. കൂട്ടുകാരൻ പറഞ്ഞതെല്ലാം തോബിയാസ് സമ്മതിച്ചു. അവർ റഗുവേലിന്റെ ഭവനത്തിനുള്ളിലായി. റഗുവേൽ തന്റെ സംബന്ധിയായ തോബിയാസിനെ തിരിച്ചറിഞ്ഞപ്പോൾ അവക്കു് ഒരു വിരു

ന്നു നൽകുവാൻ തയാറായി. പക്ഷെ തോബിയാസ് പ റഞ്ഞു, തനിക്കു ഭാര്യയായി സാറായെ കൊടുക്കുമെന്നു വാഗ്ദാനം ലഭിച്ചല്ലാതെ റഗ്വേലിൻെറ ഭവനത്തിൽ നിന്നും പച്ചവെള്ളം താൻ കുടിക്കുന്നതല്ലെന്നു്. ആ ശാഠ്യം റഗ്വേലിനെ വളരെ വേദനപ്പെടുത്തി. സാറായെ വിവാഹം ചെയ്യുന്ന പുരുഷന്മാർ പെട്ടെന്നു മരിച്ചുപോകയാണു പതിവു്. തൻെറ 'കസിൻ' തോബിയാസിൻെറ ഏകപുത്രനും അങ്ങനെ മരണാപകടത്തിലേക്കു ചാടുവാൻ അനുവദിക്കണമോ എന്നു സംശയിക്കുകയായിരുന്നു അയാൾ. അപ്പോൾ റഫായേൽ പറഞ്ഞു: "താങ്കൾ ഭയപ്പെടേണ്ടതില്ല. ദൈവത്തെ ഭയപ്പെടുന്ന ഒരു പുരുഷനാണു് താങ്കളുടെ മകളുടെ ഭർത്താവായിരിക്കുവാൻ അർഹൻ. മററു് ആരു് അവളെ വിവാഹം കഴിച്ചാലും വരനു ശാപമായിരിക്കും ഫലം."

"റഗ്വേൽ വിവാഹത്തിനു സമ്മതിച്ചു. സാറായുടെ വലത്തുകൈ എടുത്തു് അയാൾ തോബിയാസിൻെറ വലത്തുകൈയിലേക്കു വച്ചിട്ടു് പറഞ്ഞു: "അബ്രാഹത്തിൻേറയും ഇസഹാക്കിൻേറയും യാക്കോബിൻേറയും ദൈവമായ കർത്താവു് നിങ്ങളോടുകൂടി ഉണ്ടായിരിക്കയും, നിങ്ങളെ തമ്മിൽ യോജിപ്പിക്കയും അവിടുത്തെ അനുഗ്രഹം നിങ്ങളിൽ ഫലപ്പെടുകയും ചെയ്യട്ടെ." അപ്പോൾ മുതൽ ഭാര്യാഭർത്താക്കന്മാരായി പരിണമിച്ചു, സാറായും തോബിയാസും. മണവറയിലേക്കു അവർ ആനയിക്കപ്പെട്ടു. പക്ഷെ മൂന്നു രാത്രി പ്രാർത്ഥനയിൽ കഴിച്ചുകൂട്ടുവാനാണു് അവർ നിശ്ചയിച്ചതു്. ആദ്യത്തെ രാത്രിയിൽ തന്നെ റഫായേൽ ദൈവദൂതൻ പിശാചിനെ ഈജിപ്തിലെ മരുഭൂമിയിൽ ബന്ധിച്ചുകളഞ്ഞു. ഇതൊന്നുമറിയാതെ റഗ്വേൽ ഒരു ശവക്കുഴി തീർക്കുവാൻ ഒരു സേവകനെ നിയോഗിച്ചിരുന്നു. സാറായുടെ എട്ടാമത്തെ വരനും മരിക്കുന്നപക്ഷം വെളുക്കുന്നതിനുമുമ്പേ ശവം മറവുചെയ്യണമെന്നായിരുന്നു അയാളുടെ നിർദ്ദേശം. തോബിയാസ് മരിച്ചിട്ടുണ്ടോ എന്നറിയുവാൻ അർദ്ധരാത്രി

കഴിഞ്ഞു് അയാൾ അന്വേഷണം നടത്തി. ഇരുവരും പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുന്നതായിട്ടാണു റഗുവേൽ കണ്ടതു്. അയാളുടെ സന്തോഷത്തിനതിരില്ലായിരുന്നു. ആരും അറിയാതെ ആ കുഴി മൂടിക്കളയുവാനും ഒരു വലിയ വിരുന്നൊരുക്കുവാനും റഗുവേൽ കല്പന കൊടുത്തു."

തോബിയാസിൻെറ ചരിത്രം അച്ചൻ അവിടെ അവസാനിപ്പിച്ചു. മുഴുവനും കേൾക്കണമെന്നാഗ്രഹിച്ചവരോടു പഴയനിയമം ഒന്നു വായിക്കുവാൻ ഉപദേശിക്കുകയാണു ചെയ്തതു്. പിന്നീടു് അദ്ദേഹം പറഞ്ഞു: "നിങ്ങൾ ഇതുവരേയും എന്നോടു ചോദ്യങ്ങൾ ചോദിക്കയായിരുന്നല്ലൊ. എന്നാൽ ഇനി ഞാൻ നിങ്ങളോടൊരു ചോദ്യം ചോദിക്കുവാൻ പോകുന്നു. ഞാൻ ഈ കഥ ഇവിടെ പറഞ്ഞതെന്തിനെന്നു നിങ്ങൾ വിചാരിക്കുന്നു?"

കഥ കേട്ടുകൊണ്ടിരുന്നപ്പോൾ ഉണ്ടായിരുന്ന അവരുടെ ഉത്സാഹത്തിനു ഒരു മങ്ങൽ തട്ടി. പല ചോദ്യങ്ങളും അവർക്കു ചോദിക്കുവാനുണ്ടായിരുന്നു. പക്ഷെ അച്ചൻെറ ഉദ്ദേശമെന്തായിരുന്നുവെന്നു കണ്ടുപിടിക്കുന്നതെങ്ങനെ? എല്ലാവരും കുറേനേരത്തേക്കു ചിന്തിച്ചങ്ങനെ ഇരുന്നുപോയി. മുപ്പുമുറസ്സുകാണവർ മറുപടി പറഞ്ഞതു്. അച്ചാമ്മ പറഞ്ഞു: "തോബിയാസിൻെറ ചരിത്രം ഞാൻ ആവശ്യപ്പെട്ടതുകൊണ്ടു അച്ചൻ പറഞ്ഞുവെന്നേ ഞാൻ വിചാരിക്കുന്നുള്ളു. പിശാചിനെ തുടലേൽ പൂട്ടിയിട്ടിരിക്കയാണെന്നു തെളിയിക്കണമെന്നുമുണ്ടായിരുന്നിരിക്കാം."

"ചില അന്ധവിശ്വാസങ്ങൾക്കു സ്ഥിരീകരണം നൽകുവാൻ അച്ചൻ ഈ കഥ കൊണ്ടുവന്നുവെന്നു ഞാൻ വിചാരിക്കുന്നു". ജോയി സമർത്ഥിച്ചു.

"വിവാഹബന്ധത്തിൽ ഉദ്ദേശശുദ്ധിയില്ലാത്ത പാർട്ടിക്കു നാശം ഭവിക്കുമെന്നു കാണിക്കണമെന്നായിരുന്നു അച്ചൻെറ ഉദ്ദേശം." തെയ്യാമ്മയുടെ അഭിപ്രായം.

"അച്ചൻെറ ഉദ്ദേശം എന്തുതന്നെയായിരുന്നാലും പിശാചുക്കൾക്കു മനുഷ്യരെ ഉപദ്രവിക്കുവാൻ കഴിയു

മെന്നാണു് ഈ കഥയിൽനിന്നും ഞാൻ മനസ്സിലാക്കുന്ന തു്'' സെലിൻ പറഞ്ഞു.

"ഒരെടക്കാരനുണ്ടെങ്കിലേ കല്യാണം മംഗളമായി നടക്കു അതൊരു മാലാഖയായാൽ ഏററം നന്നു്. അതൊന്നെടുത്തു കാണിക്കണമെന്നു ഉദ്ദേശിച്ചിട്ടുണ്ടായിരിക്കാം" ആലീസു്.

അഞ്ചു് അഭിപ്രായങ്ങളിലും കുറെ കാര്യങ്ങളുണ്ടെന്നു ഫാദർ ഫിലിപ്പിനു തോന്നി. നാം പറയുന്ന വാക്കുകൾക്കു് നാം വിചാരിക്കാത്ത അർത്ഥങ്ങളും വ്യാഖ്യാനങ്ങളും ചിലപ്പോൾ മററുള്ളവർ കല്പിച്ചുവെന്നു വരും. ആ കഥ പറഞ്ഞതിൽ ഫാദർ ഫിലിപ്പിനു് ഒരുദ്ദേശമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം എല്ലാവരേയും അഭിനന്ദിച്ചിട്ടു പറഞ്ഞുതുടങ്ങി: "ആലീസിൻെറ ചോദ്യത്തിനുള്ള മറുപടി പറയുകയാണല്ലൊ എൻെറ ഇപ്പോഴത്തെ ചുമതല. പിശാചു് തുടലേൽ പൂട്ടിയിട്ടിരിക്കുന്ന ഒരു പട്ടിയെപ്പോലാണെന്നു ഞാൻ പറഞ്ഞു. അതിനെ എതിക്കുവാനാണു് തോബിയാസിൻെറ കാര്യം അച്ചാമ്മ എന്നെ ഓർപ്പിച്ചതു്. അതിനാൽ അതുസംബന്ധിച്ച ചരിത്രം മുഴുവനും ഞാൻ നിങ്ങളുടെ മുമ്പിൽ വച്ചു. കുടുംബജീവിതക്കാരെയാണു് പിശാചു പലപ്പോഴും അലട്ടിക്കൊണ്ടിരിക്കുന്നതെന്നു് ചരിത്രവും അനുഭവങ്ങളും തെളിയിക്കുന്നുണ്ടല്ലൊ. എന്നാൽ എങ്ങനെയുള്ള ആളുകളുടെ മേലാണു് പിശാചു് തൻെറ ആധിപത്യം പുലത്തുന്നതെന്നു് തോബിയാസിൻെറ ചരിത്രം വെളിവായി കാണിക്കുന്നു. ദുഷ്ടലാക്കോടുകൂടി വിവാഹിതരാകുന്നവരെ പിശാചു് വെറുതെ വിടുകയില്ല. അവൻെറ പ്രിയംകരമായ ഇരയാണു് അത്തരം ദമ്പതികൾ.

"സാറായെ വിവാഹം ചെയ്ത ഏഴു പുരുഷന്മാരേയും ഒരു പിശാചു് വധിച്ചുകളഞ്ഞു. അവർ മൃഗങ്ങളുടെ ജഡത്തോടുകൂടി വിവാഹവേദിയിൽ പ്രവേശിച്ചതുകൊണ്ടാണു് പിശാചു് അവരെ നിഗ്രഹിച്ചുകളഞ്ഞതെന്നു റഫായേൽതന്നെ പറയുന്നുണ്ടല്ലൊ. എന്നാൽ വി

ശുദ്ധനായ തോബിയാസിന്റെ മുറ വന്നപ്പോൾ ആ പിശാചിനെ ദൈവദൂതൻ ബന്ധിച്ചു നിറുത്തി എന്നാണല്ലോ ചരിത്രം. എല്ലാ കുടുംബങ്ങളിലും ഏകദേശം ഇങ്ങനെതന്നെയാണു സംഭവിക്കുന്നതു്. ദൈവഭയമുള്ള കുടുംബങ്ങളിൽനിന്നും പിശാചകന്നുനിൽക്കും. ശുദ്ധതയില്ലാത്ത കുടുംബം പിശാചിന്റെ നാടകവേദിയാണു്. നീചമായ അവന്റെ ഉദ്ദേശങ്ങൾക്കു പററിയതെങ്കിൽ പിശാചു് ആ കുടുംബത്തിൽ നാശങ്ങളുണ്ടാക്കും. ദൈവം അവന്റെ സ്വാതന്ത്ര്യത്തെ തടയുകയില്ല. വിശുദ്ധന്മാരുടെ മുമ്പിലാണു് പിശാചെപ്പോഴും തുടലേൽ നിൽക്കുന്ന ഒരു പട്ടിയെപ്പോലാകുന്നതു്.

"ചില അന്ധവിശ്വാസങ്ങൾക്കു സ്ഥിരീകരണം നൽകുവാൻ ഞാൻ ഈ കഥ പറഞ്ഞുവെന്നാണല്ലോ ജോയിയുടെ അഭിപ്രായം. അതിനാൽ അതേപ്പററി രണ്ടു വാക്കു്. മീനിന്റെ ചങ്കും കരളും പിശാചിനെ ഓടിക്കുവാൻ ഉപയോഗപ്പെടുത്താമെന്നു് റഫായേൽ പറയുകയുണ്ടായി. തോബിയാസ് മണവറയിൽവച്ചു് അതിന്റെ പരീക്ഷണം നടത്തുകയും മാലാഖ പറഞ്ഞതു ശരിയാണെന്നു അയാൾക്കു ബോദ്ധ്യപ്പെടുകയും ചെയ്തു. ആ ഭാഗം വന്നപ്പോൾ ജോയി പുച്ഛരസത്തിൽ ഒന്നു പുഞ്ചിരിക്കൊണ്ടു. ജോയിയുടെ വീക്ഷണത്തിൽ അതു് അന്ധവിശ്വാസമായിരിക്കാം. മീൻകരളിനും പിശാചിനും തമ്മിൽ എന്താണു ബന്ധമെന്ന ചോദ്യം സ്വാഭാവികമായി ഉണ്ടാകാം. അതിനെന്റെ മറുപടി ഇതാണു്:—

"പ്രത്യേകതരത്തിലുള്ള ഒരു മത്സ്യമായിരുന്നു അതു്. അതിന്റെ ചങ്കും കരളും തീയിലിട്ടാൽ അതിന്റെ പുക എത്തുന്ന സ്ഥലത്തുനിന്നും പിശാചു് പൊയ്ക്കൊള്ളണമെന്നൊരു താല്ക്കാലികനിയമം ഒരു പ്രത്യേക പരിതസ്ഥിതിയിൽ ദൈവത്തിനു നൽകുവാൻ പാടില്ലായ്കയില്ല. നമ്മുടെ ഹനാൻവെള്ളത്തിന്റെ ഒരു പൂർവ്വരൂപമായിരുന്നിരിക്കാം അതു്". ഹനാൻവെള്ളത്തിനു പിശാചി

നെ ഓടിക്കുവാനുള്ള ശക്തിയുണ്ടെന്നാണല്ലോ നമ്മുടെ വിശ്വാസം. ആ വിശ്വാസം ശരിയാണെന്ന് അനുഭവങ്ങൾകൊണ്ടു നാം കാണുകയും ചെയ്യുന്നു.''

ഫാദർ ഫിലിപ്പിൻെറ കണ്ണുകൾ പുറമേയുള്ളതു മാത്രമല്ല കാണുന്നതെന്നു മനസ്സിലാക്കിയപ്പോൾ ജോയി അത്ഭുതപരതന്ത്രനായി. അയാൾ പറഞ്ഞു: "അച്ചൻെറ പരേംഗിതജ്ഞാനം അത്ഭുതാവഹമാണ്. കഥയുടെ ആരംഭത്തിൽ എനിക്കങ്ങനെ ഏതാണ്ടെല്ലാം തോന്നി. എന്നാൽ അതൊരു സംശയമായി ചോദിക്കുവാൻ ഞാൻ ഉദ്ദേശിച്ചിരുന്നതല്ല. അമ്മച്ചിയെ എനിക്കു ഭയമാണ്. എൻെറ സംശയങ്ങളെല്ലാം ചോദിച്ചാൽ ഞാൻ ഒരു ക്രിസ്ത്യാനിയെ അല്ലെന്നു അമ്മച്ചി വിചാരിച്ചെങ്കിലോ! ഏതായാലും ചോദിക്കാതെ തന്നെ അതിൻെറ മറുപടി കിട്ടിയതിൽ സന്തോഷമുണ്ടു്. ഇനി അധികം കുഴപ്പമില്ലാത്ത ഒരു ചോദ്യം ഞാൻ ചോദിച്ചുകൊള്ളട്ടെ. മനുഷ്യരെ ഉപദ്രവിക്കുവാൻ പിശാചിനു് ദൈവത്തിൻെറ അനുവാദം വേണമെന്നു് എങ്ങനെ തെളിയിക്കാം?

## പിശാചിനു് ദൈവത്തിൻെറ അനുവാദമോ?

ദൈവം അറിയാതെ ഒന്നും സംഭവിക്കയില്ല എന്നു യുക്തിയിൽനിന്നും തെളിയിക്കുവാൻ വളരെ എളുപ്പമാണ്. എന്നാൽ ദൈവത്തിൻെറ അനുവാദം കൂടാതെ യാതൊന്നും പ്രവർത്തിക്കുവാൻ പിശാചുക്കൾക്കു സ്വാതന്ത്ര്യമില്ല എന്നെങ്ങനെ തെളിയിക്കും? മനുഷ്യനു പ്രമാണത്തെ ലംഘിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടു്, പിശാചുക്കൾക്കും അത്രയും സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കേണ്ടതല്ലേ? ഇങ്ങനെ പലതും തോന്നാവുന്ന ഒരു പ്രശ്നമത്രേ ഇതു്. അച്ചൻ പഴയനിയമത്തിലേക്കുതന്നെ തിരിഞ്ഞു. ജോബിൻെറ കഥ വളരെ പററിയതായി തോന്നി. അദ്ദേഹം ആ കഥയാണു പിന്നീടു പറഞ്ഞതു്.

## VI. ജോബിൻെറ ചരിത്രം.

"ചരിത്രത്തിൽനിന്നും ഒരു തെളിവു ഞാൻ കാണിക്കാം. തോബിയാസിൻെറ കഥപോലെ ജോബിൻെറ ഒരു കഥയുണ്ട്. അതൊന്നു കേട്ടുകൊള്ളു. കിഴക്കൻ രാജ്യങ്ങളിൽ പണ്ട് ഹൂസ് എന്നു പേരായ ഒരു സ്ഥലമുണ്ടായിരുന്നു. അവിടെയാണു ജോബ് എന്നൊരാൾ ജീവിച്ചിരുന്നത്. അയാൾ നീതിമാനായിരുന്നു; ധനികനായിരുന്ന അയാൾക്കു ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടായിരുന്നു. അക്കാലത്ത് ഒരു ധനികനെ അളന്നിരുന്നത് അയാൾക്കുള്ള ആട്ടുമാട്ടുകളുടെ എണ്ണംകൊണ്ടായിരുന്നു. 7000 ആടുകളും 3000 ഒട്ടകങ്ങളും 1000 കാളകളും 500 പെൺകഴുതകളും ഉള്ള ജോബ് ഒരു മഹാധനികനായി എണ്ണപ്പെട്ടതിൽ വിസ്മയമില്ല.

"സന്താനങ്ങൾ ജോബിനെപ്പോലെ അത്ര നല്ലവരായിരുന്നോ എന്നു സംശയമുണ്ട്. പിതാവിൻെറ സമ്പാദ്യം ധൂർത്തടിക്കുന്നതിലായിരുന്നു അവരുടെ ശ്രദ്ധ. ആഴ്ചയിൽ ഏഴു ദിവസവും അവർ വിരുന്നു കഴിക്കയാണു്. ഓരോരുത്തരും മാറിമാറി വിരുന്നുനടത്തും. സഹോദരികളേയും ക്ഷണിക്കുവാൻ അവർ വിട്ടുപോകയില്ല. ഓരോരുത്തരുടേയും വിരുന്നു കഴിയുമ്പോൾ ജോബ് ഓരോരുത്തക്കും വേണ്ടി ഉറക്കമിളച്ചിരുന്നു പ്രാർത്ഥിക്കുകയും വിരുന്നുകളിൽ അവർ ചെയ്യുക്കൂട്ടിയേക്കാവുന്ന പാപങ്ങൾക്കു പരിഹാരബലി അപ്പിക്കയും ചെയ്യുമായിരുന്നു.

"അടുത്തതു സ്വർഗ്ഗത്തിലെ ഒരു രംഗമാണു്. ദൈവത്തിൻെറ മുമ്പിൽ നിന്നിരുന്ന മാലാഖാമാരുടെ കൂട്ടത്തിൽ ഒരു പിശാചും വന്നിരിക്കുന്നു! അവൻ എവിടെനിന്നും വരുന്നുവെന്നു ചോദിച്ചപ്പോൾ, ഞാൻ ലോകം മുഴുവനും ചുററിനടന്നിട്ടു വരികയാണെന്നായിരുന്നു അവൻെറ മറുപടി. ദൈവം ജിജ്ഞാസുവായി ചോദിച്ചു: 'എൻെറ ദാസനായ ജോബിനെ നീ കണ്ടുവോ? അവനെപ്പോലെ സത്യസന്ധനും ശുദ്ധബുദ്ധിയും ദൈവഭക്തനും

പാപരഹിതനുമായ മററൊരാൾ കാണുകയില്ല. പിശാചിനു തൻെറ വിഷം വമിക്കുവാനുള്ള സമയമായി. അവൻ പറഞ്ഞു: കാൎയ്യമെല്ലാം ശരിയാണു്. പക്ഷെ അവൻ ദൈവത്തെ സേവിക്കുന്നതു വെറുതേയല്ല. അവനെ സമ്പത്തുകൊണ്ടും സന്താനങ്ങളെക്കൊണ്ടും അങ്ങനുഗ്രഹിച്ചിരിക്കുന്നു. എന്നാൽ അവൻെറ സമ്പത്തും പ്രതാപവും ഒന്നു പിൻവലിക്കുക. അപ്പോൾ കാണാം അവൻ നിരാശനായി അങ്ങയെ അവഹേളിക്കുന്നതു്." ദൈവം പറഞ്ഞു: "കൊള്ളാം! ജോബിൻെറ സകല സമ്പത്തിന്മേലും ഞാൻ നിനക്കധികാരം നൽകുന്നു. എന്നാൽ അവൻെറ ദേഹത്തു നീ തൊട്ടുപോകരുതു". പിശാചു് അവിടെനിന്നും അപ്രത്യക്ഷനായി.

"ഇനി നാം ഭൂമിയിലേക്കാണു വരുന്നതു്. ജോബിൻെറ മൂത്തമകൻെറ വീട്ടിൽ കെങ്കേമമായ ഒരു വിരുന്നു നടന്നുകൊണ്ടിരിക്കയാണു്. നോയമ്പും പ്രായശ്ചിത്തവും പ്രാൎത്ഥനയുമായി ജോബു അന്നും സ്വന്തം ഭവനത്തിൽ കഴിച്ചുകൂട്ടുകയായിരുന്നു. ഉച്ചതിരിഞ്ഞു കാണും. ഒരു ദൂതൻ ഓടിക്കിതച്ചു വന്നു് ജോബിനോടു പറയുകയാണു്: കാളകളെയെല്ലാം നുകത്തിനുവച്ചു് വയലുകൾ ഉഴുതുകൊണ്ടിരിക്കയായിരുന്നു. അവയ്ക്കടുത്തുതന്നെ കഴുതകൾ മേയുന്നുമുണ്ടായിരുന്നു. അപ്പോൾ ഒരു സംഘം സബേയക്കാർ അവയുടെമേൽ ചാടിവീണു് അവയെയെല്ലാം തട്ടിക്കൊണ്ടുപോയി. അവരെ തടഞ്ഞ വേലക്കാരെയെല്ലാം അവർ വെട്ടിക്കൊന്നു. ഈ വിവരം പറയുന്ന ഞാൻ മാത്രമാണു് അവരിൽനിന്നും രക്ഷപെട്ടതു്."

"അയാൾ പറഞ്ഞു നിറുത്തുന്നതിനുമുമ്പേ മററൊരു ഭൃത്യൻ അവിടെ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. അയാൾ പറയുകയാണു്: നമ്മുടെ 7000 ആടുകളും ആ പുൽമേട്ടിൽ മേഞ്ഞു നടക്കുകയായിരുന്നു. ആകാശത്തിൽനിന്നും അത്ഭുതകരമായ ഒരഗ്നി ഇറങ്ങി അതിനെയെല്ലാം ഞൊടിയിടകൊണ്ടു ദഹിപ്പിച്ചുകളഞ്ഞു. അക്കൂട്ടത്തിൽ ആട്ടിട

യന്മാരും കരിഞ്ഞുപോയി. ഭാഗ്യത്തിനു ഞാൻമാത്രം രക്ഷപെട്ടു.

"അവസാനത്തെ വാചകം നിറുത്തുന്നതിനുമുമ്പേ വേറൊരാൾ വിയത്തൊലിച്ചുവന്നു. അയാൾ ഇപ്രകാരം തുടങ്ങി: "ഒട്ടകങ്ങളെല്ലാം ഒരു സ്ഥലത്തു കൂടിനില്ക്കയായിരുന്നു. അപ്പോൾ കൽദായക്കാർ മൂന്നുസംഘമായി വന്ന് മൂവായിരത്തിനേയും വളയുകയും എല്ലാത്തിനേയും അപഹരിച്ചുകൊണ്ടുപോകയും ചെയ്തു. അവയെ കാത്തുകൊണ്ടുനിന്നിരുന്ന ഭൃത്യന്മാരേയും അവർ കൊന്നൊടുക്കി. അക്കൂട്ടത്തിൽനിന്നും ഞാൻമാത്രമാണു രക്ഷപെട്ടുപോന്നതു്.

"കൂരമ്പുകൾ ഒന്നിനു പുറകെ ഒന്നായി ഇങ്ങനെ ജോബിൻെറ നേരെ വന്നുകൊണ്ടിരുന്നു. അവസാനത്തുപറയുവാൻ പോകയാണു്. പൊട്ടിക്കരഞ്ഞുകൊണ്ടു് ഒരാൾ ഓടിവന്നു. ഇനി എന്താണു കേൾക്കുവാനുള്ളതു്? അയാൾ പറഞ്ഞു: ഇന്നു് അവിടുത്തെ മൂത്തമകൻെറ വീട്ടിൽ കെങ്കേമമായ വിരുന്നു നടന്നുകൊണ്ടിരിക്കയായിരുന്നു. മററു് ആറു സഹോദരന്മാരും മൂന്നു സഹോദരികളും പതിവുപോലെ അവിടെ കൂടിയിരുന്നു. പതിവിലേറെ വീഞ്ഞു് അവരെല്ലാം കുടിക്കയുണ്ടായി. അങ്ങനെ ലഹരിപിടിച്ചിരിക്കുമ്പോൾ ഒരു കൊടുങ്കാററടിച്ചു. നാലു ഭിത്തികളും പിഴുതു് വീട്ടുമുകളിലേക്കുയന്നു. എല്ലാവരും സ്തംഭിച്ചിരുന്നു പോയി. ആ ഇരിപ്പിൽ അതെല്ലാംകൂടി താഴോട്ടുവന്നു. അവിടുത്തെ പുത്രന്മാരും പുത്രികളും അവരുടെ സന്താനപരമ്പരകളും ഭൃത്യന്മാരും ഒന്നടങ്കം അരഞ്ഞുപോയി. ഞാൻമാത്രം എങ്ങനേയോ രക്ഷപെട്ടു.

"ജോബിനു് ഇനി ഒന്നും കേൾക്കുവാനുണ്ടായിരുന്നില്ല. അയാൾ തൻെറ വസ്ത്രം കീറി തല മുട്ടയടിച്ചു് കമിഴ്ന്നു വീണു കിടന്നുകൊണ്ടു പ്രാത്ഥിച്ചു: അമ്മയുടെ ഉദരത്തിൽനിന്നും നഗ്നനായി ഞാൻ ലോകത്തിലേക്കു വന്നു. ഞാൻ നഗ്നനായി ഭൂഗർഭത്തിലേക്കു പോകും. ദൈവം തന്നു, ദൈവം എടുത്തു. കത്താവിനു എന്നന്നേ

ക്കം സ്തുതി. പിശാചു പ്രതീക്ഷിച്ചതുപോലായിരുന്നില്ല ജോബിന്റെ പ്രവൎത്തനം.

"പിശാചു വീണ്ടും ദൈവസന്നിധിയിലെത്തി. ജോബിനെക്കുറിച്ചു് ദൈവം അന്നും അന്വേഷിച്ചു. അപ്പോൾ പിശാചു പറയുകയാണു്: "ഒരു മനുഷ്യൻ തന്റെ ജീവനുവേണ്ടി മററു സകലവും പണയപ്പെടുത്തുവാൻ തയാറായിരിക്കും. ജോബിന്റെ സമ്പത്തും സന്താനങ്ങളും നഷ്ടപ്പെട്ടുവെങ്കിലും അവനു നല്ല ആരോഗ്യമുണ്ടു്. അവന്റെ ശരീരത്തിൽ ഒന്നു തൊടുവാൻ എന്നെ അനുവദിക്കുക. അപ്പോൾ കാണാം അവന്റെ ദൈവഭക്തി അടിപറിഞ്ഞു വീഴുന്നതു്". ദൈവം അരുളിച്ചെയ്തു: "ജോബിന്റെ ശരീരത്തിന്മേൽ ഞാൻ നിനക്കധികാരം തരുന്നു. എന്നാൽ അവന്റെ ജീവനെ നീ തൊട്ടുപോകരുതു്." പിശാചു് അപ്രത്യക്ഷനായി.

ജോബിന്റെ ശരീരത്തിൽ പിശാചൊന്നു തൊട്ടു. അടിമുതൽ മുടിവരെ അയാളുടെ ശരീരം വ്രണങ്ങൾകൊണ്ടു നിറഞ്ഞു. ശരീരം പൊട്ടിയൊഴുകുവാനും ദുൎഗ്ഗന്ധം വമിക്കുവാനുംതുടങ്ങി. ഭാൎയ്യപോലും അതസഹനീയമായിരുന്നു. അതുകൊണ്ടു് വീട്ടിൽനിന്നും ഇറങ്ങി ഒരു വളക്കുഴിയുടെ തീരത്തു് ഒരു കുടിൽകെട്ടി അയാൾ താമസിച്ചു. അപ്പോഴും അയാളുടെ അധരങ്ങൾ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. ഇത്രമാത്രം ദ്രോഹം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ദൈവത്തെ ഇനിയും സ്തുതിക്കുന്നതു് ഒരു വിഡ്ഢിത്തമാണെന്നു ഭാൎയ്യ അഭിപ്രായപ്പെട്ടപ്പോൾ ജോബിന്റെ മറുപടി: 'നമ്മൾ ദൈവത്തിൽനിന്നും അനേകം നന്മകൾ സ്വീകരിച്ചിട്ടുണ്ടു്. ഇപ്പോൾ അവിടുന്നയയ്ക്കുന്ന തിന്മകളും നാം സന്തോഷത്തോടെ സ്വീകരിക്കേണ്ടയോ?' എന്നായിരുന്നു. പിശാചു് നിശ്ശേഷം പരാജിതനായി. ജോബു് സമ്പത്തിലും ദാരിദ്ര്യത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും ഒന്നുപോലെ ദൈവസ്തുതികൾ പാടിയിരുന്നു.

"ദൈവത്തിന്റെ അനുഗ്രഹം ജോബിന്റെമേൽ

കൂട്ടതലായുണ്ടായി. അയാൾക്കു പൂർണ്ണമായ ആരോഗ്യം ലഭിച്ചു. സമ്പത്തു് ഇരട്ടിയായി. 14000 ആടുകളും, 6000 ഒട്ടകങ്ങളും, 2000 കാളകളും, 1000 പെൺകഴുതകളുമായി ജോബിൻെറ സമ്പത്തു്. മക്കൾമാത്രം പഴയതുപോലെ, ഏഴു് ആണുങ്ങളും മൂന്നു പെണ്ണുങ്ങളും. ജോബിൻെറ പെൺമക്കളെപ്പോലെ സുന്ദരികളായ സ്ത്രീകൾ അന്നു ലോകത്തിലുണ്ടായിരുന്നില്ല എന്നാണു പറയപ്പെടുന്നതു്. 140 കൊല്ലംകൂടി ജീവിച്ചിട്ടു് ജോബു് ഭാഗ്യവാനായി മരണമടഞ്ഞു.

"ഇതിൽനിന്നും മനസ്സിലാക്കാമല്ലോ ദൈവാനുമതികൂടാതെ സാത്താൻ മനുഷ്യനെ ഉപദ്രവിക്കയില്ലെന്നു്. അന്യൻെറ ഒരു കോഴിയെ കൊല്ലാൻപോലും പിശാചിനധികാരമില്ല" ആലീസിനു പരിഭ്രമമായി. തൻെറ 4 കോഴിപ്പിടകൾ ചത്ത കാര്യം അച്ചൻ എങ്ങനെ അറിഞ്ഞുവെന്നായിരുന്നു അവളുടെ വിചാരം. കോഴിയുടെ കാര്യം പറഞ്ഞപ്പോൾ മററുള്ളവരെല്ലാം ആലീസിനെ ഏറുകണ്ണിട്ടു നോക്കുന്നുമുണ്ടായിരുന്നു.

## പിശാചുക്കൾ രണ്ടു ഗണമോ?

ജോയി പറഞ്ഞു: "അച്ചാ, എനിക്കൊരു കാര്യം അറിയണം. പിശാചിൻെറ ഉപദ്രവം എനിക്കുണ്ടാകരുതെന്നാണെൻെറ ആഗ്രഹം. അതിനു ഞാനെന്തു ചെയ്യണം? അച്ചൻ രണ്ടു പിശാചുക്കളുടെ കാര്യം ഇവിടെ പറഞ്ഞു. ഒന്നു തോബിയാസിൻെറ കഥയിലെ പിശാചു്. അയാൾക്കു ദുഷ്ടന്മാരോടായിരുന്നു പിണക്കം. സാറായെ വിവാഹംകഴിച്ച ഏഴു യുവാക്കന്മാരെ അയാൾ കൊന്നുകളഞ്ഞു. അവർ പരിശുദ്ധന്മാരല്ലാഞ്ഞതുകൊണ്ടാണങ്ങനെ ചെയ്തതു്. ജോബിൻെറ കഥയിലെ പിശാചിൻെറ പ്രകൃതി നേരെ മറിച്ചാണെന്നു തോന്നുന്നു. ജോബു് വളരെ പരിശുദ്ധനായിരുന്നതുകൊണ്ടാണു് അയാളെ പിശാചു കൊല്ലാക്കൊല ചെയ്തതു്. ഇങ്ങനെ രണ്ടു

ഗണം പിശാചുക്കൾ ലോകത്തിലുണ്ടോ? ഉണ്ടെങ്കിൽ ഒരു ഗണത്തിൽപ്പെട്ടവരും എന്നെ ഉപദ്രവിക്കരുതു്. അധികം തെമ്മാടിയും അധികം വിശുദ്ധനുമല്ലാതെ ജീവിച്ചാൽ പിശാചെന്നെ ഒഴിച്ചുവിട്ടേക്കുമോ?''

ആ ചോദ്യംകേട്ടു് എല്ലാവരും ചിരിച്ചു. ഫാദർ ഫിലിപ്പാണു് ഏററം കൂടുതൽ ചിരിച്ചതു്. ഈ രണ്ടു കഥകളുംകൂടി വന്നപ്പോൾ ഇങ്ങനെ ഒരു ചോദ്യം അസ്ഥാനത്തല്ല. എങ്കിലും അദ്ദേഹം പ്രതീക്ഷിച്ചിരുന്ന ഒരു ചോദ്യമായിരുന്നില്ല അതു്. ദുഷ്ടത പ്രവർത്തിക്കുന്നവരുടെ വീടുകളിൽ പിശാചുക്കൾ ഉപദ്രവങ്ങൾ ചെയ്യാറുണ്ടെന്നു അനുഭവസ്ഥന്മാർ പറയുന്നു. ഉത്തരിപ്പുകടം അധികമുള്ളവരുടെമേലാണു് പൈശാചികോപദ്രവങ്ങൾ സാധാരണയുണ്ടാകാറുള്ളതു്. എന്നാൽ പരമപരിശുദ്ധനായി ജീവിച്ചിരുന്ന ആർസിലെ വികാരിയച്ചനേയും പിശാചു ദ്രോഹിച്ചുകളഞ്ഞു. എന്നാലും ഒന്നുണ്ടു്. പിശാചു വളരെ ചുരുക്കംപേരെമാത്രമേ പ്രത്യക്ഷത്തിൽ ദ്രോഹിക്കാറുള്ളു. ലോകത്തിലുണ്ടാകുന്ന സകല വിപത്തുകൾക്കും പിശാചിനെ പഴിചാരുന്ന ഒരു കൂട്ടരുണ്ടു്. ജോയി ആ ഗണത്തിൽപ്പെട്ട ഒരാളാണോ എന്നദ്ദേഹം സംശയിച്ചുപോയി.

## വി. പൗലോസ് 2 കോറി. അദ്ധ്യായം 12

പിശാചിൽനിന്നും ഉപദ്രവങ്ങളുണ്ടാകാതിരിക്കണമെങ്കിൽ എങ്ങനെ ജീവിക്കണമെന്നുള്ള ചോദ്യം വളരെ വിചിത്രമായിത്തോന്നി, ഫാദർ ഫിലിപ്പിനു്. പ്രലോഭനങ്ങൾ ഒരുപദ്രവമായി പരിഗണിക്കുന്നെങ്കിൽ ആ ഉപദ്രവത്തിൽ നിന്നു് ക്രിസ്തുനാഥൻപോലും ഒഴിവാക്കപ്പെട്ടിരുന്നില്ല. കൊറന്ത്യാക്കാർക്കുള്ള 2–ാം ലേഖനം 12–ാം അദ്ധ്യായത്തിൽ വി. പൗലോസ് തന്നെപ്പററിത്തന്നെ പറഞ്ഞിരിക്കുന്നു: "വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അഹങ്കരിക്കാതിരിക്കുവാൻ എൻെറ ശരീര

ത്തിനു് ഒരു മുള്ള നൽകപ്പെട്ടിരിക്കുന്നു. ഞാൻ അഹങ്കരിക്കാതിരിക്കേണ്ടതിനു് എന്നെ പീഡിപ്പിക്കുവാനുള്ള സാത്താൻെറ ദൂതൻതന്നെ. എന്നിൽ നിന്നും അകററിക്കളയണമെന്നു് ഇതിനെപ്പററി മൂന്നുപ്രാവശ്യം എൻെറ കർത്താവിനോടു ഞാൻ പ്രാർത്ഥിച്ചു. അതിനു് അവൻ എന്നോടു്: "നിനക്കു് എൻെറ കൃപമതി. എൻെറ ശക്തി ബലഹീനതയിൽ ആകുന്നു പൂർണ്ണമാകുന്നതു്" എന്നരുളിച്ചെയ്തു. അതിനാൽ മിശിഹായുടെ ശക്തി എന്നിൽ വസിക്കേണ്ടതിനു് എൻെറ ബലഹീനതകളിൽ ഞാൻ സന്തോഷത്തോടെ പ്രശംസിക്കും."

ഫാദർ ഫിലിപ്പ് ഇങ്ങനെ മറുപടി പറഞ്ഞു: "ദൈവം അനുവദിക്കാതെ യാതൊരു പിശാചും നമ്മെ ഉപദ്രവിക്കയില്ല. ദുഷ്ടന്മാരെ ലോകത്തിൽവച്ചുതന്നെ ശിക്ഷിക്കുവാൻ ചിലപ്പോൾ പിശാചുക്കൾ നിയുക്തരാകാറുണ്ടു്. അതിനാൽ അതിദുഷ്ടനാകാതിരിക്കുക."

## വെളിപാടു് 3-ാം അദ്ധ്യായം

ജോയിക്കു വളരെ ഇഷ്ടപ്പെട്ടു ആ ഉപദേശം. അല്പം സ്വാതന്ത്ര്യമായി ജീവിക്കണമെന്നല്ലാതെ ദുഷ്ടത പ്രവർത്തിക്കുവാൻ ജോയി ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. എങ്കിലും വെളിപാടിലെ ഒന്നുരണ്ടു വാക്യങ്ങൾ അയാൾ ഓർത്തു. വെളിപാടിൻെറ പുസ്തകം മൂന്നാം അദ്ധ്യായത്തിൽ ഇപ്രകാരമാണു കാണുന്നതു്: "ലാവോദിക്യായിലുള്ള സഭയുടെ ദൂതനു നീ ഇങ്ങനെ എഴുതുക: "വിശ്വസ്തസാക്ഷിയായി, സത്യവാനായി, ദൈവത്തിൻെറ സൃഷ്ടിയുടെ തലയായി ആമ്മേൻ ആയിരിക്കുന്നവൻതന്നെ ഇവ അരുളിച്ചെയ്യുന്നു: നിൻെറ പ്രവൃത്തികൾ ഞാൻ അറിയുന്നു. നീ ശൈത്യമുള്ളവനല്ല, ഉഷ്ണമുള്ളവനുമല്ല; നീ ശൈത്യമുള്ളവനോ ഉഷ്ണമുള്ളവനോ ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ഇങ്ങനെ നീ ഉഷ്ണമുള്ളവനാകാതെയും ശൈത്യമുള്ളവനാകാതെയും, ശീതോഷ്ണമുള്ള

വനായിരിക്കയാൽ, ഞാൻ എന്റെ വായിൽനിന്ന് നിന്നെ വമിച്ചുകളയുവാൻ പോകുന്നു." ചൂടോ തണുപ്പോ ഇല്ലാത്തതിനാൽതന്നെയും കർത്താവ് ഉപേക്ഷിച്ചുകളഞ്ഞേക്കുമോ എന്നൊരു ഭയവും ജോയിക്കില്ലാതില്ല. അയാൾ ചോദിച്ചു: "വിശുദ്ധ ജീവിതം നയിക്കുന്നവരെ ഇക്കാലത്തു പിശാചുക്കൾ ജോബിനെ എന്നപോലെ ഉപദ്രവിക്കാറുണ്ടോ?"

വിശുദ്ധന്മാരെ പിശാചുക്കൾ ഭയപ്പെടുന്നുവെന്നും അവരുടെ അടുക്കൽ പിശാചുക്കൾ അടുക്കയില്ലെന്നും ആയിരുന്നു അവർ അഞ്ചുപേരുടേയും ധാരണ. പക്ഷേ അച്ചൻ പറഞ്ഞു വി. ജോൺ വിയാന്നിയുടെ ചരിത്രത്തിലെ ചില സംഭവങ്ങൾ: "ദുഷ്ടന്മാരെ എന്നതിനേക്കാൾ കൂടുതലായി ചിലപ്പോൾ വിശുദ്ധന്മാരെ പിശാചുക്കൾ അലട്ടാറുണ്ട്. 19-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന വി. ജോൺ വിയാന്നിയെ ഒരു മകുടോദാഹരണമായി ചൂണ്ടിക്കാണിക്കാം. അദ്ദേഹം ആർസിലെ വികാരിയായിരുന്ന കാലഘട്ടത്തിലാണ് പിശാചുക്കൾ ദൃശ്യരൂപം ധരിച്ച് അദ്ദേഹത്തെ ഭയപ്പെടുത്താറുണ്ടായിരുന്നത്.

## വിയാന്നിയച്ചൻ വീണ്ടും

ഒരു അർദ്ധരാത്രി വിയാന്നിയച്ചൻ സുഖസുഷുപ്തിയിലാണ്ടിരിക്കയായിരുന്നു. പെട്ടെന്നു ഒരു ശബ്ദമുണ്ടായി അദ്ദേഹം ഞെട്ടി എഴുന്നേററു. കിടക്കയുടെ വശങ്ങളിലായി തൂങ്ങിക്കിടക്കുന്ന കർട്ടൻ ഏതോ ജന്തു കടിച്ചു ചീന്തുന്നതുപോലുള്ള "കറുകറ" എന്ന സ്വരമാണു പിന്നീടു കേട്ടതു്. എലികളായിരിക്കുമെന്നു വിചാരിച്ച് അദ്ദേഹം കൈകൊട്ടി അവയെ ഓടിക്കുവാൻ. എന്നിട്ടും ആ ശബ്ദം തുടൻകൊണ്ടേയിരുന്നു. എലിക്കത്രിക വച്ചുനോക്കിയിട്ട് ഒരെലിയും വീണില്ല. പ്രഭാതത്തിൽ കർട്ടൻ പരിശോധിച്ചുനോക്കി അതിനൊരു കേടും ഉണ്ടായിരുന്നില്ല.

"അനേകം സംഭവപരമ്പരകളുടെ ഒരു തുടക്കമാ

യിരുന്നു അതു്. പിറേറദിവസം രാത്രി ആരോ വാതി ലിൽ ആഞ്ഞുതൊഴിക്കുന്ന ശബ്ദമാണു വിയാന്നിയച്ചൻ കേട്ടതു്. വസതിക്കു ചുററും ഭയാനകങ്ങളായ അലർച്ച കൾ ഉണ്ടായി. അക്രമികളായിരിക്കുമെന്നു ആദ്യം വി ചാരിച്ചു. മുറിതുറന്നു നോക്കി. ലൈററടിച്ചു. ആരേയും കണ്ടില്ല. ഇങ്ങനെ പല രാത്രിയായപ്പോൾ വിയാന്നിയ ച്ചനു ഭയംതുടങ്ങി. കൂട്ടുകിടക്കുവാൻ വളരെ ചങ്കുറപ്പുള്ള ഒരു യുവാവിനെ അദ്ദേഹം ക്ഷണിച്ചു. അച്ചനെ ഒന്നു സഹായിക്കുവാൻ അന്ത്രേവെക്കിനു് ഉത്സാഹം തോന്നി. ഒരു രാത്രി അയാൾ തോക്കുമായി വന്നു.

"പാതിരാവു കഴിഞ്ഞുകാണും. വാതിലിൻെറ താഴ വലിച്ചുകുലുക്കുന്നതുപോലൊരു ശബ്ദം. പുറകേ കുറുവടി കൾകൊണ്ടുള്ള അടിയും. മുറിക്കുള്ളിൽ കരണ്ടം പൊട്ടി ക്കുന്ന അലർച്ചയും. അന്ത്രേവെക്കു് ചാടിയെഴുന്നേററു് തോക്കുനിറച്ചു. എന്നാൽ ആരുടെ നേർക്കു വെടിവയ്ക്കും? ജനൽ തുറന്നു നോക്കിയിട്ടു് ആരേയും കാണുന്നില്ല. കെട്ടിടംനിന്നു കുലുങ്ങുവാൻ തുടങ്ങി. കൂട്ടത്തിൽ അന്ത്രേ വെക്കും. അപ്പോഴേക്കും വിയാന്നിയച്ചൻ എഴുന്നേററു വിളക്കുകത്തിച്ചു. അന്ത്രേവെക്കു് കുലുങ്ങുകയും വിയക്കു കയും ചെയ്യുന്നതാണു് അദ്ദേഹം കണ്ടതു്. "പേടിച്ചു പോയോ?" വിയാന്നിയുടെ ചോദ്യം. "ഇല്ലച്ചാ, എ നിക്കൊരു ക്രൂസലുമില്ല. ഇവർ കവർച്ചക്കാരും കള്ള ന്മാരുമല്ലെന്നു തീർച്ച?" അന്ത്രേവെക്കിൻെറ മറുപടി.

"പിറേറദിവസവും ആ ധീരനെത്തന്നെ അച്ചൻ അന്തിക്കൂട്ടിനു ക്ഷണിച്ചു. അപ്പോൾ അയാൾ പറയുക യാണു്: "ഇനി ഞാനങ്ങോട്ടില്ലച്ചാ." ഒരു ദിവസം മുറി യിലെ മേശയും കസേരകളും ആരോ മറിച്ചിട്ടുകളഞ്ഞു. അക്കൂട്ടത്തിലുയർന്ന ഗർജ്ജനം ഇങ്ങനെയാണു്: "വിയാ ന്നീ, വിയാന്നീ, ഉരുളക്കിഴങ്ങുതീനി, നീ ഇതുവരേയും ചത്തില്ലയോടാ? നിന്നെ ഞാൻ ശരിപ്പെടുത്തുന്നുണ്ടു്" എന്നൊക്കെ. പലകയിൽ ആണി അടിച്ചു കയററുന്നതു പോലുള്ള ശബ്ദം ചിലപ്പോൾ. മറെറാരവസരത്തിൽ

മേശയിലും വെള്ളപ്പാത്രത്തിലും താളംപിടിച്ചുകൊണ്ടുള്ള പാട്ടാണ്, വൃത്തികെട്ട സ്വരത്തിൽ.

"ഒരു രാത്രിയിൽ കുറേ ഈച്ചക്കൂട്ടം ഇരച്ചുവരുന്നതുപോലെ തോന്നി. വിയാന്നിയച്ചൻ തിരികത്തിച്ച് ജനൽ തുറന്നു, ഈച്ചയെ ഓടിക്കാൻ. പക്ഷേ അവിടെങ്ങും ഒരു ഈച്ചയേയും കണ്ടില്ല. ആ സ്വരവും നിലച്ചു. വിളക്കണച്ച് അച്ചൻ കിടക്കയിലേക്കു കയറി. ഉടൻ ഒരുകൂട്ടം വാവൽ ഭയാനകമായി ചിറകടിച്ചുകൊണ്ട് ഉറക്കറയ്ക്കുള്ളിലൂടെ പറക്കുവാൻ തുടങ്ങി. അച്ചൻ അതു ഗൗനിച്ചില്ല. കുതിച്ചു കുതിച്ചു പായുന്ന കുതിരകളുടെ കുളമ്പൊച്ചയാണു പിന്നെ. അതു കിടക്കയ്ക്കരികേവന്ന് മേല്പോട്ടും കീഴ്പ്പോട്ടും ചാട്ടം. അങ്ങനെ രാത്രിയിൽ അച്ചനെ ഉറക്കുകയില്ലെന്നു പിശാചിനു നിർബന്ധമായിരുന്നു.

"ഒരിക്കൽ കുമ്പസാരക്കൂട്ടിൽ വിയാന്നിയച്ചൻ ഇരിക്കയായിരുന്നു. അപ്പോൾ ഒരാൾ ഓടിവന്നു പറഞ്ഞു: "അച്ചാ മുറിക്കകത്തു തീ കത്തുന്നു. അങ്ങയുടെ കിടക്ക വെന്തെരിയുകയാണ്." അച്ചൻ അനങ്ങിയില്ല. "കിളിയെ കിട്ടാത്തതുകൊണ്ടവൻ കൂട് നശിപ്പിക്കയാണ്" എന്നു മാത്രം പറഞ്ഞു. ദേവാലയത്തിൽ നിന്നും തിരിയെ വന്നപ്പോഴേക്കും കിടക്കയും, മേല്ക്കൂട്ടിയും, കർട്ടനും, അടുത്തുള്ള സാധനങ്ങളും വെന്തുകരിഞ്ഞു കിടക്കുന്നതാണു കണ്ടത്.

"ഇങ്ങനെയെല്ലാം എന്തിനു പിശാചു ഒരു വിശുദ്ധനോടു ചെയ്യുന്നു എന്നു നിങ്ങൾക്കു തോന്നിയേക്കാം. ചോദിക്കാതെതന്നെ പിശാചതിനു മറുപടി പറയുന്നുണ്ട്. പിശാചു ബാധിച്ചിരുന്ന ഒരു സ്ത്രീയെ ഒരിക്കൽ അദ്ദേഹത്തിന്റെ പക്കൽ കൊണ്ടുവരികയുണ്ടായി. വിയാന്നിയച്ചനെ കണ്ട ക്ഷണത്തിൽ തുടങ്ങി അവൾ പടക്കം പൊട്ടിക്കുന്ന തരത്തിൽ: "വൃത്തികെട്ട തവളേ, നീ എന്തിനെന്നെ ക്രൂശിക്കുന്നു? ഞാൻ നിന്നോടു പടവെട്ടു

കയാണ്, മറെറാന്നിനുമല്ല. നീ വേണ്ടാത്ത പല കാര്യങ്ങൾ ചെയ്യുന്നു. പാപസങ്കീർത്തനത്തിനു നിൻെറ പക്കൽ ഇത്രമാത്രം ആളുകൾ കൂട്ടുന്നതെന്തിനു്? നിന്നെക്കാൾ പണ്ഡിതന്മാരായ എത്രമാത്രം വൈദികർ വേറേയുണ്ടു്! നീ എന്തിനു മററുള്ളവരുടെ മനസ്സാക്ഷിയിലേക്കു കടന്നുചെന്നു് അവിടെ നഞ്ചുകലക്കുന്നു? ഞാൻ അവരെ ഒരുക്കിയല്ലയോ നിൻെറ പക്കൽ അയക്കുന്നതു്? നീ ഏകാന്തത ആഗ്രഹിക്കുന്നുവെന്നു പറയുന്നു. ഈ ജോലി രാജിവച്ചിട്ടു വല്ല കാട്ടിലേക്കും പോകരുതോ? നീ എന്തിനാണു് ദിവസവും നാലുമണിക്കു് എഴുന്നേല്ക്കുന്നതു? കൂടുതൽ സമയം ഉറങ്ങണമെന്നു നിൻെറ മെത്രാൻപോലും കല്പന അയച്ചു. അതു കേൾക്കുവാനുള്ള ഭാവം നിനക്കുണ്ടോ? നീ എന്തിനിത്ര ലളിതമായി പ്രസംഗിക്കുന്നു? പട്ടണങ്ങളിലെ പണ്ഡിതോചിതമായ പ്രസംഗങ്ങൾ ഞാൻ കേട്ടിട്ടുണ്ടു്, അത്തരം പ്രസംഗങ്ങളാണെനിക്കിഷ്ടം. അതൊരുദോഷവും ഒരുത്തക്കും ചെയ്യുന്നില്ല. ഓരോരുത്തൻെറയും വഴിയിൽ അതു പ്രതിബന്ധമുണ്ടാക്കുന്നുമില്ല. പക്ഷെ നിൻെറ പ്രസംഗം ഒരു പാമരൻെറ ചെവിയിലേക്കും തുളച്ചുകയറുന്നു. അതു് അവൻെറ മനസ്സാക്ഷിയെ സൂചികുത്തുവാൻ തുടങ്ങുന്നു. നീ അങ്ങനെ എന്നേയും മററുള്ളവരേയും നിരന്തരം ശല്യപ്പെടുത്തുകയാണു്. എൻെറ ഇഷ്ടമനുസരിച്ചു പ്രവൎത്തിക്കുവാൻ നീ സമ്മതിക്കുന്നതുവരെ നിന്നെ ഞാൻ കിടത്തി ഉറക്കുകയില്ല."

മദ്ധ്യശതകങ്ങളുടെ അന്ത്യഘട്ടത്തോടുകൂടി പിശാചിനെപ്പററിയുള്ള മിഥ്യാധാരണകൾ അവസാനിച്ചു എന്നാണു ചില യുക്തിവാദികളുടെ വിശ്വാസം. എന്നാൽ 19–ാം നൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ ഫ്രാൻസിലെ വിശുദ്ധനായ ഒരു വൈദികനെ പിശാചുക്കൾ ഉപദ്രവിച്ച കഥ കേട്ടപ്പോൾ ജോയി അത്ഭുതപ്പെട്ടുപോയി. മററുള്ളവൎക്കു ഭയവും ജനിച്ചു. തൻെറ

സ്നേഹിതന്മാരെ പിശാചുക്കൾ ഉപദ്രവിക്കുവാൻ ദൈവം എന്തിനനുവദിക്കുന്നു എന്നു് ആരും ചോദിച്ചില്ല. ശ്രുതി മധുരമായ സ്വരത്തിൽ ആലീസ് ഇങ്ങനെ പാടി:—

"ഉരുക്കിട്ടുന്ന മിഴിനീരിലിട്ടു
മുക്കുന്നുമുററും ഭുവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെയെന്തോ
പണിത്തരത്തിന്നുപയുക്തമാക്കാൻ."

## മരിച്ചവർ

പിശാചിനോടു പോരാടേണ്ടിവരുമെങ്കിലും ഒരു വിശുദ്ധനായി ജീവിച്ചു് വിശുദ്ധികൊണ്ടു പിശാചിനെ ജയിക്കുന്നതാണു് അധർമ്മങ്ങൾ ചെയ്തു പിശാചിനടിമ യാകുന്നതിനെക്കാൾ നല്ലതെന്നു ജോയിക്കു വിശ്വാസ മായി. സെലിൻ ഒരു കഥ പറഞ്ഞു: "ഞങ്ങളുടെ നാട്ടിൽ ഒരു കുബേരനുണ്ടായിരുന്നു. അനേകം പാവങ്ങളുടെ മുതൽ അയാൾ അപഹരിച്ചു ധനികനായി എന്നായിരുന്നു ജനസംസാരം. അയാൾ മററൊരാൾക്കു്, അവന്റെ മുട്ടുപാടിൽപോലും ഒരു പൈസാ കൊടുക്കുയില്ലായിരുന്നു. രണ്ടു മൂന്നുമാസം മുമ്പാണു് അയാൾ മരിച്ചതു്. അയാൾ മരിച്ചതിന്റെ പിറേറന്നാൾ തുടങ്ങി ആ വീട്ടിന്റെ മച്ചിൻപുറത്തു് ഓട്ടവും ചാട്ടവും. അവിടെ താമസിക്കുവാൻ ആ വീട്ടുകാർക്കു ഭയമായി. ആ വീട്ടുവിട്ടു് ഇപ്പോൾ അവർ വേറൊരു വീട്ടിലാണു താമസിക്കുന്നതു്. പഠിച്ചിട്ടുള്ള അച്ചന്മാരെ കൊണ്ടുവന്നു വിലക്കിച്ചുനോക്കി. എന്നിട്ടും. പററിയില്ല. മരിച്ച ആളുകൾ ഇവിടെത്തന്നെ ചുററിപ്പററി നില്ക്കുയാണോ? പഠിച്ച അച്ചന്മാർ എന്നൊരു കൂട്ടർ വൈദികരുടെ ഗണത്തിലുണ്ടോ? ഇങ്ങനെ രണ്ടു സംശയങ്ങളാണെനിക്കുള്ളതു്."

മരണശേഷം ആത്മാവുകൾക്കു് എന്തു സംഭവിക്കുന്നുവെന്നു് കത്തോലിക്കാസഭ സംശയരഹിതമായി

പഠിപ്പിക്കുന്നു. പ്രസാദവരത്തിൽ നിര്യാതരാകുന്നവർ നിത്യസൗഭാഗ്യത്തിനായി സ്വർഗ്ഗത്തിലേക്കും പാപദോഷത്തിൽ മരിക്കുന്നവർ നിത്യശിക്ഷയ്ക്കായി നരകാഗ്നിയിലേക്കും പോകും എന്നാണു സഭയുടെ പഠനം. അല്പമായ കുറവുകൾമാത്രമുള്ളവർ ശുദ്ധീകരിക്കപ്പെട്ടവാനായി ഒരു താല്ക്കാലികസ്ഥലത്തേക്കു ആനയിക്കപ്പെട്ടുമെന്നുകൂടി പഠിപ്പിക്കുന്നുണ്ട്. ഈ മൂന്നു കൂട്ടരിൽ ആർക്കെങ്കിലും തങ്ങളുടെ പഴയസ്ഥാനത്തേക്കു തിരിച്ചുവരാൻ കഴിയുമോ? അതിനാവശ്യമുണ്ടോ? ഈ ചോദ്യങ്ങൾ തന്നോടുതന്നെ ചോദിച്ചിട്ട് അദ്ദേഹം ഇപ്രകാരം സെലിനു മറുപടി കൊടുത്തു.

മരിച്ച ആളുകൾ കഴിമാടത്തിലിരിക്കുന്നു വീട്ടിലിരിക്കുന്നു എന്നൊക്കെ വിശ്വസിക്കയും പറയുകയും ചെയ്യുന്നവർ ധാരാളമുണ്ട്. പൊതുവിധി കഴിഞ്ഞിട്ടേ ആത്മാവുകൾക്കു സമ്മാനവും ശിക്ഷയും ഉണ്ടായിരിക്കയുള്ളു. അതുവരെ അവർ ശ്മശാനങ്ങളിൽ അലഞ്ഞുതിരിയുന്നു എന്നു വിശ്വസിക്കുന്ന പ്രോട്ടസ്റ്റൻറു വിഭാഗങ്ങൾതന്നെയുണ്ട്. എന്നാൽ തൊട്ടതിനെല്ലാം വേദപുസ്തകസാക്ഷ്യങ്ങൾ ചികഞ്ഞെടുക്കാറുള്ള പ്രോട്ടസ്റ്റൻറുകാർക്ക് ഇക്കാര്യത്തിൽ വേദപുസ്തകവാക്യങ്ങളൊന്നുമില്ല. മരിച്ചവർ ഉടൻതന്നെ അവരുടെ സമ്മാനത്തിലേക്കും ശിക്ഷയിലേക്കും പ്രവേശിക്കുന്നു എന്നാണു് കത്തോലിക്കാസഭയുടെ വിശ്വാസം. കൊറിന്ത്യക്കാർക്കുള്ള 2–ാം ലേഖനം 5–ാം അദ്ധ്യായത്തിൽ വി. പൗലോസ് ഇങ്ങനെ എഴുതിയിട്ടുണ്ട്: "ആകയാൽ ഞങ്ങൾ ശരീരത്തിൽ വസിക്കുന്നിടത്തോളംകാലം നമ്മുടെ കർത്താവിൽനിന്നു് അകന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുകയും സമ്മതിക്കുകയും ചെയ്യുന്നു... ഇതിനാൽ ശരീരത്തിൽനിന്നകന്നു് നമ്മുടെ കർത്താവിന്റെ അടുക്കൽ ആയിരിക്കുവാൻ ഞങ്ങൾ പ്രതീക്ഷിക്കയും ആഗ്രഹിക്കയും ചെയ്യുന്നു" അദ്ദേഹംതന്നെ ഫിലിപ്പിയാക്കാർക്കുള്ള ലേഖനം 1–ാം അദ്ധ്യായത്തിൽ; "എന്റെ ജീ

വൻ മിശിഹായാകുന്നു. ഞാൻ മരിക്കുന്നെങ്കിൽ എനിക്കു ലാഭമാകുന്നു" എന്നും എഴുതിയിട്ടുണ്ട്. മരിച്ചാൽ ഉടൻ സമ്മാനം പ്രാപിക്കാമെന്നുള്ള വി. പൗലോസിന്റെ പ്രതീക്ഷ ഈ വാക്യങ്ങളിൽ തെളിഞ്ഞുകാണുന്നുണ്ടെന്നു തീർച്ചയാണല്ലൊ.

"ശരീരത്തിൽ നിന്നും ആത്മാവു പിരിയുന്ന ക്ഷണത്തിൽ തനതുവിധി നടക്കുന്നു എന്നു് വി. ആഗുസ്തീനോസും, മരണശേഷം ഉടൻതന്നെ പാപി നിത്യനരകാഗ്നിക്കും നീതിമാൻ നിത്യഭാഗ്യത്തിനും വിധിക്കപ്പെടുന്നു എന്നു് 12-ാം ബനദിക്തോസ് മാർപ്പാപ്പാ 1336-ലെ തന്റെ ഒരു ചാക്രിക ലേഖനത്തിലും സമർത്ഥിച്ചിട്ടുണ്ടു്. നരകവും സ്വർഗ്ഗവും ശുദ്ധീകരസ്ഥലവും എവിടെയാണെന്നു് ഒരാൾ ചോദിക്കുന്നപക്ഷം അതു ചൂണ്ടിക്കാട്ടുവാൻ ആർക്കും സാദ്ധ്യമല്ല. സ്വർഗ്ഗത്തിൽ കയറുക നരകത്തിൽ ഇറങ്ങുക എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ ചില തെററിദ്ധാരണയ്ക്കിടയാക്കിയിട്ടുണ്ട്. ഭൂമിക്കടിയിൽ നരകവും മേഘങ്ങൾക്കു മുകളിൽ സ്വർഗ്ഗവും എന്നു ചിലർ സങ്കല്പിച്ചിട്ടുണ്ട്. ഒരാത്മാവിനു് കയറുകയോ ഇറങ്ങുകയോ ചെയ്യേണ്ട ആവശ്യമുണ്ടോ? സമയവും സ്ഥലവുമില്ലാത്ത ഒരു സ്ഥിതിയെ നാം അതു രണ്ടും വച്ചളക്കുന്നതുകൊണ്ടുള്ള പ്രമാദങ്ങളാണിതൊക്കെയും. ആത്മാവുകളെ ഒരു കോട്ടയ്ക്കകത്തു കയററി ബന്ധിച്ചിട്ടുമെന്നു വിചാരിക്കുന്നതും അബദ്ധമാണു്. എന്നാലും ഒരു കാര്യം സമ്മതിക്കണം. ലോകത്തിൽ മനുഷ്യൻ സർവ്വസ്വാതന്ത്ര്യനാണു്. എന്നാൽ മരണശേഷം അവൻ സഞ്ചരിക്കേണ്ടതു ദൈവം വരച്ചിട്ടുള്ള വരയിൽക്കൂടി മാത്രമാണു്. സ്വന്തം വീടിന്റെ തട്ടിൻപുറത്തു വന്നൊളിച്ചിരിക്കുവാനും ശ്മശാനങ്ങളിൽ അലഞ്ഞുതിരിയുവാനും ദൈവം ഒരുത്തരേയും അനുവദിക്കുമെന്നു തോന്നുന്നില്ല."

## ത്രെസ്യാമ്മയും കുടുംബദീപവും

കൂട്ടത്തിൽനിന്നും എഴുന്നേററ് ത്രെസ്യാമ്മ എങ്ങോട്ടോ ഓടി. 1958 നവംബറിലെ "കുടുംബദീപ"മായിട്ടാണ് അവൾ തിരിച്ചെത്തിയത്. അതു തുറന്ന് ഫാദർ ലേത്തൂസ് സി ഡി. എഴുതിയ ലേഖനം അവൾ എടുത്തുപിടിച്ചു. "ത്രെസ്യാമ്മ എന്തു ചെയ്യുവാൻ പോകയാണ്?" അച്ചൻ ചോദിച്ചു. "ഞാൻ ഇതിൽനിന്നും ചില ഭാഗങ്ങൾ വായിക്കാൻ പോകയാണ്. മരിച്ച ഒരു മാർപ്പാപ്പാ പച്ചേല്ലികർദ്ദിനാളിൻെറ അടുക്കൽ വന്നതായി ഇതിൽ എഴുതിയിരിക്കുന്നു." സംഗതമായ ഭാഗങ്ങൾ വായിക്കുവാൻ അച്ചൻ അനുവദിച്ചു.

വായന:— പതിനൊന്നാം പീയൂസ് നാടുനീങ്ങി, 1939 ഫെബ്രുവരി 9–ാം നു- രാത്രി... പച്ചേല്ലികർദ്ദിനാളിൻെറ മുറിയിൽ മാത്രം ദീപം അണഞ്ഞിട്ടില്ല. രാത്രി വളരെ അതിക്രമിച്ചു. എല്ലായിടത്തും നിശ്ശബ്ദത. പെട്ടെന്നു തൂവെള്ളപ്പട്ടണിഞ്ഞ– പ്രഭാപൂരം തൂകുന്ന– ഒരു ധന്യരൂപം പച്ചേല്ലിയുടെ മുറിയിൽ പ്രത്യക്ഷനായി! വിസ്മയമോ സംഭ്രമമോ കൂടാതെ കർദ്ദിനാൾ ചാടിയെഴുന്നേററ് "പരിശുദ്ധ പിതാവേ," എന്നു സ്നേഹാദരപുരസ്സരം ആഗതനായ ധവളരൂപത്തെ സംബോധനചെയ്തു. "അതെ, എൻെറ മകനേ, ഞാൻതന്നെയാണ്. നിങ്ങളോടു സംസാരിക്കുവാൻ പ്രത്യേക അനുമതി ദൈവം എനിക്കു നൽകിയിരിക്കുന്നു. അയോഗ്യനായ എന്നെപ്പോലെ മിശിഹായുടെ വികാരി എന്ന നിലയിൽ ഭൂഗോളത്തെ ഭരിക്കുവാൻ നിങ്ങൾ തിരഞ്ഞെടുക്കപ്പെടും, അടുത്തദിവസം. നിങ്ങളുടെ ഭരണകാലത്തു ലോകത്തിൽ ഭീകരസംഭവങ്ങൾ നടക്കും. നിങ്ങളുടെ ഹൃദയം അതിരററ വേദന അനുഭവിക്കും. ഭയപ്പെടാതെ സധൈര്യം പത്രോസിൻെറ വഞ്ചിയെ നയിച്ചാലും. ദൈവം അങ്ങയെ സഹായിക്കും. ഞാനും അങ്ങയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധാലുവായിരിക്കും.

മാനവകുലത്തെ മുഴുവൻ ഭയഭരിതമാക്കുന്ന ദാരുണസംഭവങ്ങൾ നടക്കാൻപോകുന്ന സമയത്തു് സമർത്ഥനായ ഒരാൾ സഭാഭരണം നടത്തണമെന്നു ദൈവം തിരുമനസ്സായിരിക്കുന്നു. ആ ദൈവദാസൻ അങ്ങുതന്നെയാണു്. സാധുവായ എന്റെ ഹൃദയം അന്നു സങ്കടസാഗരത്തിൽ ആണ്ടുപോയി. എന്നാൽ ഏതു വിപത്തിലും അങ്ങയുടെ ഹൃദയം അചഞ്ചലമായി നിലകൊള്ളും. ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ." ഇത്രയും പറഞ്ഞിട്ടു് ആ ധവളരൂപം പെട്ടെന്നു് അപ്രത്യക്ഷനായി. വി. പത്താം പീയൂസ് മാർപ്പാപ്പായല്ലാതെ മററാരുമായിരുന്നില്ല അതു്. വി. പത്താംപീയൂസ് അപ്രത്യക്ഷനായതും പച്ചേല്ലി കർദ്ദിനാൾ ദീപമണച്ചതും ഒന്നിച്ചുകഴിഞ്ഞു.

വായനനിറുത്തി മാസിക മടക്കിയിട്ടു് ത്രേസ്യാമ്മ ചോദിച്ചു: "ഇതു ഒരു യഥാർത്ഥ സംഭവമാണെന്നു അച്ചൻ വിശ്വസിക്കുന്നുണ്ടായിരിക്കുമല്ലൊ. മരിച്ചാലുടൻ വിധിയാണു നടക്കുന്നതെങ്കിൽ പരേതനായ പത്താംപീയൂസ് എങ്ങനെ പച്ചേല്ലികർദ്ദിനാളിന്റെ അടുക്കൽ വന്നു?"

"വായിച്ചതു മുഴുവൻ ഗ്രഹിക്കാത്തുള്ള ഒരു ചോദ്യം തന്നെ ഇതു്. നിങ്ങളോടു സംസാരിക്കുവാൻ പ്രത്യേക അനുമതി ദൈവം എനിക്കു നൽകിയിരിക്കുന്നു' എന്നു ആദ്യമേ പറഞ്ഞുകൊണ്ടാണു് വി. പത്താം പീയൂസ് തന്റെ സംഭാഷണം ആരംഭിക്കുന്നതുതന്നെ. അതുകൊണ്ടു് ദൈവം അനുവദിച്ചാൽ വിശുദ്ധന്മാർക്കു് ലോകത്തിൽ പ്രത്യക്ഷപ്പെടുകയും ലോകത്തിന്റെ പ്രശ്നങ്ങളിൽ പങ്കെടുക്കുകയും ചെയ്യാം എന്നു വരുന്നു.

"എന്നാൽ നശിച്ചുപോയ ആളുകളുടെ ആത്മാവുകൾ മച്ചിൻപുറത്തുവന്നു് ഒളിച്ചിരിക്കയും വീട്ടിലുള്ളവരെ ഭയപ്പെടുത്തുകയും ചെയ്യുമോ എന്നാണു് സെലിന്റെ ചോദ്യം. സാധാരണഗതിയിൽ നശിച്ചുപോയവരുടെ ആത്മാവുകൾ തിരിയെ വരാൻ അനുവദിക്കപ്പെടുകയില്ല. നാം വിചാരിക്കുന്നതുപോലുള്ള ദ്രോഹബുദ്ധി അവർക്കില്ലതാനും."

## നശിച്ചവരുടെ ദ്രോഹബുദ്ധി

നരകത്തിൽ നിപതിച്ച ആത്മാവുകൾക്കു ദ്രോഹ ബുദ്ധിയില്ലെന്നോ! "ഞാൻ നിന്നെ കൊണ്ടേ പോകൂ" എന്നു ചില പിശാചുക്കൾ ചില യുവതികളുടെ ശരീരത്തിൽ ആവസിച്ചിട്ടു പറയുന്നതു കേട്ടിട്ടുള്ളവരാണു പലരും. പിശാചുക്കളുടെ ഗുണങ്ങളെപ്പററി പറയുവാൻ ഒരച്ചൻ മഹാമനസ്കത കാണിച്ചതിൽ അവർക്കത്ഭുതം തോന്നി. തന്നെ ഒട്ടുംതന്നെ വിശ്വസിക്കാത്ത മുഖഭാവമാണു് അവരിൽ അദ്ദേഹം കണ്ടതു്. ഫാദർ ഫിലിപ്പ് പറഞ്ഞു: "പകച്ചുള്ള നിങ്ങളുടെ നോട്ടത്തിൽ നിന്നും നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല എന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ടു് എൻെറ പ്രസ്താവനയ്ക്കു ഉപോൽബലകമായ തെളിവിലേക്കു ഞാൻ പ്രവേശിക്കാം."

## വി. ലൂക്കാ 16–ാം അദ്ധ്യായം

വി. ലൂക്കായുടെ സുവിശേഷം 16–ാം അദ്ധ്യായമാണു് ഇവിടെ തുറന്നുവയ്ക്കുന്നതു്. നമ്മുടെ ദിവ്യനാഥൻതന്നെ പറഞ്ഞ ദിവസിൻേറയും ലാസറിൻേറയും കഥ അതിൽ കാണുന്നു. ദിവസ് ഒരു മഹാ ധനികൻ. വസ്ത്രാലങ്കാരവിഭൂഷിതനായി സർവ്വവിധ ആഡംബരങ്ങളിലും മുഴുകിയാണു് അയാളുടെ ജീവിതം. അലസന്മാരായ കൂട്ടുകാർ അയാൾക്കു ധാരാളമുണ്ടു്. അവർക്കു രണ്ടു ജോലിയേ ദിവസിൻെറ ഭവനത്തിൽ ഉണ്ടായിരുന്നുള്ളു– ഉല്ലസിക്കുക, വിരുന്നു കഴിക്കുക. ദിവസിൻെറ വീട്ടിൽ എന്നുമുണ്ടായിരുന്നു നൃത്തവും പാട്ടും കൂത്തും സദ്യയും. ദിവസ് ഒരു പൊതുജനസമ്മതനും പ്രതാപവാനും ഭാഗ്യവാനുമാണെന്നു് എല്ലാവരും കരുതി. അയാളെ എവരും ബഹുമാനിച്ചു.

"ദിവസിൻെറ പടിക്കൽ മറെറാരു ചിത്രം കാണാം. ലോകത്തിൽ ഏററം നിർഭാഗ്യനായ ഒരു മനു

ഷ്യനാണ് ലാസർ. അയാൾക്കു സമ്പത്തോ ഉററവരോ ആരോഗ്യമോ ഇല്ല. സർവ്വാംഗം വ്രണംകൊണ്ടു വിങ്ങി വീർത്ത ആ മനുഷ്യനു് സ്നേഹിതന്മാരായി രണ്ടു പട്ടികളേ ഉള്ളു. അയാളുടെ വ്രണങ്ങൾ നക്കിത്തുടച്ചു് അയാളെ ആശ്വസിപ്പിച്ചിരുന്നു ആ പട്ടികൾ. അയാൾക്ക് ഒരു വീട്ടിലും പ്രവേശനം അനുവദിച്ചിരുന്നില്ല. കാണുന്നവർ കാണുന്നവർ അയാളെ ആട്ടിയോടിക്കുകയാണു പതിവു്. ദിവസിൻെറ വീട്ടിലെ സദ്യയുടെ ബഹളം അയാളെ അങ്ങോട്ടാകർഷിക്കാറുണ്ടായിരുന്നു. അയാളുടെ വീട്ടുപടിക്കു പുറത്തുവന്നിരുന്നു് ലാസർ ചിലതെല്ലാം പ്രതീക്ഷിക്കയാണു്. അവിടത്തെ അപ്പക്കഷണങ്ങൾക്കോ ഇറച്ചിക്കഷണങ്ങൾക്കോ വേണ്ടി അയാൾ കൈനീട്ടുന്നില്ല. പട്ടികൾക്കായി വലിച്ചെറിയുന്ന ഉച്ചിഷ്ടങ്ങളിൽ ഒരു പങ്കേ അയാൾക്കാവശ്യമുള്ളു. അയാൾ സംതൃപ്തനാണു്. എങ്കിലും ഒരുത്തരും അയാൾക്കു വില കല്പിച്ചില്ല.

"ദിവ്യനാഥൻ ആ ചിത്രത്തിൻെറ മറുവശത്തേക്കു പെട്ടെന്നു കടക്കുന്നു. നീട്ടിവലിച്ചൊന്നും കർത്താവു പറയുന്നില്ല. രണ്ടുപേരും കടക്കേണ്ട ഒരു കവാടമുണ്ടു്. ലാസർ മുമ്പേ അതു കടന്നുപോയി. അയാളെ അബ്രാഹത്തിൻെറ മടിയിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ ദൈവദൂതന്മാർ പ്രകാശക്കതിരുകളോടുകൂടി വന്നു. ലാസർ ഒരു രാജകുമാരൻെറ പദവിയിലേക്കാണുയർത്തപ്പെട്ടതു്. പിറേറദിവസം ധനവാനും മരിച്ചു. അഗ്നിജ്വാലയാൽ ചുററപ്പെട്ട പിശാചുക്കളാണു് അയാളെ എതിരേല്ക്കുവാൻ വന്നതു്.

"നിത്യനരകാഗ്നിയിൽ അത്യധികമായി പീഡിപ്പിക്കപ്പെട്ട ദിവസ് തല ഉയർത്തി നോക്കിയപ്പോൾ കണ്ടതു തൻെറ പടിവാതിൽക്കൽ ഉച്ചിഷ്ടങ്ങൾക്കു വേണ്ടി കാത്തുകിടന്നിരുന്ന ലാസറിനെയാണു്. എന്തൊരത്ഭുതം! അയാൾ ഇന്നു രോഗിയല്ല. അയാളുടെ മുഖത്തു് ആനന്ദത്തിൻെറ ഒരു ദീപ്തി നൃത്തം ചെയ്യുന്നു. കീറി

ച്ചറിഞ്ഞ വസ്ത്രങ്ങളല്ല ഇന്നയാൾക്കുള്ളതു്. കണ്ണഞ്ചുന്ന പ്രകാശം അവയിൽനിന്നു പുറപ്പെടുന്നു. ദാഹമോ വിശപ്പോ അയാൾക്കില്ല. സകലവിധ സൗഭാഗ്യങ്ങളുടേയും നടുവിൽ അയാൾ നീന്തിക്കളിക്കയാണു്.

"എന്നാൽ ജീവിതകാലം മുഴുവൻ തിന്നും കുടിച്ചും ഭോഗസുഖങ്ങളിൽ മതിമറന്നും ജീവിച്ചിരുന്ന ദിവസു് ഇന്നു കെടാത്ത തീയിൽക്കിടന്നു വേകുന്നു. ദാഹംകൊണ്ടും വിശപ്പുകൊണ്ടും അയാൾ തളരുകയാണു്. പിതാവായ അബ്രാഹത്തോടു് അയാൾ ഇപ്രകാരം ഒന്നപേക്ഷിച്ചുനോക്കി: 'പിതാവായ അബ്രാഹമേ, എന്നിൽ കനിയേണമെ. ലാസർ തൻെറ വിരലിൻെറ അഗ്രം വെള്ളത്തിൽ മുക്കി എൻെറ നാവു തണുപ്പിക്കേണ്ടതിനു അവനെ അയക്കേണമേ. ഇതാ, ഞാൻ ഈ അഗ്നിജ്വാലയിൽ പീഡിപ്പിക്കപ്പെടുന്നു.'

ആ അഭ്യർത്ഥന വളരെ കാരുണ്യപൂർവ്വം നിരസിച്ചുകൊണ്ടു പറഞ്ഞു അബ്രാഹം: 'എൻെറ മകനേ, നീ ജീവിതകാലത്തു സുഖങ്ങളിലും സന്തോഷങ്ങളിലുംകൂടി നീന്തിത്തുടിച്ചു നടക്കുകയായിരുന്നു. എന്നാൽ ലാസറാകട്ടെ സങ്കടങ്ങളും ദാരിദ്ര്യവും അനുഭവിച്ചു. ഇപ്പോൾ അവൻ ഇവിടെ ആശ്വസിച്ചു് ആനന്ദിക്കുവാൻ തുടങ്ങിയിരിക്കയാണു്. നീയോ പീഡനങ്ങൾ സഹിക്കുവാനും. ഇതിനു നീ ആരെ കുററപ്പെടുത്തുന്നു? മററൊന്നു കൂടിയുണ്ടു്. ഞങ്ങൾക്കും നിങ്ങൾക്കും മദ്ധ്യേ ഒരു ഗംഭീരഗർത്തവും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് ഇവിടെനിന്നു നിങ്ങളുടെ അടുക്കലേക്കും അവിടെനിന്നു ഞങ്ങളുടെ അടുക്കലേക്കും കടക്കുവാനോ വരുവാനോ ആഗ്രഹിക്കുന്നവർക്കു അതു സാദ്ധ്യമല്ല.'

"വെള്ളം കിട്ടുക സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ ദിവസ്, സഹോദരസ്നേഹത്തെപ്രതി ഒരപേക്ഷകൂടി നടത്തി. അങ്ങനെയെങ്കിൽ എൻെറ പിതാവേ, ലാസറിനെ

എന്റെ അപ്പന്റെ വീട്ടിലേക്കൊന്നയയ്ക്കണം. എനിക്കു അവിടെ അഞ്ചു സഹോദരന്മാരാണുള്ളതു്. അവരും എന്നെപ്പോലെ തിന്നു കുടിച്ചാനന്ദിച്ചു കഴിയുന്നു. എന്റെ പുറകെ അവരും ഈ പീഡനങ്ങളുടെ സ്ഥലത്തു വന്നു ചേരും എന്നതിനു സംശയമില്ലല്ലോ. ആകയാൽ ലാസർ പോയി അവരെ ഒന്നുപദേശിക്കട്ടെ. മരിച്ചവരിൽനിന്നും ഒരുത്തൻ ഉയിർത്തു് അവരുടെ പക്കൽ ചെന്നാൽ അവർ അവനെ വിശ്വസിച്ചു് പശ്ചാത്തപിച്ചു് നല്ലവഴിയിലേക്കു അവർ തിരിഞ്ഞേക്കും."

"ആ അപേക്ഷയും അബ്രാഹം നിരസിച്ചുകളഞ്ഞു. എന്റെ മകനേ, നിന്റെ സഹോദരന്മാരെ ഉപദേശിക്കുവാൻ മോശയും പ്രവാചകന്മാരുമുണ്ടു്. അവരെ കേൾക്കുവാൻ കൂട്ടാക്കാത്തവർ മരിച്ചവരിൽനിന്നും ഒരുത്തൻ പുനരുത്ഥാനം ചെയ്തു ചെന്നാൽപ്പോലും അവനെ വിശ്വസിക്കയില്ല."

"നമ്മുടെ ദിവ്യനാഥൻതന്നെ അരുളിച്ചെയ്ത ഒരു ചെറുകഥയാണല്ലോ ഇതു്. നിങ്ങളുടെ മുമ്പിൽ ഞാൻ ആ കഥ വച്ചുകഴിഞ്ഞു. എന്തെല്ലാം കാര്യങ്ങളാണു് നിങ്ങൾ ഇതിൽനിന്നും പഠിക്കുന്നതെന്നു പറയുമോ? ജോയിയുടേതുതന്നെ ആദ്യം കേൾക്കട്ടെ."

## കഥയിൽനിന്നുള്ള പാഠം

ഓരോരുത്തരും ഓരോന്നു പറയണമെന്നു വന്നപ്പോൾ ചിലർ കൈതിരുമ്മുവാനും ചിലർ തല ചൊറിയുവാനും തുടങ്ങി. ഏതായാലും ജോയിതന്നെയാണു മൗനം ഭേദിച്ചതു്. 'സുഖഭോഗങ്ങളിൽ മുഴുകി ഇഹത്തിൽ ജീവിക്കുന്നവൻ ദിവസിനെപ്പോലെ പരലോകത്തിൽ പീഡിപ്പിക്കപ്പെടും. നേരെമറിച്ചു് ദുഃഖങ്ങളും സങ്കടങ്ങളും സന്തോഷത്തോടുകൂടി സഹിക്കുന്നവർ ലാ

സറിനെപ്പോലെ സൗഭാഗ്യവാന്മാരായിത്തീരും, സ്വർഗ്ഗരാജ്യത്തിൽ.'

രണ്ടാമതായി പറഞ്ഞതു് അച്ചാമ്മയാണ്. "നരകത്തിലുള്ളവർക്ക സ്വർഗ്ഗത്തിലേക്ക കടക്കുവാനോ സ്വർഗ്ഗസ്ഥർക്ക നരകത്തിലേക്ക പോകുവാനോ ഉള്ള അനുവാദം ദൈവം നല്കുകയില്ല. എന്നാലും അവർക്ക തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കാം, ഒരാററിനക്കരെയിക്കരെനിന്നു സംഭാഷണം ചെയ്യുന്നതുപോലെ. എന്നാലും സ്വർഗ്ഗത്തിലുള്ളവർക്ക നരകവാസികളെ ആശ്വസിപ്പിക്കാൻ സാധിക്കയില്ല."

"ഏതു കുററംമൂലമാണു തങ്ങൾ ശിക്ഷിക്കപ്പെട്ടിരിക്കുന്നതെന്നു നരകത്തിൽ കിടക്കുന്നവർക്ക പൂർണ്ണമായ ബോദ്ധ്യമുണ്ടാകുമെന്നു് ഞാൻ കരുതുന്നു" തെയ്യാമ്മയുടെ പ്രസ്താവന.

"നശിച്ചുപോയവർക്ക തങ്ങളുടെ കുടുംബത്തെപ്പററി ഓർമ്മയുണ്ടെന്നും തങ്ങൾ നടന്ന വഴിയെ തങ്ങളുടെ സഹോദരങ്ങളും നടന്നു് നിത്യനാശമടയരുതെന്നു് അവർ ആഗ്രഹിക്കുന്നുവെന്നും അഭിനവമായ ഒരു പാഠം ഈ കഥയിലുണ്ടെന്നു ഞാൻ വിചാരിക്കുന്നു" ആലീസു് പറഞ്ഞു.

ഫാദർ ഫിലിപ്പിൻെറ ഉദ്ദേശത്തോടു് ഏററം അടുത്തുവന്നതു് ആലീസാണ്. നശിച്ചുപോയ ആത്മാവുകൾ ലോകത്തിൽ തങ്ങൾക്കുള്ളവരെക്കൂടി നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നവരാണെന്നുള്ള ഒരു വിശ്വാസം എങ്ങനെയോ ജനതാമദ്ധ്യത്തിൽ പരന്നിട്ടുണ്ടു്. സാധാരണ മനുഷ്യപ്രകൃതി വച്ചുനോക്കുമ്പോൾ അത്തരം ഒരു വിശ്വാസം വന്നതു് വിസ്മയകരമല്ല. "ആങ്ങള ചത്താലും നാത്തൂൻെറ കരച്ചിൽ കാണുവാൻ" കൊതിയുള്ളവരാണല്ലോ സാധാരണ മനുഷ്യർ. എന്നാൽ മരണശേഷം ഒരാത്മാവിൽ സംഭവിക്കുന്ന മാററങ്ങൾ എന്തെല്ലാമെന്നു

നമുക്കറിഞ്ഞുകൂടാ. ദിവസിൻേറയും ലാസറിൻേറയും കഥ വഴിയായി പരലോകത്തിലേക്കൊന്നെത്തി നോക്കുവാൻ നമുക്കു സാധിക്കുന്നു. നിത്യനാശത്തിലകപ്പെട്ട ദിവസ് തൻെറ അഞ്ചു് സഹോദരങ്ങളെപ്പററി ഓക്കുകയും അവർ താൻ അനുഭവിക്കുന്ന പീഡനങ്ങളിൽ വന്നു ചാടരുതെന്നു് ആഗ്രഹിക്കുകയും ചെയ്യുന്നു. നരകത്തിൽ നിപതിച്ച എല്ലാവരുടേയും മനഃസ്ഥിതി ഇതായിരിക്കണം.

ഒരു പുതിയ വെളിച്ചം കണ്ടതുപോലെ തോന്നി എല്ലാവക്കും. എങ്കിലും ജോയി ചോദിച്ചു: "മരിച്ചുപോയ ആളുകൾ ലോകത്തിലുള്ള തങ്ങളുടെ സ്വന്തക്കാരുടെ നന്മയാണാഗ്രഹിക്കുന്നതെങ്കിൽ ചിലർ മരിച്ചുകഴിഞ്ഞു് സ്വന്തം വീട്ടുകാരെ ശല്യപ്പെടുത്തുന്ന സംഭവങ്ങൾ നാം കേൾക്കുന്നതെന്തുകൊണ്ടു്?" സെലിനെ സഹായിക്കുന്ന ഒരു ചോദ്യം. സംതൃപ്തിയുടെ ഭാവം അവളുടെ മുഖത്തു തെളിഞ്ഞു.

ഫാദർ ഫിലിപ്പിൻെറ മറുപടി: "ഇങ്ങനെ പല സംഭവങ്ങളെപ്പററി നാം കേൾക്കുന്നുണ്ടെന്നുള്ളതു ശരിയാണു്. അതു രണ്ടുവിധത്തിൽ സംഭവിക്കാം. മരിച്ചയാൾ അയാളുടെ ജീവിതകാലത്തിൽ ചെയ്തിട്ടുള്ള ദുഷ്ടതകളെപ്പററിയുള്ള ഓമ്മ അയാളുടെ വീട്ടുകാരിൽ ഒരു ഭയം ജനിപ്പിച്ചേക്കാം. ആ ഭയം അവരുടെ ഉപബോധമനസ്സിൽ പ്രവത്തിക്കയും, അവർ ചില അസാധാരണ സംഭവങ്ങൾക്കു സാക്ഷികളായി ഭവിക്കുന്നുവെന്നവക്കു തോന്നുകയും ചെയ്യേക്കാം. മറെറാരുതരമുണ്ടു്. താൻ നിവ്വഹിക്കേണ്ടിയിരുന്ന നീതി സ്വന്തം അനുഗാമികളെക്കൊണ്ടു നടത്തിക്കുവാൻ ദൈവപ്രേരണയാൽ അയാൾ തിരിച്ചുവരുന്നുണ്ടായിരിക്കാം. ഏതായാലും അതു നന്മയ്ക്കല്ലാതെ ഉപദ്രവിക്കുന്നതിനായിരിക്കയില്ല.

"നിങ്ങൾ മറെറാരു ചോദ്യം ചോദിച്ചേക്കാം. വി. വിയാന്നിയെ ദ്രോഹിച്ചതു പിശാചുക്കളായിരുന്നില്ലേ? അതു

പിശാചുക്കളായിരുന്നു; പക്ഷെ നശിച്ചുപോയ ആത്മാക്കളല്ല." അവരുടെ ഹൃദയവ്യാപാരങ്ങളെ കണ്ടുകൊണ്ട് അച്ചൻ ചെയ്ത പ്രസ്താവനയിൽ അവർ വിസ്മയഭരിതരായി. അച്ചാമ്മയ്ക്കു ഒരു ചോദ്യമുണ്ടായിരുന്നു: "പിശാചുക്കളും മരിച്ചുപോയവരുടെ നശിച്ച ആത്മാക്കളും തമ്മിൽ എന്താണു വ്യത്യാസം? ആദ്യത്തെക്കൂട്ടർ മനുഷ്യരെ നശിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ മറേറക്കൂട്ടർ മനുഷ്യരെ സഹായിക്കുവാൻ ശ്രമിക്കുമോ?

അച്ചൻ പറഞ്ഞു: "രണ്ടു കൂട്ടർക്കും മനുഷ്യരോടുള്ള ബന്ധം രണ്ടു തരത്തിലാണു്. മനുഷ്യജാതി മുഴുവനും ആദം ഹവ്വാ എന്ന മാതാപിതാക്കന്മാരിൽനിന്നു ജനിച്ചവരാണല്ലോ. അതിനാൽ മരിച്ചവരും ജീവിച്ചിരിക്കുന്നവരും തമ്മിൽ ആ സഹോദര്യബന്ധം ഭംഗംകൂടാതെ നിലനില്ക്കും. മരണം കഴിഞ്ഞായിരിക്കും ആ സാഹോദര്യത്തിൻെറ വിലതന്നെ പലരും മനസ്സിലാക്കുന്നതു്. എന്നാൽ പിശാചുക്കൾക്കു മനുഷ്യരോടു സാഹോദര്യബന്ധമില്ല. മനുഷ്യരെ എപ്പോഴും തങ്ങളുടെ എതിരാളികളായിട്ടാണു് അവർ വീക്ഷിക്കുന്നതു്. അതിനാൽ മനുഷ്യക്ക് നന്മ ആത്മാൎത്ഥമായി ആഗ്രഹിക്കുവാനോ, പ്രവൎത്തിക്കുവാനോ അവൎക്കു മനസ്സുണ്ടാകയില്ല. ചിലപ്പോൾ നന്മയുടെ മൂടുപടം ധരിച്ചു് പിശാചുക്കൾ മനുഷ്യരെ സമീപിച്ചുവെന്നുവരാം. കൂടുതൽ അഗാധത്തിൽ അവരെ താഴ്ത്തുവാൻവേണ്ടിയാണു് പിശാചുക്കൾ അപ്രകാരം ചെയ്യുന്നതും."

ജോയി പഴയനിയമത്തിലെ ഒരു സംഭവം ഓൎത്തു. അയാൾ ചോദിക്കയാണു്: "പരേതരുടെ ആത്മാക്കളെ വിളിച്ചുവരുത്തുവാനും അവരെ ബന്ധിക്കുവാനും മന്ത്രവാദികൾക്കു കഴിയുമെന്നു പറയുന്നുണ്ടല്ലോ. പഴയനിയമത്തിൽ അങ്ങനെ ഒരു സംഭവം വായിച്ചിട്ടുള്ളതായി തോന്നുന്നു. അതേപ്പററി അച്ചനെന്തു പറയാനുണ്ടു്?"

## സാവൂൾ രാജാവ്

സെലിൻെറ ചോദ്യത്തിൻെറ ഒരു പരിഷ്കരിച്ച പതിപ്പായിരുന്നു അതു്. നിത്യശിക്ഷയിൽപ്പെട്ട പരേതർ മനുഷ്യരെ ദ്രോഹിക്കുവാൻ വേണ്ടി ഭൂമിയിലേക്കു തിരിച്ചു വരികയില്ലെന്നു് വേദപുസ്തകത്തെ അടിസ്ഥാനപ്പെടുത്തിയാണു് ഫാദർ ഫിലിപ്പു് സമർത്ഥിച്ചതു്. എന്നാൽ സാവൂൾ രാജാവിൻെറ ചരിത്രത്തിലെ ഒരു സംഭവത്തെ സൂചിപ്പിച്ചുകൊണ്ടാണു് ജോയിയുടെ എതിർപ്പെന്നു് അദ്ദേഹത്തിനു മനസ്സിലായി. വേദപുസ്തകത്തിലെ സംഭവമെന്താണെന്നറിയുവാനുള്ള ജിജ്ഞാസ മററുള്ളവരിൽ വർദ്ധിച്ചു.

ഫാദർ ഫിലിപ്പു് ഒന്നു പുഞ്ചിരിച്ചിട്ടു് കടന്നു ആ കഥയിലേക്കു്. "മന്ത്രവാദികൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നറിയുന്നതു രസാവഹമായിരിക്കും. പിശാചുക്കൾക്കു മനുഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുവാൻ സൗകര്യമില്ലല്ലൊ. അതുകൊണ്ടു് തങ്ങൾക്കുവേണ്ടി വിശ്വസ്തതാപൂർവ്വം ജോലിചെയ്യുന്ന കുറേ ഏജൻറന്മാരെ അവർ മനുഷ്യരുടെ ഇടയിൽ കണ്ടുപിടിക്കുന്നു. അത്തരം ഏജൻറന്മാരാണു് മന്ത്രവാദികളും ക്ഷുദ്രക്കാരും. അവർക്കു് പരേതരുടെമേൽ യാതൊരധികാരവുമില്ല. എങ്കിലും അധികാരമുണ്ടെന്നമട്ടിൽ അവർ ചിലതെല്ലാം പ്രവർത്തിച്ചുകളയും. അങ്ങനെയാണു് ആലുമരത്തിൽ അവർ പരേതരുടെ ആത്മാക്കളെ ആണിയടിച്ചു തറച്ചുവയ്ക്കുന്നതായി ഭാവിക്കുന്നതു്. ചിലർ കുടസ്സുകത്തും ചേളാകത്തിനകത്തും അരൂപികളെ ബന്ധിച്ചു സ്ഥലം വിടുന്നതും സാധാരണയാണല്ലോ. സാധുക്കളെ വഞ്ചിക്കുവാനും അവരുടെ പണം അപഹരിക്കുവാനുംവേണ്ടി നടത്തപ്പെടുന്ന തന്ത്രങ്ങളിൽ ഏററം ജുഗുപ്സാവഹമാണു് മന്ത്രവാദവും ക്ഷുദ്രപ്രയോഗവും.

"സാവൂൾ രാജാവിൻെറ കാലത്ത് ഒരു ക്ഷുദ്രക്കാരി പരേതനായ സാമുവേലിനെ വിളിച്ചുവരുത്തി എന്നാണു കഥ. സാമുവേൽ ദീർഘദർശി തൻെറ വാർദ്ധക്യദശയിലാണു മരണമടഞ്ഞത്. റാമാ എന്ന പട്ടണത്തിൽ അദ്ദേഹം സംസ്കരിക്കപ്പെടുകയും ചെയ്തു. അക്കാലത്തുതന്നെയാണ് രാജ്യത്തുള്ള സകല മന്ത്രവാദികളേയും പ്രശ്നക്കാരേയും സാവൂൾ രാജാവു നാടുകടത്തിയത്. ആ ഗണത്തിൽപ്പെട്ട ആരെയെങ്കിലും രാജ്യാതിർത്തിയിൽ കണ്ടുപോയാൽ ഉടൻ വധശിക്ഷ നൽകുന്നതാണെന്നും അദ്ദേഹം വിളംബരം ചെയ്തു. മന്ത്രവാദികളെല്ലാം നാടുവിട്ടോടി. പ്രശ്നക്കാർ അവരുടെ തൊഴിലുപേക്ഷിച്ചു.

"ഇസ്രായേൽക്കാരും ഫിലിസ്ത്യക്കാരും തമ്മിൽ ഒരു യുദ്ധം ഉണ്ടാകുവാനുള്ള വഴി തുറന്നുകിടന്നിരുന്നു. ഇരുഭാഗത്തും സൈന്യങ്ങളെ ശേഖരിച്ചു. സൂനാം എന്ന സ്ഥലത്ത് ഫിലിസ്ത്യക്കാരും ഗെൽബോ എന്ന സ്ഥലത്ത് ഇസ്രായേൽക്കാരും വന്നുനിരന്നു. ഫിലിസ്ത്യക്കാരുടെ സൈന്യബലം കണ്ടപ്പോൾ സാവൂൾ ഭയചകിതനായിപ്പോയി. അദ്ദേഹം കർത്താവിനോടപേക്ഷിച്ചു. എന്നാൽ സ്വപ്നത്തിലോ, പുരോഹിതന്മാരോ പ്രവാചകന്മാരോ വഴിയോ ഒരു മറുപടിയും കർത്താവു നല്കിയില്ല. സാവൂളിൻെറ ഭയം വർദ്ധിച്ചു. എങ്ങനെയെങ്കിലും ഭാവിയെപ്പററി അറിയണമെന്ന് അദ്ദേഹം കരുതി. സാവൂളിനെ രാജാവായി അഭിഷേകം ചെയ്ത ആളാണല്ലോ സാമുവേൽ. സാമുവേൽ ദീർഘദർശിയെ വിളിച്ചുവരുത്തിയാൽ കാര്യങ്ങൾ ഗ്രഹിക്കാമെന്ന് അദ്ദേഹം വിചാരിച്ചു.

"പക്ഷേ, മരിച്ചുപോയ സാമുവേലിനെ എങ്ങനെ വിളിച്ചുവരുത്തും? വിപത്തിൻെറ വക്കിലായപ്പോൾ

സാവൂളിൻെറ ഹൃദയത്തിലും മൂഢവിശ്വാസം വേരുപിടിച്ചു. അദ്ദേഹം ഭൃത്യന്മാരെ രഹസ്യത്തിൽ അയച്ച് അന്വേഷിച്ചു, തൊഴിൽ മുടക്കി ജീവിക്കുന്ന മന്ത്രവാദികൾ വല്ലവരും രാജ്യത്തുണ്ടോ എന്ന്. ഒരു ക്ഷുദ്രക്കാരിയെ കണ്ടുപിടിച്ചിട്ട് ഭൃത്യന്മാർ തിരിച്ചെത്തി. എൻഡോർ എന്ന സ്ഥലത്തായിരുന്നു ആ സ്ത്രീ വസിച്ചിരുന്നത്. ഒരു രാത്രിയിൽ സാവൂൾ വേഷംമാറി രണ്ടു കൂട്ടുകാരേയും വിളിച്ചുകൊണ്ട് ആ സ്ത്രീയുടെ അടുക്കലേക്കു ചെന്നു പറഞ്ഞു: "നിൻെറ മാന്ത്രികശക്തി പ്രയോഗിച്ച് മരിച്ച ഒരാളെ വിളിച്ചുവരുത്തണം." രാത്രിയായിരുന്നെങ്കിലും ആ സ്ത്രീ വളരെ ഭയപ്പെട്ടു. "മന്ത്രവാദികളായി ആരെയെങ്കിലും രാജ്യത്തു കണ്ടുപോയാൽ അയാളെ വധിക്കണമെന്നാണു സാവൂൾ രാജാവു കല്പിച്ചിരിക്കുന്നതെന്നു നിങ്ങൾക്കറിഞ്ഞുകൂടെയോ? പിന്നെ നിങ്ങളെന്തിനു് എന്നെ കൊലയ്ക്കു കൊടുക്കുവാൻ വന്നിരിക്കുന്നു?"

"സാവൂളിൻെറ ആത്മാവു വളരെ സന്തോഷിച്ചു, ക്ഷുദ്രക്കാരിയുടെ ഈ ചോദ്യം കേട്ടപ്പോൾ. എങ്കിലും കാര്യം സാധിച്ചേ മതിയാവൂ. അതുകൊണ്ട് അദ്ദേഹം പറഞ്ഞു: "ദൈവത്താണേ സത്യം: സാവൂളിൽനിന്നു് നിനക്കൊരു ദോഷവും വരികയില്ല." അവൾക്കു ധൈര്യമായി. ആരെ വിളിക്കണമെന്നായി അവളുടെ ചോദ്യം: "സാമുവേൽ" എന്നു മറുപടി. ഒററവാക്ക് അവൾ മാന്ത്രികമായി ഉച്ചരിച്ചില്ല, അതിനുമുമ്പേ സാമുവേൽ അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അപ്രതീക്ഷിതമായ ആ കാഴ്ച അവളെ ഭയവിഹ്വലയാക്കി. അവൾ വിറച്ചു നിലവിളിച്ചു: "ഓ സാവൂൾ അങ്ങെന്തിനെന്നെ വഞ്ചിച്ചു. കപടവേഷം ധരിച്ച് അങ്ങിവിടെ വന്നിരിക്കുന്നു എന്നിപ്പോൾ ഞാൻ അറിയുന്നു."

"ഏതോ സംഭവിക്കുവാൻ പോകുന്നു എന്നു സാവൂളിനും തോന്നി. അവളെ ധൈര്യപ്പെടുത്തിക്കൊണ്ട്

അദ്ദേഹം പറഞ്ഞു: നീ ഒന്നുകൊണ്ടും ഭയപ്പെടേണ്ടാ. ഇപ്പോൾ നീ കാണുന്നതെന്തെന്നു പറയൂ.''

"ഭൂമിയിൽ നിന്നും ദൈവങ്ങൾ മുകളിലേക്കു വരുന്നതായി കാണുന്നു.''

''ആദ്യം വരുന്നയാളിൻെറ ആകൃതിയും പ്രകൃതിയും എന്തു്?''

''വൃദ്ധനായ ഒരു മനുഷ്യൻ മൂടിപ്പുതച്ചിട്ടുണ്ടു്, ഒരു പുതപ്പുകൊണ്ടു്.'' സാമുവേൽ വന്നുകഴിഞ്ഞിരിക്കുന്നു എന്നു മനസ്സിലാക്കിയ സാവൂൾ അവിടെ മുട്ടുകുത്തി സാഷ്ടാംഗപ്രണാമം ചെയ്തു. അപ്പോൾ സാമുവേൽ ചോദിക്കയാണു്: "സാവൂൾ, നീ എന്തിനെന്നെ അലട്ടി എൻെറ വിശ്രമത്തിൽ?''. സാവൂൾ മറുപടി പറഞ്ഞു: "ഞാൻ വളരെ ക്ലേശിക്കയാണു്. ഫിലിസ്ത്യായക്കാർ എനിക്കെതിരായി യുദ്ധം ചെയ്യുന്നു. ഞാൻ കർത്താവിനെ വിളിച്ചിട്ടു് അവിടുന്നു് ഒരു മറുപടിയും അരുളിച്ചെയ്യുന്നില്ല. ഞാൻ ഇനി എന്തുചെയ്യണമെന്നു് അങ്ങെങ്കിലും ഒന്നു പറയുക.''

"കർത്താവു നിൻെറ പക്കൽ നിന്നും ശത്രുപക്ഷത്തേക്കു മാറിയെങ്കിൽ പിന്നെ എനിക്കെന്താണു പറയാനുള്ളതു്? എൻെറ നാവുവഴിയായി കർത്താവു പറഞ്ഞിട്ടുള്ളതെല്ലാം നിനക്കു സംഭവിക്കും. നിനക്കു രാജ്യം നഷ്ടപ്പെടും. ദാവീദു് അതിൻെറ രാജാവായിത്തീരും. ഈ യുദ്ധത്തിൽ ഫിലിസ്ത്യായക്കാരുടെ കൈയിൽ ഇസ്രായേൽ ജനവും നീയും അകപ്പെടും. നാളെ നീയും നിൻെറ പുത്രന്മാരും എന്നോടുകൂടി ഈ സ്ഥലത്തു വന്നുചേരുകയും ചെയ്യും.''

സാമുവേലിൻെറ പ്രവചനങ്ങൾ ഭയങ്കരങ്ങളായിരുന്നു. ബോധരഹിതനായി നിലംപതിച്ചുപോയി സാവൂൾ. ആ ക്ഷുദ്രക്കാരി അപ്പവും വെള്ളവും കൊടുത്താണു്

അദ്ദേഹത്തെ ആശ്വസിപ്പിച്ചത്. രാത്രിയിൽതന്നെ അവർ മൂന്നുപേരും അവിടെനിന്നും തിരിച്ചുപോന്നു. യുദ്ധത്തിൽ ജോനാതാൻ, അബിനാദാബ്, മെൽക്കിസുവാ എന്നിവർ കൊല്ലപ്പെട്ടു. തൻെറ പുത്രന്മാരുടെ മരണം കണ്ടപ്പോൾ സാവൂൾ ഒരു വാളിൻെറ മുകളിലേക്കു വീണുമരിച്ചു. അങ്ങനെ സാമുവേലിൻെറ പ്രവചനം മുഴുവൻ നിറവേറി. ഇതാണ് ആ കഥ. ഇതിൽനിന്നും മന്ത്രവാദികളെപ്പററി നിങ്ങളുടെ അനുമാനമെന്ത്?"

എല്ലാവരും പരസ്പരം നോക്കി, അച്ചൻ ചോദിച്ചു നിറുത്തിയപ്പോൾ. വളരെക്കാലമായി താമസിച്ചിരുന്ന ഒരു ഭവനത്തിൽനിന്നും ഉടൻ പുറത്തിറങ്ങേണ്ടിവരുന്ന ഒരു പ്രതീതിയാണവർക്കുണ്ടായത്. പരേതരേയും മന്ത്രവാദികളേയും കുറിച്ച് പല മിഥ്യാബോധങ്ങളും അവർ വച്ചുപുലത്തിയിരുന്നു. ഇപ്പോൾ വേദപുസ്തകത്തിലെ സംഭവങ്ങളെത്തന്നെ അടിസ്ഥാനപ്പെടുത്തി ഫാദർ ഫിലിപ്പ് പറയുന്നു പരേതരുടെ ആത്മാവുകൾ ഭൂമിയിലുള്ളവർക്കു നന്മയേ ആഗ്രഹിക്കയുള്ളുവെന്നും മന്ത്രവാദികൾ എന്ന ഗണത്തിനു് പരേതരുടെമേൽ യാതൊരു ശക്തിയുമില്ലെന്നും. പക്ഷേ അച്ചാമ്മ ചോദിച്ചു: "മന്ത്രവാദികൾക്കു ശക്തിയൊന്നുമില്ലെങ്കിൽ സാവൂൾരാജാവു് സാമുവേലിനെ വിളിച്ചുവരുത്തുവാൻ എൻഡോറിലെ ക്ഷുദ്രക്കാരിയോടപേക്ഷിച്ചതെന്തിനു്? ക്ഷുദ്രക്കാരി സാമുവേലിനെ വരുത്തി എന്നും അച്ചൻ പറഞ്ഞല്ലൊ."

ആ കഥയുടെ ചില പ്രധാന ഭാഗങ്ങളിൽ ശ്രദ്ധ പതിക്കാഞ്ഞതുകൊണ്ടാണു് അച്ചാമ്മ അങ്ങനെയൊരു ചോദ്യം ചോദിച്ചതെന്നു് അച്ചനു തോന്നി. അദ്ദേഹം പറഞ്ഞു: "സാധാരണ ജനങ്ങളെപ്പോലെ സാവൂളും മന്ത്രവാദികളുടെ ശക്തിയിൽ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണു് അദ്ദേഹം എൻഡോറിലെ ക്ഷുദ്രക്കാരിയെ സമീപിച്ചതു്. എന്നാൽ ആ സ്ത്രീക്കു് ഒരബദ്ധം പററി

യതായിട്ട് വേദപുസ്തകത്തിൽ കാണുന്നു. ആ സ്ത്രീ മന്ത്രം ഉച്ചരിക്കുന്നതിനുമുമ്പേ സാമുവേൽ വന്നുകഴിഞ്ഞു. ആ സ്ത്രീ രംഗത്തു നിന്നും ഭയപ്പെട്ട് ഓടാൻ തുടങ്ങി. അവൾ പ്രതീക്ഷിച്ചതു് അവളുടെ സഹപ്രവൎത്തകനായ പിശാചുതന്നെ സാമുവേലിൻെറ വേഷത്തിൽ വരുമെന്നായിരുന്നു. പക്ഷേ അന്നു അങ്ങനെയല്ല സംഭവിച്ചതു്. സാവൂളിനെ ചില കാൎയ്യങ്ങൾ ഗ്രഹിപ്പിക്കുവാൻ ദൈവം തന്നെ തിരുമനസ്സായി. ക്ഷുദ്രക്കാരിയെ ദൈവം സാമുവേലിൻെറ ഉപദേഷ്ടാവാക്കിയെന്നു മാത്രം.

"സാധാരണഗതിയിൽ മന്ത്രവാദികളുടെ പ്രവൎത്തനംമൂലം പരേതരുടെ ആത്മാക്കളല്ല. പിശാചുക്കൾതന്നെയാണു് മററുള്ളവരുടെ പേരിൽ അഭിനയങ്ങൾ നടത്താറുള്ളതു്. എന്നാൽ അന്നു് സാമുവേലിനെ ദൈവം സാവൂളിൻെറ പക്കലേക്കു് അയച്ചു. ക്ഷുദ്രക്കാരിക്കും പിശാചുക്കൾക്കും അന്നവിടെ ഒന്നും പ്രവൎത്തിക്കുവാനുണ്ടായിരുന്നില്ല. സാമുവേൽ തൻെറ ദൗത്യം നല്കിക്കഴിഞ്ഞു് അപ്രത്യക്ഷനാകയും ചെയ്തു."

## വൈദികരും മന്ത്രവാദവും

മന്ത്രവാദികളെപ്പററിയും പിശാചുക്കളെപ്പററിയുമുള്ള അന്ധവിശ്വാസങ്ങൾക്കു കോട്ടംതട്ടുന്ന രീതിയിലുള്ള അച്ചൻെറ പ്രഭാഷണം ജോയിക്കാണു് ഏററം ഇഷ്ടപ്പെട്ടതു്. അയാൾ ചോദിച്ചു: "അച്ചാ, മന്ത്രവാദികൾ വയററുപിഴപ്പിനുവേണ്ടി ചില തന്ത്രങ്ങൾ പ്രയോഗിക്കുന്നേയുള്ളു എന്നു ഞങ്ങൾക്കു വിശ്വാസമായി. പിശാചിൻെറമേൽ വൈദികൎക്കു അധികാരമുണ്ടെന്നു ഞങ്ങൾക്കറിയാം. എന്നാൽ അതു സംബന്ധിച്ചു് ചില വൈദികൎക്കു കൂടുതൽ അധികാരങ്ങൾ ഉണ്ടോ? ചിലൎക്കു "ചെകുത്താൻ പിടിത്തക്കാർ" എന്ന പേരുതന്നെ ഉള്ള

തായി കേൾക്കുന്നു. അവർക്കു മന്ത്രവാദം അറിയാമെന്നാണു മനുഷ്യരുടെ ഇടയിലുള്ള ധാരണ."

"ജോയി പറയുന്നതു ശരിയാണ്. പിശാചുക്കളെ ഓടിക്കുവാൻ ചില വൈദികർക്കു കൂടുതൽ സാമർത്ഥ്യമുണ്ടെന്നു ജനങ്ങൾ എങ്ങനെയോ ധരിക്കുന്നു. അതിനു കാരണമെന്തെന്നു ചോദിച്ചാൽ രണ്ടു കൂട്ടർക്കും ഒന്നും പറയാനുണ്ടായിരിക്കയില്ല. എല്ലാ വൈദികരേയും സംബന്ധിച്ച ഒരു വാസ്തവമുണ്ട്. അവർ മൂന്നാംപട്ടം സ്വീകരിക്കുന്നതോടുകൂടി പിശാചിനെ ഓടിക്കുവാനുള്ള അധികാരവും അവർക്കു കിട്ടുന്നു. പിശാചിനെ ഒഴിക്കുവാനുള്ള ദിവ്യമന്ത്രവും അവർ പഠിക്കണം. എന്നാൽ ലാവോദിക്കൻ സൂനഹദോസിലെ 26-ാം കാനോൻ വൈദികരല്ലാത്തവരെ അനുവദിക്കുന്നില്ല. പിശാചുക്കളെ ഒഴിക്കുവാൻ ഒന്നാം ഇന്നസെൻറ് മാർപ്പാപ്പാ ഒരു കല്പനകൂടി നല്കി, രൂപതാദ്ധ്യക്ഷൻെറ പ്രത്യേക അനുമതികൂടാതെ യാതൊരു വൈദികനും പിശാചുബാധിതരുടെമേൽ അധികാരം പ്രയോഗിക്കരുതെന്ന്.

"ഈ അധികാരത്തിൽ തരവ്യത്യാസമുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നുതന്നെ ഞാൻ പറയും. എന്നാൽ ചിലരിൽ കാണുന്ന പ്രത്യേകതയുടെ അർത്ഥമെന്ത് എന്നായിരിക്കും അടുത്ത ചോദ്യം. ചിലരിൽ പ്രത്യേകതയുണ്ടാകാമെന്നു ഞാൻ സമ്മതിക്കുന്നു. രണ്ടു കാരണങ്ങളേ അതിനുണ്ടായിരിക്കൂ. ഒന്ന്, മേലദ്ധ്യക്ഷനിൽനിന്നും പ്രത്യേകാധികാരം അവർക്കു സിദ്ധിച്ചിരിക്കാം. രണ്ട്, അവരുടെ ജീവിതപരിശുദ്ധി. പിശാചുക്കളെ ഒഴിക്കുവാൻ കഴിയണമെങ്കിൽ എന്തുചെയ്യണമെന്നു നമ്മുടെ കർത്താവു തന്നെ പറഞ്ഞിട്ടുണ്ടല്ലോ അതെന്താണെന്ന് ആലീസ് ഓർക്കുന്നുണ്ടോ?"

ആലീസ് അല്പം ചിന്തിച്ചിരുന്നിട്ടു പറഞ്ഞു: "ഉവ്വച്ചാ. വി. മർക്കോസിൻെറ സുവിശേഷം 9-ാം അ

ദ്ധ്യായത്തിൽ "ഉപവാസവും പ്രാർത്ഥനയുംകൊണ്ടല്ലാതെ മററൊന്നുകൊണ്ടും പുറപ്പെട്ടുവാൻ ഈ വർഗ്ഗം കൂട്ടാക്കുകയില്ല" എന്നു നമ്മുടെ കർത്താവു തൻെറ ശിഷ്യന്മാരോടരുളിച്ചെയ്തിട്ടുണ്ട്."

"അതു ശരി. അതിനാൽ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു വൈദികനിൽ പ്രത്യേകതകൾ ഉണ്ടെങ്കിൽ അതൊരത്ഭുതമല്ല. എന്നാൽ തൻെറ മേലധികാരിയിൽ നിന്നും പ്രത്യേകാധികാരമോ, ഉപവസിച്ചും പ്രാർത്ഥിച്ചും കൈവന്നിട്ടുള്ള പരിശുദ്ധിയോ ഇല്ലാത്ത ഒരു വൈദികനെപ്പററി ജനങ്ങൾ പറയുന്നതു്, അദ്ദേഹം പിശാചിനെ ഓടിക്കുവാൻ ഒരു വിദഗ്ദ്ധനാണെന്നാണെങ്കിൽ അദ്ദേഹം ഒന്നുകിൽ വഞ്ചിക്കപ്പെട്ടിരിക്കുന്നു, അല്ലെങ്കിൽ ജനങ്ങൾ. ഇരുകൂട്ടരും വഞ്ചിക്കപ്പെടുക എന്നു മൂന്നാമതൊന്നുമാകാം.

"ജനങ്ങൾ ഒരു കാര്യം ചെയ്യേണ്ടതുണ്ട്. പൈശാചികോപദ്രവം ഉണ്ടെന്നു സംശയമുള്ളപ്പോൾ വിവരം ഇടവകവികാരിയെ ധരിപ്പിക്കുക. ആ കേസ് അദ്ദേഹത്തിനു വിട്ടുകൊടുക്കുക. അദ്ദേഹം നിർദ്ദേശിക്കുന്ന പ്രതിവിധികൾ ചെയ്യുക. മറെറാരു വൈദികനെപ്പററി കൂടുതൽ കേൾവിയുണ്ടെങ്കിൽ അദ്ദേഹത്തിനു മേലധികാരിയിൽനിന്നും പ്രത്യേകാധികാരം ലഭിച്ചിട്ടുണ്ടോ എന്നും തപസ്സിലും പ്രാർത്ഥനയിലും അദ്ദേഹം വിദഗ്ദ്ധനാണോ എന്നുമാണന്വേഷിക്കേണ്ടതു്."

സെലിനു വളരെ സന്തോഷമായി. രണ്ടു ചോദ്യങ്ങളാണു് അവൾ ചോദിച്ചതു്. അയൽപക്കത്തെ വീട്ടിൽ അർദ്ധരാത്രിക്കു് മുട്ടുംതട്ടും കേൾക്കുന്നതു് മരിച്ചുപോയ അവിടത്തെ കുടുംബനാഥൻ തിരിച്ചുവരുന്നതുകൊണ്ടാണോ എന്നായിരുന്നല്ലൊ ആദ്യത്തെ ചോദ്യം. വളരെ അസാധാരണമായ സാഹചര്യങ്ങളിൽ ആ കുടും

ബത്തിന്റെ ഭാവിനന്മയ്ക്കുവേണ്ടി അവിടത്ത് മരിച്ചവരിൽ ചിലർ തിരിച്ചുവരുവാൻ ദൈവം അനുവദിച്ചേക്കാം എന്നവൾ മനസ്സിലാക്കി. രണ്ടാമത്തെ ചോദ്യം വൈദികരുടെ അധികാരത്തെ ഉദ്ദേശിച്ചായിരുന്നു. സുദീർഘമായ മറുപടിയിൽനിന്ന് അതിന്റെ ശരിയായ തത്വങ്ങളും അവൾ ഗ്രഹിച്ചു. എല്ലാവരുടേയും നാമത്തിൽ അവൾ ഫാദർ ഫിലിപ്പിനു കൃതജ്ഞത പറയുകയുണ്ടായി.

PALACKAL JEEVASS LIBRARY KENDRAM
12268

Printed and Published for the
Proprietor by Rev. Fr. Wilfrid C. M. I.
at the St. Joseph's Press,
Mannanam, 1961.

# അസന്തുഷ്ടനാണോ?

ജി. സി. ടിലാർ